G 08
CA 19

...THIPUZHA...

# ക്രിസ്തീയവിവാഹം

8
CAS.

A. M. D. G.

CANCELLED.
S. H. ... CHERRY. ... METRIPOZHA.

# ക്രിസ്തീയ വിവാഹം.

൧൧-ാംപീയോസ് മാർപ്പാപ്പായുടെ
൧൯൩൦ ധനു ൩൧-ലെ 'കാസ്തികൊൺന്നുബിയി'
തിരുവെഴുത്ത്

DHARMARAM COLLEGE LIBRARY, BANGALORE.
15912
R
G 08
1922 CAS
P

(A Reprint from the 'Nazrani Deepika', 1931,)

രാ
മായി
പുതി
വിയി

# ക്രിസ്തീയ വിവാഹം.

അപ്പസ്തോലിക സിംഹാസനവുമായി
സമാധാനത്തിലും ഐക്യത്തിലും വൎത്തിക്കുന്ന
പാത്രിയൎക്കീസന്മാരും പ്രീമാത്തന്മാരും
മെത്രാപ്പോലീത്താമാരും ഇതര സ്ഥാനീയ ധൎമ്മാദ്ധ്യക്ഷ
ന്മാരുമായ നമ്മുടെ വന്ദ്യ സഹോദരന്മാൎക്ക്,
കുടുംബത്തേയും സമുദായത്തെയും ബാധിക്കുന്ന
ആധുനികാവസ്ഥകളേയും ആവശ്യങ്ങളേയും
അബദ്ധങ്ങളേയും ദൂഷ്യങ്ങളേയും
അധികരിച്ച്,

## ക്രിസ്തീയ വിവാഹത്തെക്കുറിച്ച്

൧൧-ാം പീയോസ്

## പാപ്പാ.

വന്ദ്യ സഹോദരന്മാരേ,

സ്വാസ്ഥ്യവും ശ്ലൈഹികാശിസ്സും.

നിത്യപിതാവിൻെറ കുമാരനായ നമ്മുടെ കൎത്താവീശോമിശിഹാ നശിച്ചുപോയ മനുഷ്യൻെറ സ്വഭാവത്തെ സ്വീകരിച്ച് നരകുലത്തെ രക്ഷിക്കുന്നതിനായി സ്നേഹപരമായ ആശയോടെ വിവാഹത്തെ ഗാർഹിക സമുദായത്തിൻെറയും തദ്വാരാ സമസ്ത മാനുഷ സംസൎഗ്ഗത്തിൻെറയും മൂലവും അടിസ്ഥാനവുമായി പ്രത്യേകവിധം കല്പിച്ച് സ്ഥാപിച്ചു. ഇതിനും പുറമേ, പുതിയ നിയമത്തിലെ ഒരു വലിയ യഥാൎത്ഥക്രൂദാശയുടെ പദവിയിലേക്ക് അതിനെ ഉയൎത്തുകയും അതിൻെറ ദിവ്യമായ സം-

സ്ഥാപനത്തിൻെറ അദിമ പരിശുദ്ധാവസ്ഥയിലേക്ക് പുനരാനയിക്കയും ഇങ്ങനെ അതിൻെറ സൽനിയമങ്ങളും സംരക്ഷണവും അവിടത്തെ മണവാട്ടിയായ സഭയെ ഭരപ്പെടുത്തുകയും ചെയ്തു. ഇതിൽനിന്നു പാതിവ്രത്യപരമായ ദാമ്പത്യാവസ്ഥയുടെ മാഹാത്മ്യം എത്രകണ്ടു വലുതാണെന്നു നന്നായി ഗ്രഹിക്കാവുന്നതാണ്.

എന്നാൽ വിവാഹത്തിൻെറ ഈ പുനഃസ്ഥാപനത്തിൽ നിന്ന് എല്ലാ ജാതികൾക്കും എല്ലാ കാലങ്ങളിലും ഉദ്ദേശിച്ച ഫലം കിട്ടുന്നതിന് ആദ്യമായിത്തന്നെ ഇതു സംബന്ധിച്ച മ്ശിഹായുടെ യഥാൎത്ഥമായ ഉപദേശത്താൽ മനുഷ്യരുടെ മനസ്സ് പ്രകാശിതമാകേണ്ടതു് അത്യാവശ്യമാണ്. രണ്ടാമതായി ക്രിസ്തീയ ദമ്പതിമാർ അവരുടെ മനസ്സിൻെറ ബലഹീനത ആന്തരികമായ ദൈവവരത്താൽ ബലവത്തരമായിട്ട് യഥാൎത്ഥമായ സമാധാനവും സൌഭാഗ്യവും തങ്ങൾക്കും കുടുംബങ്ങൾക്കും സിദ്ധിക്കത്തക്കവണ്ണം തങ്ങളുടെ ചിന്താപ്രവൎത്തനപദ്ധതികളെ മിശിഹായുടെ ഈ വിശുദ്ധ പ്രമാണത്തിന് അനുയോജ്യമായി രൂപവൽക്കരിക്കേണ്ടിയിരിക്കുന്നു.

## മനുഷ്യവൎഗ്ഗത്തോടുള്ള പ്രഭാഷണം.

ഒരു കാവൽഗോപുരത്തിൽ എന്നോണം ഈ അപ്പസ്തോലിക സിംഹാസനത്തിൽ ഇരുന്നുകൊണ്ട് ലോകമാസകലം പിതൃനിൎവ്വിശേഷമായ ദൃഷ്ടികളാൽ സംവീക്ഷണം ചെയ്യുന്ന നമ്മെപ്പോലെതന്നെ, വന്ദ്യസഹോദരന്മാരെ, നിങ്ങളും ഒട്ടനേകം ആളുകൾ മനുഷ്യരക്ഷയെന്ന ആ ദിവ്യമായ വേല മറന്നുകൊണ്ട് ക്രിസ്തീയ ദാമ്പത്യത്തിൻെറ പരമമായ പവിത്രതയെ പാടെ തിരസ്കരിക്കയോ, നിർലജ്ജം നിഷേധിക്കയോ, അല്ലെങ്കിൽകുടിലമായ ഒരു നവീന നീതിശാസ്ത്രത്തിൻെറ മിഥ്യാതത്വങ്ങളെ ആസ്പദമാക്കി അതിനെ ചവട്ടി മെതിക്കയൊ ചെയ്യുന്നതായി കാണുകയും, കണ്ടുകൊണ്ട് നമ്മോടുകൂടി അനല്പമായി ഖേദിക്കയും ചെയ്യുന്നുണ്ടല്ലോ. നാശകരങ്ങളായ ഏതാദൃശാബദ്ധങ്ങളും ദുരാചാരങ്ങളും വിശ്വാസികളുടെ ഇടയിൽപോലും പ്രചരിക്കാൻ തുടങ്ങിയിട്ടുണ്ടെന്നും, അതുകൾ ക്രമേണ ശക്തിപ്പെട്ടുവരുന്നുണ്ടെന്നും കാണുന്നതിനാൽ ഭൂമിയിൽ മ്ശിഹായുടെ പ്രതി പുരു-

ഷനും പ്രധാനാജപാലകനും ഉപദേഷ്ടാവും എന്ന ഔദ്യോഗിക നിലയിൽ നമ്മുടെ സ്വരം ഉയർത്തി, നമ്മുടെ സൂക്ഷത്തിനു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന അജഗണത്തെ വിഷലിപ്തങ്ങളായ മേച്ചിൽ സ്ഥലങ്ങളിൽ നിന്നകററി നാശക്രൂപത്തിൽ നിപതിക്കാതെ യഥാശക്തി സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണെന്ന് നാം കരുതുന്നു.

വന്ദ്യസഹോദരന്മാരെ, നിങ്ങളോടും നിങ്ങൾവഴി മിശിഹായുടെ സഭ മുഴുവനോടും, എന്നല്ല മനുഷ്യവർഗ്ഗത്തോടു അസകലം, നാം പ്രതിപാദിക്കാൻ നിശ്ചയിച്ചിരിക്കുന്നത്, ക്രിസ്തീയ വിവാഹത്തിൻെറ സ്വഭാവത്തെയും, മാഹാത്മ്യത്തേയും, കുടുംബത്തിനും മനുഷ്യസമുദായത്തിനു തന്നെയും അതിൽ നിന്നു അനുഭൂതമാകുന്ന ഗുണങ്ങളെയും പ്രയോജനങ്ങളേയും സുവിശേഷത്തിലെ സർവ്വപ്രധാനമായ ഈ ഉപദേശത്തിനു വിപരീതമായ അബദ്ധങ്ങളെയും ദാമ്പത്യൈക്യത്തിനു വിരുദ്ധങ്ങളായ അധർമ്മങ്ങളേയും, കടശി ഇവയ്ക്കു പ്രയോഗിക്കേണ്ട പ്രധാന പ്രതിവിധികളെയും കുറിച്ചാണ്. ഈ ഉദ്യമത്തിൽ നമ്മുടെ മുൻഗാമി ഭാഗ്യസ്മരണാർഹനായ പതിമൂന്നാംലെയോൻ മാർപ്പാപ്പായുടെ പാദപംക്തികളെ നാം അനുഗമിക്കയും അമ്പതു വത്സരം മുമ്പ് പ്രസിദ്ധീകൃതമായ "അക്കാനും" (Arcanum) എന്നാരംഭിക്കുന്ന അദ്ദേഹത്തിൻെറ ചാക്രികലേഖനത്തെ ഇത്തരുണത്തിൽ നാം സ്ഥിരീകരിക്കയും, നമ്മുടേതായി സ്വീകരിക്കയും ചെയ്യുന്നു. അതോടുകൂടി അതിലെ ഏതാനും ഭാഗങ്ങളെ ഇക്കാലത്തെ അവസ്ഥാന്തരങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ചു കൂടുതൽ വിശദമായി വ്യാഖ്യാനിക്കാൻ നാം ആഗ്രഹിക്കുന്നുണ്ടെങ്കിലും ആ ലേഖനം ലുപ്തപ്രയോഗമാകാതെ ഇന്നും പൂർണ്ണമായി ഊർജ്ജിതത്തിൽ ഇരിക്കുന്നുവെന്ന് നാം പ്രസ്താവിച്ചുകൊള്ളുന്നു.

വിവാഹത്തിൻെറ ദിവ്യസ്ഥാപനത്തേയും കൂദാശപരമായ മഹത്വത്തേയും ശാശ്വതസ്ഥായിത്വത്തേയും സുരക്ഷിതമാക്കിച്ചെയ്യുന്നതിന് പൂർണ്ണമായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന ആ ലേഖനത്തെത്തന്നെ പ്രാരംഭമായി സ്വീകരിച്ചുകൊണ്ടു്, വിവാഹത്തിൻെറ സ്ഥാപനപുനസ്ഥാപനങ്ങൾ നിർവ്വഹിച്ചതു് മനുഷ്യനല്ല ദൈവം തന്നെയാണ്. അതിനെ ദൃഢീകരിക്കുന്നതിനും സ്ഥിരീകരിക്കുന്നതിനും ഉന്നമിപ്പിക്കുന്നതിനും വേണ്ടനിയമങ്ങളെ നിർമ്മിച്ചതും മനുഷ്യനല്ല, പ്രകൃതിയുടെ കർത്താവായ ദൈവവും പ്ര

കൃതിയുടെ ഉദ്ധാരകനായ നമ്മുടെ കർത്താവ് ഈശോമ്ശിഹായുമാണ്; ആകയാൽ ഈ നിയമങ്ങൾ മാനുഷശാസനങ്ങൾക്കോ ഏതദ്വിപരീതമായി ദമ്പതിമാർതന്നെ ചെയ്യുന്ന വല്ല ഉടമ്പടികൾക്കോ അധീനമല്ല എന്ന വസ്തുത അവ്യയവും അലംഘ്യവുമായ മൌലികതത്വമായി ആവർത്തിച്ചു പറഞ്ഞുകൊള്ളട്ടെ. ഇതാണ് വിശുദ്ധലിഖിതങ്ങളിലെ ഉപദേശം. ഇതുതന്നെ സാർവ്വത്രിക സഭയുടെ നിരന്തരമായ പാരമ്പര്യപഠനവും. ത്രെന്തിൽ സമ്മേളിച്ച വി. സൂനഹദോസിന്റെ ഗംഭീരമായ നിർണ്ണയവും ഇതുതന്നെ. പ്രസ്തുതസംഘം വിവാഹബന്ധത്തിന്റെ ചിരസ്ഥായിത്വത്തിന്റെയും ഏകത്വത്തിന്റെയും ദൃഢതയുടെയും ഹേതുഭൂതൻ ദൈവമാണെന്ന് വി. ലിഖിതത്തിലെ വാക്കുകളിൽ നിന്നുതന്നെ പ്രസ്താവിക്കയും സമർത്ഥിക്കുകയും ചെയ്യുന്നു.

## 1. വിവാഹം ദൈവസ്ഥാപിതമാണ്.

ഇങ്ങനെ വിവാഹം പ്രകൃത്യാതന്നെ ഒരു ദിവ്യസ്ഥാപനമാണെന്നു വരികിലും മനുഷ്യന്റെ മനസ്സും അതിൽപ്രവേശിച്ച് അതിശ്രേഷ്ഠമായ ഒരു ഭാഗം നിർവ്വഹിക്കുന്നുണ്ട്. എങ്ങിനെയെന്നാൽ ഓരോവിവാഹവും ഒരു പ്രത്യേകപുരുഷന്റെയും സ്ത്രീയുടെയും ദാമ്പത്യൈക്യമായിരിക്കകാരണത്താൽ ദമ്പതിമാരോരോരുത്തരുടേയും സ്വതന്ത്രമനസ്സിൽനിന്നുള്ള സമ്മതികൊണ്ട് മാത്രമെ അതു് സംഭൂതമാകയുള്ളു. ഉഭയകക്ഷികളും യാതൊന്നുമൂലം വിവാഹാന്തസ്സിനു് അനുയോജ്യമായ അവകാശങ്ങളെ പരസ്പരം അർപ്പിക്കയും സ്വീകരിക്കയും ചെയ്യുന്നുവൊ ആ മനസ്സിന്റെ സ്വതന്ത്രപ്രവൃത്തി യഥാർത്ഥവിവാഹത്തെ ഉളവാക്കാൻ അത്യന്താപേക്ഷിതമാണ്. തന്നിമിത്തം യാതൊരുമാനുഷികശക്തിക്കും അതിനു പകരമായിരിക്കാൻ സാധിക്കയില്ല. (C. J. C. 1081) ഈ സ്വാതന്ത്ര്യമാവട്ടെ ഉടമ്പടി ചെയ്യുന്ന കക്ഷികൾ സാക്ഷാൽ വിവാഹാന്തസ്സിൽ പ്രവേശിക്കാൻ മനസ്സാകുന്നൊ അഥവാ ഏതെങ്കിലും ഒരു പ്രത്യേകവ്യക്തിയെ വിവാഹംചെയ്യുന്നോ എന്ന വിഷയത്തെ മാത്രമേ പരാമർശിക്കുന്നൊള്ളു. വിവാഹത്തിന്റെ പ്രകൃതി മനുഷ്യന്റെ സ്വതന്ത്രമനസ്സിനെ ഒട്ടും ആശ്രയിച്ചല്ലിരിക്കുന്നതു്. അതുകൊണ്ട് ആരെങ്കിലും ഒരിക്കൽ വിവാഹം ചെയ്തുകഴിഞ്ഞാൽപിന്നെ അതുമൂലം അയാൾ അതിന്റെ ദൈ

വദത്തമായ നിയമങ്ങൾക്കും മുഖ്യമായ ധർമ്മങ്ങൾക്കും വിധേയനായി ഭവിക്കുന്നു. മാലാഖാസ്സൂട്ടത്ത തോമ്മാ മല്പാൻ ദാമ്പത്യാവസ്ഥയുടെ ഉൽകൃഷ്ടതയേയും വിവാഹഫലമായ സന്താനത്തേയും പററി പ്രതിപാദിക്കയിൽ ഇങ്ങനെ പറയുന്നു. „വിവാഹവാഗ്ദാനംമൂലം തന്നെ ഇവ വിവാഹത്തിൽ ഉൾപ്പെട്ടുകിടക്കുന്നതിനാൽ വിവാഹത്തെ ഉളവാക്കുന്ന മനസ്സമ്മതിയിൽ ഇതിനു വിപരീതമായി എന്തെങ്കിലും പ്രകടിതമായിട്ടുണ്ടെങ്കിൽ അതു് ഒരു യഥാർത്ഥ വിവാഹമാകയില്ല.”

ആകയാൽ വിവാഹത്തിനു് ഉടമ്പടിചെയ്യുന്ന കക്ഷികളുടെ ആത്മാക്കൾ അവരുടെ ശരീരങ്ങളേക്കാൾ ഉപരി സ്പഷ്ടമായും ഗാഢമായും ഒന്നിച്ചു് ബന്ധിക്കപ്പെടുന്നു. അതു് ഐന്ദ്രികമോ ചൈതന്യപരമോ ആയ വല്ല താൽക്കാലിക വികാരത്താലല്ല, പ്രത്യുത മനസ്സിന്റെ ദൃഢവും ആലോചനാപൂർവ്വവുമായ പ്രവൃത്തിയാലാണതാനും. ആത്മാക്കളുടെ ഐക്യത്തിൽ നിന്നു് ദൈവനിശ്ചയത്താൽ പരിപാവനവും അലംഘ്യവുമായ ഒരു ബന്ധം സംജാതമാകുന്നു. ആകയാൽ ഈ ഉടമ്പടിയുടെ പ്രകൃതി ഇതിനുമാത്രം സ്വന്തവും പ്രത്യേകവുമായ ഒന്നാണ്. അതു് ബുദ്ധിയുടെയോ സ്വതന്ത്രമനസ്സിന്റെയോ പ്രവർത്തനത്തിനു് യാതൊരു സ്ഥാനവുമില്ലാതെ അന്ധമായ പ്രകൃതിബോധത്താൽ മൃഗങ്ങൾ ഏർപ്പെടുന്ന ഐക്യത്തിൽനിന്നും, മനസ്സുകളുടെ വാസ്തവികവും പൂജ്യവുമായ സംയോഗത്തിൽനിന്നും ബഹുവിദൂരമായും, കുടുംബജീവിതത്തിന്റെ യാതൊരവകാശത്തേയും അനുഭവിക്കാതെയുമുള്ള മനുഷ്യരുടെ ആകസ്മികമായ സമാഗമത്തിൽനിന്നും നിശ്ശേഷം ഭിന്നമായുമിരിക്കുന്നു.

## വിവാഹത്തിനുള്ള അവകാശത്തെ പ്രമാണത്തിനു നീക്കാവുന്നതല്ല.

ഇതിൽ നിന്നു് വിശദമാകുന്നതു് യുക്തിക്കും പ്രകൃതിക്കും വിരുദ്ധങ്ങളായ നീചസംയോഗങ്ങളെ നിരോധിക്കുന്നതിനും തടയുന്നതിനും ശിക്ഷിക്കുന്നതിനും ന്യായമായി സംസ്ഥാപിതമായിരിക്കുന്ന അധികാരത്തിനു അർഹതയും ചുമതലയും ഉണ്ടെന്നാണ്. എന്നാൽ ഇതു് മനുഷ്യന്റെ പ്രകൃതിയിൽ നിന്നു തന്നെ പുറപ്പെടുന്ന ഒന്നാകയാൽ നമ്മുടെ മുൻഗാമി ഭാഗ്യ

സ്മരണാർഹനായ പതിമൂന്നാം ലെയോൻ പാപ്പായുടെ താഴെ ചേർത്തിരിക്കുന്ന ഉപദേശം ഇതുപോലെതന്നെ ദൃഢമായതാണ്. ജീവിതാന്തസ്സ് തിരഞ്ഞെടുക്കുന്ന കാര്യത്തിൽ ഏതെങ്കിലും ഒരന്തസ്സിനെ അപേക്ഷിച്ചു മറ്റൊന്നിനെ സ്വീകരിക്കുക, അതേ ഈശോമ്ശിഹായാൽ ഗുണദോഷപരമായി നിർദ്ദിഷ്ടമായിരിക്കുന്ന കന്യാവ്രതത്തെ ആശ്ലേഷിക്കയോ അല്ലെങ്കിൽ വിവാഹബന്ധത്താൽ സ്വയം ബന്ധിതനാകയൊ ചെയ്ക എന്നതു ഓരോരുത്തന്റെയും അധികാരത്തിലും വിവേകത്തിലും പെട്ടതാണ്. മനുഷ്യന്റെ നൈസർഗ്ഗികവും പ്രാഥമികവുമായ വിവാഹാവകാശത്തെ ഇല്ലാതാക്കുന്നതിനൊ നിങ്ങൾ വർദ്ധിച്ചു പെരുകുവിൻ എന്ന വാക്കുകളാൽ ആദിയിൽ ദൈവം തന്നെ നിശ്ചയിച്ച വിവാഹത്തിന്റെ പരമോദ്ദേശ്യങ്ങളെ ഏതെങ്കിലും വിധത്താൽ പരിമിതപ്പെടുത്തുന്നതിനൊ മനുഷ്യനിർമ്മിതമായ നിയമങ്ങൾക്കു അധികാരമില്ലാത്തതാകുന്നു.

തന്നിമിത്തം ഒരു യഥാർത്ഥ വിവാഹത്തിന്റെ പവിത്രമായ പങ്കുകൊള്ളൽ ഉളവാക്കപ്പെടുന്നതു് ദൈവതിരുമനസ്സും മനുഷ്യമനസ്സുംകൊണ്ടാണ്. വിവാഹസ്ഥാപനം തന്നെയും അതു യാതൊന്നിനായി സ്ഥാപിതമായോ ആ ഉദ്ദേശ്യങ്ങൾ, അതിനെ ഭരിക്കുന്ന നിയമങ്ങൾ, അതിൽ നിന്നുൽഭൂതമാകുന്ന ഗുണങ്ങൾ ഇവ എല്ലാം ദൈവത്തിൽനിന്നു് വരുന്നു. മനുഷ്യനോ എന്നാൽ ശേഷിച്ചിരിക്കുന്ന ആയുഷ്ക്കാലം മുഴുവനും സ്വന്ത ദേഹത്തെ അപരനു് ഉദാരസമർപ്പണം ചെയ്തുകൊണ്ട് ദൈവസഹായ സഹകരണങ്ങളാൽ ദിവ്യമായ അതിന്റെ സ്ഥാപനം മൂലം വിവാഹത്തോട് അനുബന്ധിതമായിരിക്കുന്ന കടമകളോടും ഗുണങ്ങളോടും കൂടെ ഓരോ പ്രത്യേക വിവാഹത്തിന്റെയും കാരണഭൂതനായിത്തീരുന്നു.

## 11. വിവാഹാനുഗ്രഹങ്ങൾ.

വന്ദ്യസഹോദരരെ, ദൈവം യഥാർത്ഥ വിവാഹത്തോടു അനുബന്ധിപ്പിച്ചിരിക്കുന്ന നന്മകൾ ഏവയെന്നും അവ എത്രകണ്ടു വിപുലങ്ങളെന്നും വിശദീകരിക്കാൻപോകുന്ന ഈ സന്ദർഭത്തിൽ തിരുസഭയുടെ വിശ്വവിശ്രുതനായ യാതൊരു വേദപാരംഗതന്റെ സ്മരണോത്സവം അദ്ദേഹത്തിന്റെ മരണത്തിന്റെ പ

തിനഞ്ചാം ശതവത്സരാഘോഷം പ്രമാണിച്ച് ഈയിടെ (Ad salutem) ആദ്സല്യൂത്തെം എന്ന ചാക്രികലേഖനദ്വാരാ നാം കൊണ്ടാടിയോ, ആ വിശുദ്ധ അഗുസ്തീനോസിൻെറ വചനങ്ങളാണ് നമ്മുടെ സ്മരണാപഥത്തിൽ ഉദിക്കുന്നത്. അദ്ദേഹം പറയുന്നു, "സന്താനം, പാതിവ്രത്യം, കൂദാശ ഇവ മൂന്നാണ് വിവാഹത്തിൽ നിന്നുളവാകുന്ന നന്മ മുഴുവനും. ഇവമൂലം വിവാഹം തന്നെ ഒരു അനുഗ്രഹമായി ഭവിച്ചിരിക്കുന്നു." ക്രിസ്തീയവിവാഹം സംബന്ധിച്ചുള്ള പൂർണ്ണമായ ഉപദേശത്തിൻെറ ഒരു വിശിഷ്ടസംക്ഷേപം ഈ മൂന്നു അധികരണങ്ങളിൽ എങ്ങിനെ അടങ്ങിയിരിക്കുന്നുവെന്നും പ്രസ്തുത വേദപാരംഗതൻ തന്നെ സ്പഷ്ടമായി പ്രസ്താവിക്കുന്നു. "പാതിവ്രത്യം മൂലം വിവാഹത്തിനു പുറമേ ഇതര പുരുഷനോടോ സ്ത്രീയോടോ സംസർഗ്ഗം ഉണ്ടാകാതിരിപ്പാനും, സന്താനോല്പാദനം പ്രേമപൂർവ്വം നിർവ്വഹിപ്പാനും, സന്താനസംരക്ഷണം കരുണാർദ്രദൃഷ്ട്യാ നിവർത്തിക്കുന്നതിനും, മതപരമായ അന്തരീക്ഷത്തിൽ അവരെ വളർത്തുന്നതിനും കൂദാശപരമായ നിലയെ സംബന്ധിച്ചിടത്തോളം, വിവാഹബന്ധത്തിന് യാതൊരു ഭംഗവും വരുത്തരുതെന്നും, ഭർത്താവോ ഭാര്യയോ ആരെങ്കിലും വിയോജിക്കപ്പെട്ടാൽ സന്താന ലബ്ധിക്കായി പോലും അന്യയാളുമായി സമാഗമിക്കരുതെന്നും വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നു. പ്രകൃതിയുടെ ഫലദായകത്വത്തെ അലംകൃതമാക്കുകയും അമിതത്വത്തെ നിരോധിക്കുകയും ചെയ്യുന്ന വിവാഹപ്രമാണമായി ഇതിനെ നാം ഗണിക്കുന്നു."

## സന്താനത്തിനു പ്രഥമസ്ഥാനം.

ഇങ്ങനെ വിവാഹത്തിൽ നിന്നുൽഭൂതമാകുന്ന നന്മകളിൽ പ്രഥമസ്ഥാനം സന്താനത്തിനാണ്. ജഗൽകർത്താവുതന്നെ അവിടുത്തെ കൃപാതിരേകത്താൽ സന്താനപരമ്പരോല്പത്തിയിൽ മനുഷ്യരെ ഉപകർത്താക്കന്മാരായി വിനിയോഗിക്കുന്നതിനു അഭിവാഞ്ഛിച്ചുകൊണ്ട് പറുദീസായിൽച്ച വിവാഹത്തെ സ്ഥാപിക്കയിൽ നമ്മുടെ ആദിമാതാപിതാക്കന്മാരോടും അവർവഴി ഭാവിയിലുള്ള സമസ്ത ദമ്പതിമാരോടും "നിങ്ങൾ പെരുകി വർദ്ധിച്ചു ഭൂമിയിൽ നിറയുവിൻ" എന്നരുളിച്ചെയ്യുമ്പോൾ പഠിപ്പിച്ചത് ഇതുതന്നെയാണ് സംശയമില്ല. വി. പൌലോസു

ശ്ലീഹാ തിമോത്തേവൂസിനോടു "യുവതികൾ വിവാഹം ചെയ്യുന്നമെന്നു ഞാൻ അഗ്രഹിക്കുന്നു" എന്നു പറഞ്ഞിട്ടുള്ളതിൽനിന്നു വി. അഗുസ്തീനോസ് ഭംഗിയായി അനുമാനിക്കുന്നു. "അകയാൽ വിവാഹം സന്താനോൽപ്പാദനത്തിനായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതിലേക്കു ശ്ലീഹാതന്നെ സാക്ഷിയാണ്. "എന്തെന്നാൽ "എന്തിനായിട്ടു" എന്നു വല്ലവരുംതന്നോടു ചോദിച്ചിട്ട് എന്നപോലെ അദ്ദേഹം ഉടനെ തുടർന്നുപറയുന്നു. "കുട്ടികളെ പ്രസവിക്കുന്നതിനും കുടുംബമാതാക്കൾ ആകുന്നതിനും വേണ്ടി തന്നെ."

ഇതു എത്ര വലിയ ദൈവാനുഗ്രഹവും വിവാഹത്തിന്റെ എത്ര മഹത്തായ ഫലവും ആണെന്നു മനുഷ്യന്റെ ഉൽകൃഷ്ടപദത്തേയും പരമാന്ത്യത്തെയുംപററിയുള്ള നിരൂപണത്തിൽനിന്നും വ്യക്തമാകുന്നതാണ്. എന്തുകൊണ്ടെന്നാൽ മനുഷ്യൻ ജ്ഞാനശക്തിസമ്പന്നമായ നിജപ്രകൃതിയൊന്നിന്റെ വിശിഷ്ടതയാൽത്തന്നെ ഇതരദൃശ്യജീവികളൊക്കെക്കാൾ ശ്രേഷ്ഠനാണ്. കൂടാതെയും മനുഷ്യജന്മത്താൽ ദൈവം ഉദ്ദേശിക്കുന്നതു് അവർ ജീവാവസ്ഥയെ പ്രാപിച്ച് ഭൂമിയിൽ നിറയണമെന്നു മാത്രമല്ല, പിന്നെയോ അതിലും മുഖ്യമായി അവർ ദൈവത്തെ അറിഞ്ഞ് സ്നേഹിച്ച് ആരാധിക്കണമെന്നും അവസാനത്തിൽ സ്വർഗ്ഗത്തിൽ തന്നെ നിത്യമായി അനുഭവിച്ച് ആനന്ദിക്കണമെന്നും ആണ്. ദൈവം മനുഷ്യനെ അത്ഭുതാവഹമാംവണ്ണം സ്വഭാവാതീതമായ ഒരു വിധാനത്തിലേക്ക് ഉയർത്തിയിരിക്കുന്നു എന്ന കാരണത്താൽ ഈ അന്ത്യം മനുഷ്യന്റെ കണ്ണു കണ്ടിട്ടും ചെവി കേട്ടിട്ടും ബുദ്ധി ഗ്രഹിച്ചിട്ടുമുള്ള എല്ലാവറെറയുംകാൾ വളരെ ശ്രേഷ്ഠമാകുന്നു. ദാമ്പത്യബന്ധത്തിൽ പ്രവേശിച്ചിരിക്കുന്നവരുടെ സഹകരണംമൂലം ദൈവത്തിന്റെ അനന്തശക്തിയാൽ സംജാതരാകുന്ന സന്താനങ്ങൾ ദൈവാനുഗ്രഹത്തിന്റെ എത്രയോ വലിയ ദാനങ്ങളും വിവാഹത്തിന്റെ എത്രയോ വിശിഷ്ടഫലങ്ങളും ആണെന്നു ഇതിൽനിന്നു് നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്.

എന്നാൽ പരമ്പരയാ സന്തത്യുൽപാദനംചെയ്തു് മനുഷ്യവർഗ്ഗത്തെ ഭൂമുഖത്തു് പാലിക്കാൻ മാത്രമോ, അഥവാ സത്യദൈവത്തെ ഏതെങ്കിലും വിധത്തിൽ യഥേഷ്ടം ആരാധിക്കുന്നവരായി ശിശുക്കളെ അഭ്യസിപ്പിക്കാനോ അല്ല, പ്രത്യുത മ്ശി

ഹായുടെ സഭയുടെ അംഗങ്ങളാക്കി അവരെ വളൎത്തുന്നതിനും, വിശുദ്ധന്മാരുടെ സഹപൌരന്മാരും ദൈവഭവനാംഗങ്ങളും ആക്കിത്തീൎക്കുന്നതിനും, ഇങ്ങനെ ദൈവത്തിന്റെയും നമ്മുടെ രക്ഷകന്റെയും ആരാധകന്മാർ അനുദിനം വൎദ്ധിക്കുന്നതിനുമായിട്ടാണ് ക്രിസ്തീയമാതാപിതാക്കന്മാർ നിയുക്തരായിരിക്കുന്നതു എന്നുകൂടെ അവർ മനസ്സിലാക്കേണ്ടതുണ്ട്.

## ജീവന്റെവഴി: മരണത്തിന്റെവഴി.

എന്തുകൊണ്ടെന്നാൽ, ക്രിസ്തീയ ദമ്പതിമാർ വിശുദ്ധീകൃതരായാൽതന്നെയും ആ വിശുദ്ധതയെ അവരുടെ സന്താനങ്ങളിലേക്കു സംക്രമിപ്പിക്കാൻ അവൎക്ക് വഹിയാ. മാത്രമല്ല ജീവോല്പാദനത്തിന്റെ നൈസൎഗ്ഗികമാൎഗ്ഗംതന്നെ ജന്മപാപത്തെ അനന്തരഗാമികളിലേക്ക് കടത്തിവിടുന്ന മരണസരണിയായി ഭവിക്കുന്നു. എന്നുവരികിലും, തങ്ങളുടെമക്കൾ ദൈവപുത്രസന്താനസമ്പന്നയായ സഭാമാതാവിനാൽ മാമ്മോദീസായുടെ സ്നാനമൂലം സ്വഭാവാതീതനീതിയിലേക്ക് പുനൎജ്ജാതന്മാരാകുന്നതിനും, കടശി മ്ശിഹായുടെ സജീവാവയവങ്ങളായി അമൎത്ത്യജീവിതത്തിൽ ഭാഗഭാക്കുകളാകുന്നതിനും യാതൊന്നിനായി നമ്മുടെ ഹൃദയാന്തൎഭാഗങ്ങളിൽനിന്ന് നാം അൎത്ഥിക്കുന്നുവോ ആ അനന്തമഹിമയിൽ അവകാശികളാകുന്നതിനുംവേണ്ടി തങ്ങളുടെസന്താനങ്ങളെതിരുസഭക്ക് സമൎപ്പിക്കഎന്നതു് അവരുടെചുമതലയാണ് എന്നകാരണത്താൽ പവുലീസായിലെ ആ ആദിമവിവാഹത്തിന്റെ സൽഫലങ്ങളിൽ ചിലതിനെങ്കിലും അവർ ഓഹരിക്കാരായിത്തീരുന്നു.

ഒരു ക്രിസ്തീയമാതാവ് ഇവയേപ്പററി സൂക്ഷ്മനിരൂപണം ചെയ്യുന്നപക്ഷം നമ്മുടെ ദിവ്യരക്ഷകൻ ഈവാക്കുകളെ അരുളിച്ചെയ്തിരിക്കുന്നതു് അവളെ ഉദ്ദേശിച്ചാണെന്ന് ദൃഢമായ ഒരാശ്വാസാനുഭൂതിയോടെ അവൾ ഗ്രഹിക്കും. "യാതൊരുസ്ത്രീയും പ്രസവാനന്തരം ഒരു മനുഷ്യൻ ഭൂജാതനായല്ലോഎന്ന സന്തോഷത്താൽ പ്രസവവേദനയെ അനുസ്മരിക്കുന്നില്ല." തന്റെ മാതരോദ്യോഗത്തിന്റെ ആകുലതകളേയും പ്രയത്നങ്ങളേയും വ്യഗ്രതകളേയും ഗണ്യമാക്കാതെ ഗ്രാക്കിമാരുടെ മാതാവായ റോമിലെ ആഗ്രഹിണിയേക്കാൾ കൂടുതൽ യുക്തവും പരിപൂതവുംആയ അ

നന്ദത്തോടെ സ്വസന്താനങ്ങളുടെ മഹിമയാൽ മകുടീകൃതയായാലെന്നപോലെ അവൾ കർത്താവിൽ ആനന്ദിക്കും. എന്നാൽ ഭാര്യാഭർത്താക്കന്മാർ സന്താനങ്ങളെ ദൈവതൃക്കരങ്ങളിൽ നിന്നു സന്തോഷത്തോടും നന്ദിയോടും സ്വീകരിച്ചു അവരുടെ സ്വന്തനന്മയ്ക്കും ലൌകികരാജ്യത്തിന്റെ നന്മക്കുമായി ഉപയോഗിക്കേണ്ടതിനു മാത്രമല്ലാ പ്രത്യുതകണക്കു കേൾക്കുന്ന ദിവസം പലിശ സഹിതം ദൈവത്തിനു മടക്കിക്കൊടുക്കേണ്ടതിനായി, ദൈവം തങ്ങളുടെ സൂക്ഷത്തിനു ഏൽപ്പിച്ചിരിക്കുന്ന ഒരു ദാനമാണവർ എന്നു കരുതേണ്ടതാണ്.

ഉല്പാദനംകൊണ്ടുമാത്രം സന്താനം എന്നനന്മ പൂർണ്ണമാകുന്നില്ല. ഒന്നുകൂടെ അതായതു് സന്താനത്തിന്റെനല്ലവളർത്തൽ കൂടെവേണം. സന്താനോല്പാദനത്തിന്റെ ശക്തിയും അവകാശവുംപോലെ അവരെ വളർത്താനുള്ള അധികാരവും അർഹതയും സർവ്വജ്ഞനായ ദൈവം മാതാപിതാക്കന്മാർക്ക് പ്രദാനം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ ഭൂജാതരാകുന്ന ശിശുക്കളേയും ഏതന്നിമിത്തം നരവർഗ്ഗം മുഴുവനേയും പററി വേണ്ട ഏർപ്പാടു താൻ ചെയ്തില്ലായെന്നുവന്നേനേ. എന്തുകൊണ്ടെന്നാൽ ശിശുക്കൾക്കു തങ്ങളുടെ സ്വാഭാവിക ജീവനെപ്പോലും സംബന്ധിക്കുന്ന കാര്യങ്ങളിൽ വേണ്ടവയെല്ലാം സമ്പാദിക്കുന്നതിന് സാധിക്കയില്ലെന്നും സ്വഭാവാതീത ജീവനെ സംബന്ധിക്കുന്നവയിലോ ഇതിലും തുലോം കുറച്ചുമാത്രമേ സാധിക്കുകയുള്ളു എന്നും പ്രത്യുത വളരെക്കാലത്തേക്കു പരശുശ്രൂഷണവും ശിക്ഷണവും അദ്ധ്യാപനവും അത്യാവശ്യമാണെന്നും കാണാൻ കഴിയാത്തവരായി ആരുമില്ലതന്നെ. സ്വസന്താനസംസ്കരണം ചെയ്യുന്നതിനു പ്രകൃതിനിയമത്താലും ദൈവപ്രമാണത്താലും സർവ്വപ്രധാനമായി അർഹരും ബാദ്ധ്യസ്ഥരുമായിരിക്കുന്നതു് അവർക്കു ജന്മത്തെ പ്രദാനംചെയ്തുകൊണ്ട്, പ്രകൃതിയുടെ പ്രവൃത്തിയെ സമാരംഭിച്ചവർതന്നെയാണെന്നും ഈദൃഗ്ജോലിയെ പൂർത്തിയാക്കാതെ ഉപേക്ഷിച്ചു തീർച്ചയായുള്ള നാശവക്ത്രത്തിനു അവരെ ഇരയാക്കിത്തീർക്കുന്നതു നിഷിദ്ധമാണെന്നുമുള്ളതു നിസ്സംശയമത്രെ. വിവാഹസ്ഥാപനയാലാകട്ടെ, കുട്ടികൾക്കു ഇത്ര അത്യന്താപേക്ഷിതമായ അഭ്യസനത്തിനു ഉത്തമമായവിധത്തിൽ വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നു. എങ്ങിനെയെന്നാൽ മാതാപിതാക്കന്മാർ അഭേദ്യബന്ധത്താൽ സംയുക്തരായിരിക്കകൊണ്ട് അവരിൽ ഓരോരുത്തരുടേയും സൂ

ക്ഷവും അന്യോന്യ സഹായവും സൎവ്വദാ സുലഭമായി ഭവിക്കുന്നു.

യുവാക്കന്മാരുടെ ക്രിസ്തീയ അഭ്യസനത്തെ അധികരിച്ചു നാം അന്യത്ര പ്രതിപാദിച്ചിട്ടുള്ളതിനാൽ, സന്താനങ്ങളുടെ ഉല്പാദനം സ്നേഹപൂൎവ്വം ആയിരിക്കണമെന്നും, അവർ ദൈവഭക്തിയിൽ വളൎത്തപ്പെടണമെന്നുമുള്ള വി. അഗുസ്തീനോസിന്റെ വാക്കുകളെ ഉദ്ധരിച്ചുകൊണ്ടു പ്രസ്താവിത സംഗതികളെ സംക്ഷേപിച്ചുകൊള്ളട്ടെ. സഭാ നിയമസംഹിതയിൽ ഈ വിഷയത്തെപ്പററി ചുരുക്കമായി ഇങ്ങനെ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. "വിവാഹത്തിന്റെ പ്രഥമോദ്ദേശ്യം പ്രജോല്പാദനവും അതിന്റെ നല്ലവളൎത്തലുമാണ്."

കടശിയായി, കുട്ടികളുടെ നന്മയെ ഉദ്ദേശിച്ച് മാതാപിതാക്കന്മാരെ ചുമതലപ്പെടുത്തിയിരിക്കുന്നകടമകൾവളരെമഹത്തരവും ഗൗരവാവഹവും ആകയാൽ പ്രജോല്പാദനാൎത്ഥം ദൈവദത്തമായ ശക്തിയെ പ്രയോഗിക്കുന്നതിനുള്ള അൎഹതയും വിശേഷാധികാരവും ദൈവകല്പനയാലും സ്വഭാവപ്രമാണത്താലും വിവാഹാന്തസ്സിനുമാത്രം സ്വന്തമാണെന്നും സൎവ്വഥാ ആ അന്തസ്സിന്റെ പരിധിയാൽ പരമിതമായിരിക്കണമെന്നുംകൂടി പറയാതിരിക്കാൻ നിവൃത്തിയില്ല.

## പുരുഷൻ, കുടുംബനായകൻ.

### ദാമ്പത്യവിശ്വസ്തത.

വി. അഗുസ്തീനോസ് പ്രസ്താവിക്കുന്നതായി നാം ഉദ്ധരിച്ച രണ്ടാമത്തെ വൈവാഹികനന്മ ദാമ്പത്യാദരവാകുന്നു. ഇതു് വിവാഹ കരാറിനെ നിറവേററുന്നതിൽ ദമ്പതിമാർ പ്രദശിപ്പിക്കുന്ന പരസ്പര വിശ്വസ്തതയിൽ അടങ്ങിയിരിക്കുന്നു. ദിവ്യപ്രമാണത്താൽ അനുശാസിതമായ ഈ കരാറുമൂലം ഇരുപാട്ടുകാരിൽ ആക്കെങ്കിലും യാതൊന്നിനു് അവകാശം ലഭിക്കുന്നുവോ, അതു് അയാൾക്കു് നിഷേധിക്കപ്പെടാനോ മൂന്നാമതൊരാൾക്കു് അനുവദിക്കപ്പെടാനോ പാടില്ല. മാത്രമല്ല. ദൈവത്തിന്റെ അവകാശങ്ങൾക്കും പ്രമാണങ്ങൾക്കും വിരുദ്ധവും ദാമ്പത്യചാരിത്ര്യത്തിനു് കടക വിപരീതവുമായിരിക്കകൊണ്ടു് ഒരിക്കലും അംഗീകരിക്കപ്പെടുവാൻ നിവൃത്തിയില്ലാത്ത യാതൊന്നും ഉഭയകക്ഷികളിൽ ആൎക്കും അനുവദിക്കപ്പെടുവാനും പാടില്ല.

ആകയാൽ ദാമ്പത്യാദരവ് അഥവാ ചാരിത്ര്യം പ്രഥമമായി, ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിലല്ലാതെ മററു വിധത്തിൽ വിവാഹമരുത് എന്നു ദൈവം ആദിയിൽ തിരുമനസ്സായി കല്പിച്ചതിനാൽ വിവാഹം പരിപൂർണ്ണമായി ഏകമായിരിക്കണമെന്നു അവശ്യപ്പെടുന്നു. ഈ ആദിമ നിയമത്തെ പിന്നീട് പരമനിയമദാതാവായ ദൈവം കുറെയൊക്കെ ലഘൂകരിച്ചെങ്കിലും, സുവിശേഷപ്രമാണം ആദിമമായ ആ വിശിഷ്ട ഏകത്വത്തെ പൂർണ്ണമായി പുനഃസ്ഥാപിക്കയും, മ്ശിഹായുടെ വചനങ്ങളും സഭയുടെ അനുസ്യൂതമായ ഉപദേശവും പ്രവർത്തനവും വിശദമായി കാണിക്കുന്നതിൻവണ്ണം സമസ്ത ഒഴിവുകളേയും ദുർബ്ബലപ്പെടുത്തുകയും ചെയ്തു എന്നതിനു സംശയമില്ല. ആകയാൽ വി. ത്രെന്തോസ് സൂനഹദോസ് സഗൗരവം ഇങ്ങനെ പ്രഖ്യാപനം ചെയ്യുന്നത് കാരണസഹിതംതന്നെയാണ്. "തന്നിമിത്തം അവർ മേലാൽ രണ്ടല്ല, ഏകശരീരമാണ് എന്നു നമ്മുടെ കർത്താവു അരുൾചെയ്കയിൽ വ്യക്തമായി പഠിപ്പിച്ചത് ഈ ബന്ധത്തിൽ രണ്ടാളുകൾമാത്രമെ ചേർത്ത് ഒന്നിപ്പിക്കപ്പെടാവു എന്നു തന്നെയാകുന്നു." അനുക്രമികമോ സമകാലീനമോ ആയ ഏതുതരത്തിലുമുള്ള ബഹുഭാര്യാത്വത്തെയും അഥവാ ബഹുഭർത്തൃത്വത്തേയും ബാഹ്യമായ ഇതര സർവ്വലജ്ജാകര കർമ്മങ്ങളേയും ആക്ഷേപിക്കാൻ ഉദ്ദേശിക്ക മാത്രമല്ല, പ്രത്യുത വിവാഹത്തിൻെറ പാവനബന്ധങ്ങളെ സുരക്ഷിതമാക്കിച്ചെയ്യുവാൻവേണ്ടി നമ്മുടെ കർത്താവു ഏതദ്വിഷയകങ്ങളായ ദുർവ്വിചാരങ്ങളേയും അഭ്യഹങ്ങളേയുംകൂടി വിലക്കി. "ഞാനോ എന്നാൽ നിങ്ങളോടു പറയുന്നു. യാവനൊരുത്തൻ വിഷയസുഖേച്ഛയാ ഒരു സ്ത്രീയെ നോക്കിയാൽ അവൻ സ്വഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തുകഴിഞ്ഞു" (വി. മത്ത. V. 28.) മ്ശിഹാകർത്താവിൻെറ ഈ വാക്കുകളെ വിവാഹത്തിലെ ഉഭയകക്ഷികളുടേയും സമ്മതിയാൽപോലും ദുർബ്ബലപ്പെടുത്താൻ സാധിക്കയില്ല. എന്തുകൊണ്ടെന്നാൽ മനുഷ്യമനസ്സാൽ ഭംഗം ചെയ്വാനോ വ്യതിയാനം വരുത്താനോ പര്യാപ്തമല്ലാത്ത ദൈവപ്രമാണത്തേയും പ്രകൃതി നിയമത്തേയുമാണ് അവ പ്രകടീകരിക്കുന്നത്.

മാത്രമല്ല, ദാമ്പത്യവിശ്വാസതയാകുന്ന ഈ നന്മ അതിനു അനുരൂപമായ കാന്തിയോടെ പ്രകാശിക്കണമെങ്കിൽ ദമ്പതിമാരുടെ സൗഹാർദ്ദപരമായ പരസ്പര സംസർഗ്ഗം ചാരിത്ര്യ

ദ്ധിയാൽ സ്വയ്ക്കീകൃതമാകണം. അതിനായി ഭാര്യാഭർത്താക്കന്മാർ എല്ലാകാര്യങ്ങളിലും ദൈവപ്രമാണത്തേയും പ്രകൃതിനിയമത്തേയും മുൻനിറുത്തി പ്രവർത്തിക്കണം. ദൈവത്തിന്റെ പ്രവർത്തനത്തോടു അതിയായ ആദരവു് പ്രദർശിപ്പിച്ചുകൊണ്ടു പരമജ്ഞാനിയും പരമ പരിശുദ്ധനുമായ സ്രഷ്ടാവിന്റെ തിരുമനസ്സിനെ അനുകരിക്കുന്നതിൽ സർവ്വദാ ജാഗരൂകരായിരിക്കയും വേണം.

## ദാമ്പത്യ പ്രേമം.

വി: അഗുസ്തിനോസ് "ചാരിത്ര വിശ്വസ്തത" എന്നു വളരെ ഉചിതമായി അഭിധാനം ചെയ്തിരിക്കുന്ന ദാമ്പത്യ വിശ്വസ്തത വൈവാഹിക ജീവിതത്തിന്റെ നാനാമുഖതലങ്ങളിലേക്കും വ്യാപിച്ചും ക്രൈസ്തവ വിവാഹത്തിൽ ഒരു ഉന്നത പദത്തെ പ്രാപിച്ചുമിരിക്കുന്ന ഭാര്യാഭർത്താക്കന്മാരുടെ പ്രേമം എന്ന വിശിഷ്ട ഭൂമിയിൽ വേരൂന്നുമ്പോൾ അതു കൂടുതൽ സൈ്വരമായും രമണീയമായും പ്രതാപത്തോടും വളർന്നു വികസിക്കുന്നു. എന്തുകൊണ്ടെന്നാൽ വൈവാഹികവിശ്വസ്തത ആവശ്യപ്പെടുന്നതു്, വ്യഭിചാരികൾ അന്യോന്യം സ്നേഹിക്കുന്നതുപോലെയല്ലാ മ്ശിഹാ സഭയെ സ്നേഹിച്ചതുപോലെ പ്രത്യേക വിധത്തിൽ പവിത്രവും പാവനവുമായ പ്രേമത്തിൽ ഭാര്യാഭർത്താക്കന്മാർ സംയോജിക്കപ്പെടണമെന്നാണു്. ഈ കല്പന നൽകുകയിൽ ശ്ലീഹാ പറയുന്നു. "ഭർത്താക്കന്മാരേ, മ്ശിഹാ സഭയെ സ്നേഹിച്ചതുപോലെ നിങ്ങൾ ഭാര്യമാരെ സ്നേഹിപ്പിൻ" അവിടുന്നു് (മ്ശിഹാ) വാസ്തവത്തിൽ നിസ്സീമ സ്നേഹത്തോടും സ്വാർത്ഥപരമായ ഉദ്ദേശമൊന്നും കൂടാതെയും തന്റെ സതീമണിയായ സഭയുടെ ഗുണത്തെ മാത്രം ലാക്കാക്കികൊണ്ടു് അവളെ പരിരംഭണം ചെയ്തു. നമ്മുടെ പ്രതിപാദ്യ വിഷയമായ പ്രേമം ക്ഷണികവും താൽക്കാലികവുമായ കാമത്തിന്മേൽ അധിഷ്ഠിതമോ രമ്യവാക്കുകളിൽ മാത്രം സ്ഥിതിചെയ്യുന്നതോ അല്ല, പ്രത്യുത, പ്രേമത്തെ പ്രവൃത്തി പ്രകാശിപ്പിക്കുന്നു എന്ന ന്യായത്താൽ പ്രവൃത്തിയായി പരിണമിക്കുന്നു. ഹൃദയത്തിന്റെ അഗാധാനുരാഗത്തിലാണു് അതിന്റെ അടിസ്ഥാനം. കുടുംബത്തിൽ പ്രേമത്തിന്റെ ഈ ബാഹ്യപ്രകടനം പരസ്പര സാഹായ്യത്തെ ആവശ്യപ്പെടുന്നു എന്നു മാത്രമല്ല അതിലും ഒരു പടികൂടി മുന്നോട്ടുകടന്നു് ആഭ്യന്തര ജീവി

തത്തിൽ ഭൎത്താവും ഭാൎയ്യയും തങ്ങളെ പരിശീലിപ്പിക്കയും ശുദ്ധീകരിക്കയും ചെയ്യുന്ന കാൎയ്യത്തിൽ അനുദിനം അന്യോന്യം സഹായിക്ക എന്നതിനെ അതിൻെറ പ്രധാനോദ്ദേശ്യമായി പരിഗണിക്കേണ്ടിയുമിരിക്കുന്നു. ഇങ്ങനെ ജീവിതത്തിൽ അവൎക്കുള്ള സഹപ്രവൎത്തനം മൂലം സുകൃതത്തിൽ അവർ സൎവ്വദാ ഉത്തരോത്തരം അഭിവൃദ്ധിപ്രാപിക്കയും സൎവ്വപ്രധാനമായി പ്രമാണം മുഴുവനും, ദീർഘദർശിമാരും യാതൊന്നിനെ ആശ്രയിച്ചു നിൽക്കുന്നുവോ ആ ദൈവത്തിൻെറയും അയൽക്കാരൻെറയും നേൎക്കുള്ളവാസ്തവസ്നേഹത്തിൽ വളരുകയും ചെയ്യണം. എന്തുകൊണ്ടെന്നാൽ ദൈവം മനുഷ്യരുടെ മുമ്പാകെ സ്ഥാപിച്ചിരിക്കുന്ന പരിശുദ്ധതയുടെ ഏററം പരിപൂൎണ്ണ മാതൃകയെ അതായത് നമ്മുടെ കൎത്താവിശോമ്ശിഹായെ അനുകരിക്കുന്നതിനും അനവധി വിശുദ്ധന്മാരുടെ ദൃഷ്ടാന്തങ്ങളിൽ നിന്നു തെളിയുന്നതുപോലെ ദൈവവരത്താൽ പരിപൂൎണ്ണതയുടെ അററത്തിൽ എത്തുന്നതിനും എല്ലാസ്ഥിതിക്കാരായ മനുഷ്യൎക്കും അവർ ഗർഹ്യമല്ലാത്ത ഏതു അന്തസ്സുകാരായാലും ശരി, സാധിക്കുന്നതാണ്, അവർ അതിനു കടപ്പെട്ടവരുമാണ്.

ദാമ്പത്യാവസ്ഥയുടെ ഇതര സമസ്തകടമകളും അവകാശങ്ങളും ക്രമീകരിക്കേണ്ടതും ഈ പ്രേമത്താൽ തന്നെയാകുന്നു. തന്നിമിത്തം "ഭൎത്താവ് ഭാൎയ്യക്ക് വിവാഹകടം നൽകട്ടെ ഭാൎയ്യയും അതിൻവണ്ണം തന്നെ ഭൎത്താവിനു് വിവാഹകടം നൽകട്ടെ" എന്നു് ശ്ലീഹാ പറയുന്ന വചനങ്ങൾ നീതിയുടെ നിയമത്തെ മാത്രമല്ല ഉപവിയുടെ ആദൎശത്തേക്കൂടെ സുവ്യക്തമാക്കുന്നുണ്ടു്.

ഇങ്ങനെ കുടുംബമാകുന്ന സമുദായം ഈ പ്രേമബന്ധത്താൽ സുദൃഢമാക്കപ്പെട്ടാൽ പിന്നെ വി. അഗുസ്തീനോസു് "സ്നേഹത്തിൻെറ അനുക്രമം" എന്നു് നാമകരണം ചെയ്തിരിക്കുന്ന ആ ക്രമം അവിടെ പരിലസിക്കണം. ഈ ക്രമത്തിൽ ഭൎത്താവിനു് ഭാൎയ്യയുടേയും കുട്ടികളുടേയും മേലുള്ള ആധിപത്യവും ഭാൎയ്യയുടെ അധീനസന്നദ്ധതയും സന്മനസ്സോടെയുള്ള അനുസരണവും ഉൾപ്പെടുന്നു. ശ്ലീഹാ ഇതിനെ ഈ വാക്കുകളിൽ ഉപദേശിക്കുന്നു. "ഭാൎയ്യമാർ കൎത്താവിനു് എന്നപോലെ തങ്ങളുടെ ഭൎത്താക്കന്മാൎക്കു് കീഴ്‌വഴങ്ങട്ടെ. എന്തുകൊണ്ടെന്നാൽ മ്ശിഹാ സഭയുടെ ശിരസാകുന്നതുപോലെതന്നെ ഭൎത്താവു് ഭാൎയ്യയുടെ ശിരസാകുന്നു."

## ഭാൎയ്യ, മാതാവ് എന്ന നിലകളിലുള്ള സ്ത്രീയുടെ സ്ഥാനം.

ഈ കീഴ്‌വഴക്കമോ എന്നാൽ ഒരു മനുഷ്യവ്യക്തി എന്ന നിലയിലും ഭാൎയ്യ, മാതാവ്, സഹധൎമ്മിണി എന്ന നിലകളിലും അവൾക്ക് ലഭ്യമായിരിക്കുന്ന ശ്രേഷ്ഠതമപദത്തിനു സൎവ്വസ്വകീയമായിരിക്കുന്ന സ്വാതന്ത്ര്യത്തെ നിഷേധിക്കുകയോ അപഹരിക്കുകയോ ചെയ്യുന്നില്ല. ഭൎത്താവിന്റെ സൽപ്രാഭിലാഷങ്ങളേയും, അവ സുബോധത്തിനോ ഭാൎയ്യാപദത്തിന്റെ ശ്രേഷ്ഠതക്കോ അനുരൂപമല്ലാതിരുന്നാൽ, സാധിച്ചുകൊടുക്കുന്നതിനു അതു് അവളെ നിൎബന്ധിക്കുന്നുമില്ല. കടശിയായി, പക്വബുദ്ധികൾ അല്ലെന്നൊ മാനുഷിക വ്യവഹാരങ്ങളിൽ അനഭിജ്ഞന്മാരാണെന്നോ ഉള്ളകാരണത്താൽ സ്വകീയങ്ങളായ ധൎമ്മങ്ങളെ അനുഷ്ഠിക്കാൻ ആചാരം അനുവദിക്കാത്തവരായി ധൎമ്മശാസ്ത്രദൃഷ്ട്യാ 'അപ്രാപ്തവയസ്കന്മാർ, (മൈനർമാർ) എന്നറിയപ്പെടുന്നവൎക്കു തുല്യമായി അവൾ ഗണിക്കപ്പെടണമെന്നും ഇതിനാൽ സൂചിതമാകുന്നില്ല. പ്രത്യുത അതു് പ്രതിഷേധിക്കുന്നതു് കുടുംബനന്മയെ അലക്ഷ്യമായി കരുതുന്ന അതിശയോക്തിപരമായ ദുസ്സ്വാതന്ത്ര്യത്തെയാണു്. അതു് കുടുംബമാകുന്ന ശരീരം മുഴുവന്റെയും നാശത്തിനും അത്യാസന്ന വിപത്തിനും ഹേതുഭൂതമാകത്തക്ക വിധത്തിൽ ഹൃദയത്തെ ശിരസ്സിൽനിന്നു് വിയോജിപ്പിക്കുന്നതിനെ വിലക്കുന്നു. എന്തുകൊണ്ടെന്നാൽ പുരുഷൻ ശിരസ്സാണെങ്കിൽ സ്ത്രീ ഹൃദയമാകുന്നു. ഭരണവിഷയത്തിൽ അയാൾ പ്രധാനസ്ഥാനത്തു് സ്ഥിതിചെയ്യുന്നതുപോലെ തന്നെ പ്രേമത്തിൽ പ്രഥമസ്ഥാനത്തെ അവൾക്കു സ്വന്തമായി ആവശ്യപ്പെടാവുന്നതും അവൾ ആവശ്യപ്പെടേണ്ടതുമാകുന്നു.

കൂടാതെയും, ഭാൎയ്യഭൎത്താവിനു് ചെയ്യുന്ന ഈ കീഴ്‌വഴക്കം പരിമാണത്തിലും വിധത്തിലും ആളുകളുടേയും സ്ഥലകാലങ്ങളുടേയും അവസ്ഥാന്തരം അനുസരിച്ചു ഭിന്നമാകാവുന്നതാണു്. വാസ്തവത്തിൽ ഭൎത്താവു് സ്വന്ത കടമയെ നിൎവ്വഹിക്കാതെയിരിക്കുന്നതായാൽ, അവന്റെ സ്ഥാനത്തു് പ്രവേശിച്ചു് കുടുംബഭരണം കയ്യേൽക്കുന്നതിനു് അവൾക്കു് ചുമതല വന്നുകൂടുന്നു. എന്നാൽ ദൈവത്താൽ സംസ്ഥാപിതവും സ്ഥിരീകൃതവുമായ കുടുംബത്തി

ന്റെ അംഗവിധാനവും മൌലികത്വവും സൎവ്വദാ സൎവ്വത്ര കുറവില്ലാതെ പാലിക്കപ്പെടണം.

### ഭാൎയ്യ ഭൃത്യയല്ല, സഹധൎമ്മിണിയാണ്.

നമ്മുടെ മുൻഗാമി ഭാഗ്യസ്മരണാൎഹനായ പതിമൂന്നാം ലെയോൻ പാപ്പാ ക്രൈസ്തവവിവാഹത്തെപ്പററി പുറപ്പെടുവിച്ചിട്ടുള്ളതായി നാം മുമ്പെതന്നെ പ്രസ്താവിച്ചിട്ടുള്ള ചാക്രികലേഖനത്തിൽ ഭാൎയ്യാഭൎത്താക്കന്മാരുടെയിടയിൽ പരിപാലിക്കപ്പെടേണ്ടും ക്രമത്തെപ്പററി വിശാലമായ വൈദഗ്ദ്ധ്യസമേതം പറയുന്നു. "പുരുഷൻ കുടുംബത്തിന്റെ ഭരണകൎത്താവും സ്ത്രീയുടെ തലയുമാണ്. എന്നാൽ അവൾ പുരുഷന്റെ മാംസത്തിൽനിന്നുള്ള മാംസവും അസ്ഥിയിൽനിന്നുള്ള അസ്ഥിയുമാകയാൽ ഒരു ഭൃത്യയെപ്പോലെ അല്ലാതെ സഹചാരി എന്ന നിലയിൽ അവൾ പ്രദാനം ചെയ്യുന്ന അനുസരണയിൽ അഭിമാനരാഹിത്യമൊ ഗൌരവലോപമൊ ഒന്നുമുണ്ടാകാത്ത വിധത്തിൽ പുരുഷനു് അധീനയും ആജ്ഞാനുവൎത്തിനിയും ആയിരിക്കുന്നു. ആജ്ഞാപിക്കുന്ന പുരുഷനും അനുസരിക്കുന്ന സ്ത്രീയും യഥാക്രമം മ്ശീഹായുടെയും സഭയുടെയും പ്രതിച്ഛായാധാരികൾ ആകുന്നു എന്ന കാരണത്താൽ അവരുടെ അന്യോന്യബന്ധങ്ങളുടെ മാൎഗ്ഗദൎശകത്വം സദാ വഹിക്കുന്നതു് ദൈവികമായ ഉപവിയായിരിക്കട്ടെ.

ആകയാൽ ദാമ്പത്യചാരിത്ര്യം എന്ന നന്മയെ ഉളവാക്കുന്ന ഘടകങ്ങൾ, ഏകത്വം, പാതിവ്രത്യം, ഉപവി, ആദരണീയവും ശ്രേഷ്ഠവുമായ അനുസരണം എന്നിവയാകുന്നു. അതേസമയംതന്നെ ഇവ വിവാഹാന്തസ്സിൽ ഭാൎയ്യാഭൎത്താക്കന്മാൎക്കു് പ്രദാനം ചെയ്യപ്പെടുന്ന നന്മകളുടെ– വിവാഹത്തിന്റെ പ്രശാന്താവസ്ഥ, മാഹാത്മ്യം, ക്ഷേമം എന്നിവയെ സുരക്ഷിതമായി പാലിക്കയും പരിപോഷിപ്പിക്കയും ചെയ്യുന്ന അനുഗ്രഹങ്ങളുടെ– ഒരു പ്രതികീൎത്തനം തന്നെയാകുന്നു. തന്മൂലം, ദാമ്പത്യചാരിത്ര്യം സൎവ്വദാ വിവാഹത്തിന്റെ വിലതീരാത്തതും അസാധാരണവുമായ ഫലങ്ങളിൽ ഒന്നായി ഗണിക്കപ്പെട്ടുപോന്നിട്ടുള്ളതിൽ തെല്ലും ആശ്ചൎയ്യത്തിനു വകയില്ല.

### വിവാഹബന്ധത്തിന്റെ അഭേദ്യത.

വി. അഗുസ്തീനോസിന്റെ വാക്കുകളിൽ "കൂദാശ"എ

ന്നു നാം യാതൊന്നിനെ നാമകരണം ചെയ്തിരിക്കുന്നുവോ ആ ക്രിസ്തീയവിവാഹത്തിന്റെ അനുഗ്രഹം ഈ ഗുണഗണങ്ങളെ പൂർത്തീകരിക്കയും ഒരു വിധത്തിൽ പറഞ്ഞാൽ മകുടീകരിക്കയും ചെയ്യുന്നു. പ്രസ്തുത ക്രൂദാശയാൽ ഈ ബന്ധത്തിന്റെ അഭേദ്യതയും, ഈ ഖരാറിനെ മ്ശിഹാ ഉന്നമിപ്പിക്കയും വിശുദ്ധീകരിക്കയും ചെയ്തുകൊണ്ടു ദൈവവരത്തിന്റെ ഒരു സാൎത്ഥചിഹ്നമായി അതിനെ സ്ഥാപിച്ചു എന്ന വസ്തുതയും നിർദ്ദേശിക്കപ്പെടുന്നു.

“ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വിയോജിപ്പിക്കാതിരിക്കട്ടെ” എന്നും, “സ്വന്തം ഭാൎയ്യയെ പരിത്യജിച്ച് വേറൊരുത്തിയെ പരിഗ്രഹിക്കുന്നവൻ വ്യഭിചാരം ചെയ്യുന്നു: പരിത്യക്തയായവളെ പരിഗ്രഹിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു” എന്നും അരുളിച്ചെയ്യുകയിൽ ആദ്യമായിത്തന്നെ ക്രൈസ്തവ വിവാഹത്തിന്റെ ദൃഢബന്ധതയേയും സ്ഥായിത്വത്തേയും ആണ് മ്ശിഹാ ഉറപ്പിച്ചു പറഞ്ഞിരിക്കുന്നതു്.

വി. അഗുസ്തീനോസാകട്ടെ, „വിവാഹബന്ധത്തിനു യാതൊരു ഭംഗവും വരുത്തരുതെന്നും, ഭൎത്താവോ ഭാൎയ്യയോ വിയോജിക്കപ്പെട്ടാൽ സന്താനലബ്ധിക്കായിപ്പോലും അന്യആളുമായി സമാഗമിക്കരുതെന്നും ഈ ക്രൂദാശയാൽ വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നു” എന്നുള്ള തന്റെ പ്രസ്താവനയാൽ, വിവാഹത്തിന്റെ നന്മ എന്നു താൻ എന്തിനെ നിർദ്ദേശിച്ചിരിക്കുന്നുവോ അതിനെ ഇതിന്റെ അഭേദ്യതയിലാണ് വ്യക്തമായി സ്ഥാപിക്കുന്നതു്.

ഈ അലംഘനീയമായ അഭേദ്യതയോ എന്നാൽ, എല്ലാ അവസ്ഥയിലും ഒരേ പരിപൂർണ്ണ പരിമാണത്തിലല്ലെങ്കിലും എല്ലാ വിവാഹത്തേയും സംബന്ധിക്കുന്ന ഒന്നാകുന്നു. എന്തുകൊണ്ടെന്നാൽ “ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വിയോജിപ്പിക്കാതിരിക്കട്ടെ” എന്ന കൎത്താവിന്റെ വചനം നമ്മുടെ ആദിമാതാപിതാക്കന്മാരുടെ— എല്ലാഭാവി വിവാഹത്തിന്റെയും മാതൃകയായിരിക്കുന്ന— വിവാഹത്തെപ്പറ്റി പറഞ്ഞിരിക്കുന്നതാകകൊണ്ടു് അവശ്യം എല്ലാ യഥാൎത്ഥവിവാഹങ്ങളേയും യാതൊരു അപവാദവും കൂടാതെ അതിൽ ഉൾപ്പെടുത്തേണ്ടിയിരിക്കുന്നു. തന്നിമിത്തം മിശിഹായുടെ വരവിനു് മുൻപു് ആദിമനിയമത്തിന്റെ ഔന്നത്യത്തേയും കാഠിന്യത്തേയും മിതപ്പെടുത്തികൊണ്ടു ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനത്തിനു അവരുടെ ഹൃദയകാഠിന്യം നിമിത്തം ചിലസാഹചര്യങ്ങളിൽ വിവാഹമോചനച്ചീട്ടു

നൽകുകയെന്ന സമ്പ്രദായം മോശ അനുവദിച്ചെങ്കിലും, മിശി
ഹാ തൻെറ പരമമായ നിയമ നിർമ്മാണ ശക്തിയാൽ ഈ ക്രൂ
ട്ടതൽ സ്വാതന്ത്ര്യാനുമതിയെ പിൻവലിക്കുകയും, ആദിമ നിയമ
ത്തെത്തന്നെ "ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വിയോജി
പ്പിക്കാതിരിക്കട്ടെ" എന്ന സർവ്വദാ സ്മരണീയമായ വചനങ്ങളാൽ
അതിൻെറ പൂർണ്ണതയിൽ പുനഃസ്ഥാപിക്കുകയുംചെയ്തു. ആയതിനാൽ
നമ്മുടെ മുൻഗാമി ഭാഗ്യസ്മരണാർഹനായ പീയൂസ് ആറാമൻ
ആഗ്രിയായിലെ മെത്രാന്ന് അയച്ച സന്ദേശത്തിൽ വിവേകപൂ
ർവ്വം ഇങ്ങിനെ പറഞ്ഞിരിക്കുന്നു. "ഇതിൽ നിന്നു സുവ്യക്തം
തെളിയുന്നത് വിവാഹം സ്വാഭാവികാവസ്ഥയിൽ പോലും നിശ്ച
യമായും ഒരു ക്രൂദാശയുടെ ശ്രേഷ്ഠപദവിയിലേക്കുയർത്തപ്പെടുന്നതി
നു മുൻപേതന്നെ രാഷ്ട്രീയ നിയമത്താൽ വിഘടനം ചെയ്യ
പ്പെടാൻ പാടില്ലാത്ത സനാതനവും അഭേദ്യവുമായ ഒരു ബന്ധ
ത്തെ സ്വയം വഹിക്കത്തക്കനിലയിൽ ദൈവത്താൽ സ്ഥാപിത
മായി എന്നാണ്. ഇതിനാൽ അവിശ്വാസികളുടെയിടയിൽ സം
ഭവിക്കുന്നതുപോലെ ക്രൂദാശാപരമായ ഘടകം വിവാഹത്തിൽ
നിന്നു വിദൂരമായിരുന്നാലും ഏതാദൃശവിവാഹത്തിൽ അത് ഒരു
യഥാർത്ഥവിവാഹമായിരിക്കു കാരണത്താൽ ആദിമസ്ഥാപനം മുത
ൽ രാഷ്ട്രാധികാരത്തിന്ന് അധീനമാകാതിരിക്കത്തക്ക വിധത്തി
ൽ വിവാഹത്തോട് ദൈവീകാധികാരത്താൽ നിബദ്ധമായിരി
ക്കുന്ന ആ ശാശ്വതബന്ധം ഉണ്ടായിരിക്കേണ്ടതാണ്. അതു
വാസ്തവത്തിൽ അതിനുണ്ടുതാനും. അതുകൊണ്ട് ലോകത്തിൽ
ഇന്നു നടക്കുന്നതായി പറയപ്പെടുന്ന സമസ്ത വിവാഹവും ഒന്നു
കിൽ യഥാർത്ഥവിവാഹമാകത്തക്ക വിധത്തിൽ നടത്തപ്പെടുന്നു,
അങ്ങനെയാണെങ്കിൽ ദൈവീകാധികാരത്താൽ സമസ്തവിവാ
ഹത്തിലും ഉറച്ചു ചേർന്നു നില്ക്കുന്ന സ്ഥായിയായ ആ ബന്ധം
അതിനു സഹജമായി ഉണ്ട്. അല്ലെങ്കിൽ അവ ഈ ചിരസ്ഥാ
യിബന്ധം കൂടാതെ നടക്കുന്നതായി വിചാരിക്കപ്പെടുന്നു. ആ
സ്ഥിതിക്ക് അവ വിവാഹമേ അല്ല. പിന്നയോ അതിൻെറ
സ്വഭാവത്താൽതന്നെ ദൈവപ്രമാണത്തിന്ന് വിപരീതവും, ത
ന്നിമിത്തം അതിൽ ഏർപ്പെടുന്നതിനോ പാലിക്കപ്പെടുന്നതിനോ
വഹിയാത്തതും ആയ ഒരു നിഷിദ്ധസംയോഗം മാത്രമേ അതാകു
ന്നൊള്ളു.

* 21

## ദൈവപ്രമാണത്തിൻെറ വ്യാഖ്യാതാവു സഭയാണ്.

പ്രസ്തുതബന്ധദാർഢ്യതയാകട്ടെ അപവാദത്തിനു് വശഗയായി കാണപ്പെട്ടുന്നെങ്കിൽ, അവിശ്വാസികളുടെ ഇടയിൽ നടക്കുന്ന ചില സ്വാഭാവിക വിവാഹങ്ങളോ, അഥവാ ക്രിസ്ത്യാനികളുടെയിടയിൽ തന്നെ സാധുവായതാണെങ്കിലും സംഗമസമാപ്തമാകാത്ത വിവാഹങ്ങളോ പോലെ, അപവാദം എത്രതന്നെ അപൂർവ്വമായാലും ഈ അപവാദം മനുഷ്യമനസ്സിനെയോ ഏതെങ്കിലും മാനുഷിക ശക്തിയേയോ അല്ല, പ്രത്യുത ദൈവപ്രമാണത്തെയാണ് ആശ്രയിച്ചുനില്ക്കുന്നതു്. ഈ ദൈവപ്രമാണത്തിൻെറ സംരക്ഷകയും വ്യാഖ്യാതാവും മ്ശിഹായുടെ സഭയാണതാനും. എങ്കിലും എന്തുകാരണം തന്നെയുണ്ടായാലും സാധുവും സംഗമസമാപ്തവും ആയ ഒരു ക്രൈസ്തവ വിവാഹത്തെ സ്പർശിക്കാൻ ഈയധികാരത്തിനു് പോലും സാധിക്കയില്ല. എന്തുകൊണ്ടെന്നാൽ ഇവിടെ പ്രത്യക്ഷമായ വിവാഹഖരാറ് അതിൻെറ പരിപൂർണ്ണ സമാപ്തിയെ പ്രാപിച്ചിരിക്കുന്നതു കൂടാതെ യാതൊരു മാനുഷികാധികാരത്താലും വിധ്വംസിക്കപ്പെടാൻ പാടില്ലാത്തവണ്ണം പരമമായ ഒരു ദാർഢ്യതയും അഭേദ്യതയും ദൈവതിരുമനസ്സാൽ അതിനു് ഇവിടെ സംസിദ്ധമാകയും ചെയ്തിരിക്കുന്നു.

വന്ദ്യസഹോദരന്മാരെ, ദിവ്യമായ ഈ വ്യവസ്ഥയുടെ ഉററകാരണം എന്തെന്നു് സാദരം പര്യേഷണം ചെയ്യുന്നപക്ഷം ക്രിസ്ത്യാനികളുടെ ഇടയിലുള്ള സംഗമസമാപ്തമായ വിവാഹത്തിൽ സമഗ്രമായും സംപൂർണ്ണമായും അന്തർഭവിച്ചിരിക്കുന്നതായ നിഗൂഢാർത്ഥത്തിൽ നിഷ്പ്രയാസം നാം അതിനെ കണ്ടെത്തും. എന്തുകൊണ്ടെന്നാൽ (നാം മുൻപ് ഉദ്ധരിച്ചിട്ടുള്ളതായ) എഫേസിയക്കുള്ള ലേഖനത്തിൽ വി. ശ്ലീഹാ പറയുന്നതിൻവണ്ണം ക്രിസ്ത്യാനികളുടെ വിവാഹം മ്ശിഹായും സഭയും തമ്മിൽ സ്ഥിതിചെയ്യുന്ന പരിപൂർണ്ണതമമായ ഐക്യത്തെ അനുസ്മരിപ്പിക്കുന്നു. "ഈ രഹസ്യം വലുതായ ഒന്നാണു, അതു് മ്ശിഹായിലും സഭയിലും തന്നെ എന്നു് ഞാൻ പറയുന്നു." ഈ ഐക്യം മ്ശിഹായും താൻവഴി സഭയുംഉള്ള കാലത്തോളം യാതൊരു വിഘടനത്താലും ഒരിക്കലും ഖണ്ഡിക്കപ്പെടുവാൻ പാടില്ല. വി. അഗുസ്റ്റീനോസ് ഈ

ത്വത്തെ ഇങ്ങനെ വിശദമായി പ്രസ്താവിക്കുന്നു. "മ്ശിഹായിലും, നിത്യം ജീവിക്കുന്ന മ്ശിഹായോടുകൂടെ ജീവിക്കുന്നതിനാൽ ഒരിക്കലും തന്നിൽ നിന്നു വിമോചിക്കപ്പെടാൻ പാടില്ലാത്ത സഭയിലും ഇതു് സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ പട്ടണത്തിൽ അതായതു് മ്ശിഹായുടെ സഭയിൽ ഈ കൂദാശയുടെ അനുവർത്തനം ഈ സ്ഥിതിയിലാണു്. സന്താനോല്പാദനാർത്ഥം സ്ത്രീകൾവിവാഹം ചെയ്കയോ ഭാര്യാപദത്തിൽ സ്വീകരിക്കപ്പെടുകയോ ചെയ്താൽ പിന്നെ യാതൊരു സ്ത്രീ വന്ധ്യയായി ഭവിക്കുന്ന പക്ഷം അവളെ ഉപേക്ഷിച്ചിട്ടു സന്താനലാഭത്തിനായി അപരയെവരിക്കുന്നതു് അധർമ്മമാണു്. ഇങ്ങനെ ചെയ്യുന്നവൻ അന്യയെ വിവാഹംചെയ്താലെന്നോണം വ്യഭിചാരാപരാധിയായിത്തീരുന്നു. ഇതു് ഒരുത്തിയെ പരിത്യജിച്ചശേഷം അന്യയെ പരിഗ്രഹിക്കാൻ സ്വന്തജനത്തിന്റെ ഹൃദയകാഠിന്യം നിമിത്തം അനുവദിച്ചുവിടുന്നതിനുപോലും മോശക്കുദൈവം നൽകിയിരുന്ന അനുജ്ഞയനുസരിച്ചോ താല്ക്കാലിക നിയമമനുസരിച്ചോ അല്ല. പിന്നെയോ സുവിശേഷപ്രമാണാനുസരണമാണു്."

## അഭേദ്യതകൊണ്ടുള്ള പ്രയോജനങ്ങൾ.

വിവാഹത്തിന്റെ അഭേദ്യതയിൽ നിന്നുളവാകുന്ന ഗുണങ്ങൾ എത്ര ധാരാളവും ഗുരുതരവുമാണെന്നു് ദമ്പതിമാരുടെയും സന്താനത്തിന്റെയും നന്മയേയോ അല്ലെങ്കിൽ മനുഷ്യ സമുദായത്തിന്റെ ക്ഷേമത്തേയോപററി സ്വല്പമെങ്കിലും പര്യാലോചിക്കുന്ന യാതൊരുത്തന്റെയും ദൃഷ്ടിയിൽ പെടാതിരിക്കയില്ല. സർവ്വപ്രധാനമായി യഥാർത്ഥസ്നേഹം ഒരിക്കലും ക്ഷയിച്ചു പോകയില്ല എന്ന കാരണത്താൽ സ്വന്തദേഹങ്ങളുടെ ഉദാര സമർപ്പണവും ഹൃദയങ്ങളുടെ ഉററ ബന്ധവും പ്രകൃത്യാതന്നെ ഗാഢമായി ആവശ്യപ്പെടുന്ന ആ ചിരസ്ഥായിത്വത്തിന്റെ സ്പഷ്ടമായ ഉറപ്പിനെ ഭാര്യാഭർത്താക്കന്മാർക്കു ലഭ്യമാക്കുന്നു. കൂടാതെയും വിവാഹവിശ്വാസഭംഗത്തിനായി വല്ല പ്രേരണയും അകത്തുനിന്നോ പുറത്തുനിന്നോ ഉണ്ടായാൽത്തന്നെ ചാരിത്ര്യ വിശ്വസ്തതാസംരക്ഷണത്തിനുതകുന്ന ഒരു പ്രബലമായ കോട്ട ഇതിനാൽ സ്ഥാപിതമാകുന്നു.

ആപൽഘട്ടത്തിലോ വാർദ്ധക്യത്തിലോ ദമ്പതിമാരിൽ

ആരെങ്കിലും അവിശ്വാസത്തിനു പാത്രമായിത്തീരുമെന്നുള്ള ഉൽക്കണ്ഠാപൂർവ്വമായ ഭയം തടയുകയും തൽസ്ഥാനത്ത് നിർഭയത്വത്തിന്റെ പ്രശാന്തബോധം പ്രതിഷ്ഠിതമാകയും ചെയ്യുന്നു. മാത്രമല്ല പുരുഷന്റേയും സ്ത്രീയുടേയും ശ്രേഷ്ഠപദം പരിരക്ഷിക്കപ്പെടുകയും പരസ്പരസഹായം തൃപ്തികരമാംവണ്ണം സുനിശ്ചിതമാക്കപ്പെടുകയും ചെയ്യുന്നു. അതേ സമയംതന്നെ, ശാശ്വതമായ ഈ അഭേദ്യബന്ധം മൂലം ദമ്പതിമാർ നശ്വരമായ വല്ലതിനോ കാമവികാരങ്ങളെ സാധിക്കുന്നതിനോ അല്ല പ്രത്യുത അത്യുൽകൃഷ്ടവും അക്ഷയവും ആയ നന്മയെ പരസ്പരം സമ്പാദിക്കുന്നതിനായിട്ടാണ് മരണത്താൽ മാത്രം വിഭേദ്യമായുള്ള ഈ വിവാഹബന്ധത്തിൽ പ്രവേശിച്ചിരിക്കുന്നതെന്ന് നിരന്തരം ഉൽബോധിപ്പിക്കപ്പെടുന്നു. അനേക വത്സരകാലത്തേക്ക് ദീർഘിക്കുന്നതായ കുട്ടികളുടെ വളർത്തൽ അഭ്യസനം എന്നിതുകൾക്ക് ഇതു് വളരെ പറ്റിയ ഒന്നാണ്. എന്തുകൊണ്ടെന്നാൽ ഈ ഉദ്യോഗത്തിന്റെ ഗൗരവാവഹവും സുദീർഘവും ആയ ഭാരം മാതാപിതാക്കന്മാരുടെ യോജിച്ചുള്ള പ്രയത്നങ്ങളാണ് വഹിക്കുന്നതു്. മനുഷ്യ സമുദായത്തിന് അകപ്പാടെ ഉണ്ടാകുന്ന ഗുണങ്ങളും ഇവയിൽ ഒട്ടും താണവയല്ല. എങ്ങിനെയെന്നാൽ അനുഭവം പഠിപ്പിച്ചിട്ടുള്ളതു് വിവാഹത്തിന്റെ ഏതൃത്തുക്രടാത്ത അഭേദ്യത സുകൃത ജീവിതത്തിന്റെയും നിർമ്മലത്വത്തിന്റെയും ഫലപ്രദമായ ഉൽഭവ സ്ഥാനമാകുന്നുവെന്നാണ്. കാര്യങ്ങൾ ഇത്ര ക്രമീകൃതമായി സ്ഥിതിചെയ്യുന്നിടത്ത് ജനതതിയുടെ ക്ഷേമൈശ്വര്യങ്ങൾ ഭദ്രമായി സംരക്ഷിക്കപ്പെടുന്നു. കുടുംബങ്ങളുടേയും വ്യക്തികളുടേയും നിലയിൽ നിന്ന് വ്യത്യസ്തമല്ല രാഷ്ട്രത്തിന്റേതു്. ഗാത്രത്തിന്റെ സ്ഥിതി അംഗങ്ങളുടേതിൽ നിന്ന് നിർണ്ണയിക്കപ്പെടുന്നു എന്നുള്ളതാണ് ഇതിന്റെ കാരണം. തന്നിമിത്തം വിവാഹത്തിന്റെ അഭേദ്യമായ സ്ഥായിത്വത്തെ ശത്രുക്കളുടെ അക്രമണത്തിൽ നിന്ന് സധൈര്യം രക്ഷിക്കുന്നവർ ഭർത്താവിന്റെയും ഭാര്യയുടെയും കുട്ടികളുടെയും തനതു നന്മയെ എന്നപോലെ തന്നെ മനുഷ്യ സമുദായത്തിന്റെ പൊതു ക്ഷേമത്തെയും പുലർത്തുന്നു എന്ന കാരണത്താൽ പ്രശംസാർഹമായ ഒരു കൃത്യത്തിലാണ് ഏർപ്പെട്ടിരിക്കുന്നതു്.

## ക്രൂദാശയുടെ വരപ്രസാദം.

എന്നാൽ ഈ ക്രൂദാശയുടെ ഗുണങ്ങളേപ്പററി പര്യാലോചിക്കുമ്പോൾ, ദൃഢതയും അഭേദ്യതയും അല്ലാതെ അവയിലും ശ്രേഷ്ഠതരങ്ങളായ ഇതരഗുണങ്ങളും ഇതിനുള്ളതായി കാണാം. "ക്രൂദാശ"യെന്നപദം തന്നെ ഇത് സമുചിതം നിർദ്ദേശിക്കുന്നു. ക്രിസ്ത്യാനികൾക്ക് ഈ പദം അർത്ഥമില്ലാത്തതും വ്യർത്ഥവുമായ ഒന്നല്ല. വി. ക്രൂദാശയുടെ സ്ഥാപകനും സാധകനും ആയ മ്ശിഹാ കർത്താവ് അവിടത്തെ വിശ്വാസികളുടെ വിവാഹത്തെ പുതിയനിയമത്തിലെ ഒരുയഥാർത്ഥക്രൂദാശയുടെനിലയിലേക്കുയർത്തികൊണ്ട് യാതൊന്നുവഴി അത് സ്വാഭാവികസ്നേഹത്തെ പരിപൂർണ്ണമാക്കുകയും, അഭേദ്യമായ ഈ ബന്ധത്തെ ദൃഢീകരിക്കയും, പുരുഷനേയും സ്ത്രീയേയും വിശുദ്ധീകരിക്കുകയും ചെയ്യുന്നുവോ, ആ ആന്തരികമായ പ്രത്യേക ദൈവവരത്തിൻെറ അടയാളവും മൂലവുമായി അതിനെ ആക്കിത്തീർത്തു.

വിശ്വാസികളുടെ വിവാഹത്തിൻെറ സാധുവായ മനസ്സമ്മതിദാനത്തേ ദൈവവരത്തിൻെറ ഒരു സങ്കേതമായി മ്ശിഹാ സ്ഥാപിച്ചതിനാൽ ക്രൂദാശ ക്രിസ്തീയ വിവാഹത്തോട് അഭേദ്യമായി യോജിച്ച് നിൽക്കുന്നു. തൻമൂലം മാമ്മോദീസാ മുങ്ങിയവരുടെയിൽ ക്രൂദാശയല്ലാത്ത യഥാർത്ഥവിവാഹം ഒരു തരത്തിലും ഉണ്ടാകുവാൻ പാടില്ല.

ഇങ്ങനെ വിശ്വാസികൾ നിഷ്ക്കപടമനസ്സോടുകൂടെ ഈ സമ്മതം നൽകുന്നതിനാൽതന്നെ അവർ തങ്ങൾക്കായി ക്രൂദാശക്കടുത്ത വരപ്രസാദത്തിൻെറ നിക്ഷേപത്തെ തുറന്നുകൊണ്ട് മരണപര്യന്തം തങ്ങളുടെ ചുമതലകളെയും അവകാശങ്ങളെയും വിശ്വസ്തതയോടും വിശുദ്ധമായും അഭിനിവേശപൂർവ്വം നിർവ്വഹിക്കുന്നതിനു വേണ്ട സ്വഭാവാതീത ശക്തിയെ പ്രാപിക്കുന്നു. ഏതൻമൂലം ഈ ക്രൂദാശ സാധാരണ പറയാറുള്ളതുപോലെ തടസ്സം ഒന്നും വെയ്ക്കാത്തവർക്കും സ്വഭാവാതീത ജീവൻെറ അക്ഷയബീജമായ ശുദ്ധീകര വരപ്രസാദത്തെ വർദ്ധിപ്പിക്ക മാത്രമല്ല ചെയ്യുന്നത്. പ്രസ്തുത പ്രത്യേകദാനങ്ങളേയും, പ്രവണതകളേയും വരപ്രസാദ ബീജങ്ങളേയും കൂടെനൽകിക്കൊണ്ടും സ്വാഭാവിക ശക്തികളെ ഉദ്ധരിക്കയും പൂർത്തികരിക്കയും ചെയ്യുന്നു. ഏതൽ ഫലമായിട്ട് ഇരുകക്ഷികൾക്കും പരസ്പരം മനസ്സിലാക്കുന്നതിനു മാ

ത്തുമല്ല ദൃഢമായി അറിയുന്നതിനും, സ്ഥിരമായി ഒന്നിച്ചു ചേരുന്നതിനും കാര്യം സാധിക്കത്തക്കവണ്ണം ഇച്ഛാശക്തിയെ പ്രവൎത്തിപ്പിക്കുന്നതിനു വിവാഹന്തസ്സിനേയും അതിൻെറ ഉദ്ദേശ്യങ്ങളേയും കടമകളേയും സംബന്ധിക്കുന്നവയെ സഫലം അഭ്യസിക്കുന്നതിനും സാധിക്കുന്നു. കടശിയായി വിവാഹാന്തസ്സിൻെറ ചുമതലകളെ നിറവേററുന്നതിന് അതാതു സമയത്തു് വേണ്ട വരപ്രസാദസഹായം ആവശ്യമുള്ളപ്പോൾ ഒക്കെ ലഭിക്കുന്നതിനുള്ള അർഹതയും അവൎക്കു പ്രദാനം ചെയ്യുന്നു.

## പലപ്പോഴും ഫലവത്താകാത്തതിൻെറ കാരണം

എന്നിരുന്നാലും മനുഷ്യർക്ക് ദൃഢബുദ്ധി വെച്ചശേഷം അവർ സ്വീകരിക്കുന്ന കൂദാശകളുടെ പൂൎണ്ണഫലം കിട്ടണമെങ്കിൽ ദൈവവരത്തോടു സഹകരിച്ചു് പ്രവൎത്തിക്കണമെന്നുള്ളതു് അതിസ്വാഭാവികസംവിധാനത്തിൽ ദൈവപരിപാലനയുടെ ഒരു നിയമം ആകയാൽ, ദമ്പതിമാർ സ്വഭാവാതീത ശക്തികളെക്കൊണ്ടു് വ്യാപാരം ചെയ്യുകയും അവൎക്കു സിദ്ധിച്ച വരപ്രസാദബീജങ്ങളെ പുഷ്ടിപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനും യത്നിക്കയും ചെയ്യാത്ത പക്ഷം വിവാഹത്തിൻെറ വരപ്രസാദം വയലിൽ ഒളിഞ്ഞുകിടക്കുന്ന വിഭവംപോലെ ഏറിയകൂറും നിരുപയോഗമാകാനേ തരമുള്ളു. എന്നാൽ കഴിവുപോലെ ശ്രമിച്ചു ശ്രദ്ധാപൂൎവ്വം അവർ സഹകരിക്കുന്നതായാൽ തങ്ങളുടെ അന്തസ്സിൻെറ ഭാരത്തെ വഹിക്കുന്നതിനും കടമകളെ നിറവേററുന്നതിനും അവൎക്ക് നിഷ്പ്രയാസം സാധിക്കും. ഈ കൂദാശയാൽ അവർ ശക്തീകരിക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും ഒരു വിധത്തിൽ അഭിഷിക്തരാക്കപ്പെടുക കൂടെയും ചെയ്യും. എന്തുകൊണ്ടെന്നാൽ വിശുദ്ധ അഗുസ്തിനോസിൻെറ ബോധനപ്രകാരം മാമ്മോദീസായാലും വി. പട്ടത്താലും യാവനൊരുത്തൻ ക്രിസ്തീയജീവിതത്തിൻെറ കടമാനിൎവ്വഹണത്തിനൊ അഥവാ പൗരോഹിത്യജോലിക്കോ ആയി വേർതിരിക്കപ്പെടുകയും സഹായിക്കപ്പെടുകയും ഇവയുടെ കൂദാശ പരമായ സഹായം സൎവ്വദാ അയാൾക്കു ഉണ്ടായിരിക്കുകയും ചെയ്യുന്നതുപോലെ തന്നെ, മിക്കവാറും—കൂദാശപരമായ മുദ്രയാലല്ലെങ്കിലും, വിവാഹബന്ധത്താൽ ഒരിക്കൽ സംയുക്തരായവൎക്കു ഈ കൂദാശയുടെ സഹായത്തിൻെറ

യും ബന്ധനശക്തിയുടെയും അഭാവം ഒരിക്കലും ഉണ്ടാകുന്നതല്ല. നിശ്ചയമായും പ്രസ്തുത വി. വേദപാരംഗതൻ തുടന്നു പറയുന്നതുപോലെ വ്യഭിചാരം ചെയ്യുന്നവരും ഈ വിശുദ്ധ നുകത്തെ വഹിച്ചുകൊണ്ടു നടക്കുന്നു. എന്നാൽ ഈ വിഷയത്താൽ അതു വരപ്രസാദത്തിൻെറ മഹിമയ്ക്കുള്ള ഒരു ആധാരമായിട്ടല്ല, പ്രത്യുത അവരുടെ ദുഷ്കൃതിയുടെ അപമാനത്തിനായിട്ടാണുതാനും. "ഇതു് ഒരുവിധം പറയുന്നതായാൽ മ്ശിഹായുമായി ചെയ്ത വിവാഹത്തിൽനിന്നു് ആത്മാവു മതത്യാഗത്തിൽ സ്വയം വേർതിരിഞ്ഞു വിശ്വാസത്തെയുപേക്ഷിച്ചാലും പുനർജനനത്തിൻെറ സ്ഥാനത്തിങ്കൽ അതിനു സിദ്ധിച്ച വിശ്വാസത്തിൻെറ ക്രൂദാശ നഷ്ടമാകാത്തതുപോലെയാണു്."

വിവാഹത്തിൽ ഏൎപ്പെടുന്നകക്ഷികൾ ക്രൂദാശയുടെ സുവൎണ്ണശൃംഖലയാൽ ബന്ധിതരാകുന്നല്ല പ്രത്യുത അലംകൃതരാകയാണു്. അതു് അവൎക്കു ഒരു കുടുക്കല്ല, പിന്നെയോ ഒരു തുണയാണു് എന്നതും പ്രസ്താവയോഗ്യമാണു്. ഇങ്ങനെ അവർ ഈ ക്രൂദാശയുടെ ശക്തിയും സൂചനയും മൂലം എന്നതുപോലെതന്നെ അവരുടെ ചൈതന്യവും ജീവിതരീതിയുംവഴി തങ്ങളുടെ ദാമ്പത്യബന്ധം, പരിപൂൎണ്ണതമമായ പ്രേമത്തിൻെറ പവിത്രസ്മാരകമായി വണങ്ങപ്പെടേണ്ടതും അതിവഫലസംദായകവും ആയിരിക്കുന്ന മ്ശിഹായും സഭയും തമ്മിലുള്ള ഐക്യത്തിൻെറ സജീവപ്രതിരൂപമായിത്തീരുന്നതിനും ആ സ്ഥിതിയിൽ നിലനിൽക്കുന്നതിനും ആയി സൎവ്വശക്തിയും ഉപയോഗിച്ചു ശ്രമിക്കേണ്ടിയിരിക്കുന്നു.

വന്ദ്യസഹോദരന്മാരെ, ഇവയെല്ലാം നിങ്ങൾ അവധാനപൂൎവ്വം ചിന്തിക്കയും സജീവവിശ്വാസ സമേതം ധ്യാനിക്കയും ചെയ്യെങ്കിൽ മാത്രമേ വിവാഹത്തിൻെറ അനിതരസാധാരണമായ ഗുണഗണങ്ങളെ അതായതു് സന്താനം, ചാരിത്രം, ക്രൂദാശ എന്നിവയെ യഥാൎത്ഥനിറത്തിൽ കാണുകയൊള്ളു. ഭാൎയ്യാഭൎത്താക്കന്മാരുടെ ഉൽകൃഷ്ടപദത്തേയുംസൗഭാഗ്യാവസ്ഥയേയും പുരസ്കരിച്ചുകൊണ്ടു ഏകവും പാതിവ്രത്യപരവും പരിശുദ്ധവുമായ ദാമ്പത്യബന്ധത്തിൻെറ ക്രൂദയ്മയാൽ മനുഷ്യവൎഗ്ഗത്തിൻെറ നിലനില്പിനും പ്രചരണത്തിനും ഇത്രയുദാരപൂൎവ്വം വ്യവസ്ഥചെയ്തിരിക്കുന്ന ദിവ്യജ്ഞാനത്തേയും പരിശുദ്ധതയേയും നന്മയേയും പ്രശംസിക്കാതിക്കാൻ യാതൊരുത്തനും നിവൃത്തിയില്ല.

## III. വിവാഹത്തിൻെറ "നിന്ദിക്കപ്പെട്ടും അവമാനിക്കപ്പെട്ടുമിരിക്കുന്ന,, ആധുനികനില.

വന്ദ്യസഹോദരന്മാരെ, പാതിവ്രത്യപരമായ ദാമ്പത്യാവസ്ഥയുടെ ഔൽകൃഷ്ട്യപാരമ്യത്തെപ്പററി നാം പര്യാലോചിക്കുമ്പോൾ ഈ ദിവ്യസ്ഥാപനം പ്രത്യേകമായി നമ്മുടെ ഇക്കാലത്തു പലപ്പോഴും പരിഹാസപാത്രമാക്കപ്പെടുകയും സർവ്വത്ര ഇടിച്ചു താഴ്ത്തപ്പെടുകയും ചെയ്യുന്നതു തുലോം വിലപനീയമായി കാണപ്പെടുന്നു.

എന്തെന്നാൽ ഹാ കഷ്ടം! രഹസ്യത്തിലോ ഒളിവിലോ അല്ലാ പ്രത്യുത പരസ്യമായിട്ടും ലജ്ജയെ അശേഷം ദൂരീകരിച്ചു കൊണ്ടും പ്രസംഗങ്ങളാലും പ്രബന്ധങ്ങൾ വഴിയായും നാനാതരങ്ങളായ നാട്യകൃതികൾകൊണ്ടും, വിചിത്രങ്ങളായ കല്പിതകഥകളാലും ശൃംഗാരരസപ്രധാനങ്ങളും അന്തസ്സാരവിഹീനങ്ങളുമായ ആഖ്യായികകൾമൂലവും സജീവാവസ്ഥയെ പ്രദർശിപ്പിക്കുന്ന ചില ചിത്രങ്ങളാലും കമ്പിയില്ലാക്കമ്പിമൂലം പ്രവൎത്തിക്കുന്ന ദൂരഭാഷണയന്ത്രങ്ങൾ കൊണ്ടും ചുരുക്കിപ്പറയുന്നതായാൽ ആധുനികവിജ്ഞാനത്തിൻെറ സകല കണ്ടുപിടുത്തങ്ങളാലും വിവാഹത്തിൻെറ പവിത്രത ദുഷ്ഫലീകരിക്കപ്പെടുകയും ആക്ഷേപിക്കപ്പെടുകയും ചെയ്യുന്നു. വിവാഹമോചനം വ്യഭിചാരം അടിയായി നീചതമങ്ങളായ സമസ്ത ദുർവൃത്തികളും ഒന്നുകിൽ പ്രശംസിക്കപ്പെടുന്നു, അല്ലെങ്കിൽ തീരെ കുറഞ്ഞപക്ഷം അവയിൽ ദുഷ്കീൎത്തികരമായി ഒന്നും തന്നെ ഇല്ലെന്നു പ്രത്യക്ഷമായി തോന്നത്തക്ക നിറത്തിൽ അവ ചിത്രിക്കപ്പെടുന്നു. ശാസ്ത്രീയമെന്നു സ്വയം ഘോഷിക്കുന്നതിന്നു തുനിയുന്ന പുസ്തകങ്ങളും ദുർല്ലഭമല്ല. എന്നാൽ യഥാൎത്ഥത്തിൽ അവയിലെ അശയങ്ങളെ അനായസേന മനുഷ്യബുദ്ധിയിൽ മന്ദംമന്ദം പ്രവേശിപ്പിക്കുന്നതിനുവേണ്ടി അവ ശാസ്ത്രത്തിൻെറ വെറും പുറംപൂച്ചോടുകൂടി മാത്രം വിരചിതങ്ങളാണു്. ഇവയിൽ ഉപപാദനം ചെയ്യപ്പെടുന്ന ബോധനങ്ങൾ ആധുനിക മേധാശക്തിയുടെ കൃതികൾ— എന്നുവെച്ചാൽ, സത്യത്തെപ്പററിയുള്ള ആസക്തിനിമിത്തം പൂൎവ്വികന്മാരുടെ അപകപങ്ങളായ പ്രാചീനാഭിപ്രായങ്ങളിൽനിന്നു സ്വയം വിമുക്തമായി എന്നു വിചാരിക്കപ്പെടുന്ന ആധിശക്തിയുടെ കൃതികൾ— എന്നഭാവത്തിൽ വില്പനയ്ക്കായി വെക്കപ്പെടുന്നു. ക്രിസ്തീയ വിവാഹ-

ത്തെപ്പററിയുള്ള പരമ്പരാഗതമായ ഉപദേശത്തേയും ഈ പ്രാചീനാഭിപ്രായങ്ങളുടെ ഗണത്തിൽ ചേർത്തു ത്യാജ്യകോടിയിൽ തള്ളിക്കളഞ്ഞിരിക്കുന്നു.

## ചെറുപ്പക്കാർക്ക് വെയ്ക്കപ്പെട്ടിരിക്കുന്ന കണികൾ.

ധനവാനെന്നോ ദരിദ്രനെന്നോ തൊഴിലാളിയെന്നോ മുതലാളിയെന്നോ പണ്ഡിതനെന്നോ പാമരനെന്നോ വിവാഹിതനെന്നോ അവിവാഹിതനെന്നോ ആസ്തികനെന്നോ നാസ്തികനെന്നോ വൃദ്ധനെന്നോ ബാലനെന്നോ ഉള്ള ഭേദം കൂടാതെ നാനാവർഗ്ഗത്തിൽപെട്ട ആളുകളുടേയും മനസ്സിൽ ഈ ആശയങ്ങളെ ക്രമേണ നുഴച്ചുകയററിവരുന്നു. എന്നാൽ കടശി പറയപ്പെട്ടിരിക്കുന്ന കൂട്ടർ കൂടുതൽ എളുപ്പത്തിൽ ഇവരുടെ ഇരയായി തീരുന്നതിനാൽ അവരെ കുടുക്കിലാക്കുന്നതിനാണു അതിനിചമായ ഈ ശ്രമം തിവ്രമായി നടത്തപ്പെടുന്നതു്.

ഈ നവിനോപദേശത്തെ പ്രതിനിധീകരിക്കുന്ന എല്ലാവരും തന്നെ ഉച്ഛശൃംഖലമായ വിഷയസുഖേച്ഛയുടെ പരമാവധിയിൽ എത്തിയിരിക്കുന്നു എന്നു ഇവിടെ പറയുന്നില്ല. ഒരു മദ്ധ്യമാർഗ്ഗം അവലംബിക്കുന്നതിനുള്ള ശ്രമത്തിൽ, ദൈവകല്പനകളുടെയും സ്വഭാവപ്രമാണത്തിൻെറയും ഘൃതാനം ചില വിധികളിലെങ്കിലും നമ്മുടെ ഇക്കാലത്തു ചില വിട്ടുവിഴ്ചകളും മയപ്പെടുത്തലും അത്യാവശ്യമെന്നു വിചാരിക്കുന്നവരുണ്ടു്. എന്നാൽ ഇതരന്മാരേപ്പോലെ തന്നെ ഇവരും ഏറക്കുറെ മനസ്സറിവോടു കൂടി, കോതമ്പിൻെറ ഇടയിൽ കള വിതക്കുന്നതിൽ സദാ ജാഗരൂകനായിരിക്കുന്ന നമ്മുടെ കൊടിയ ശത്രുവിൻെറ ദൂതന്മാരായി വർത്തിക്കുന്നു. നാം പിതാവിനാൽ തൻെറ വയലിൻെറ മേലന്വേഷണത്തിനു നിയുക്തനായിരിക്കുന്നു. കളകൾ നല്ലവിത്തുകളുടെ മദ്ധ്യേ വളൎന്നു അവയെ നശിപ്പിക്കാതിരിക്കുന്നതിനുവേണ്ടി സൂക്ഷിക്കുന്നതിനുള്ള അതിപാവനമായ കടമയാൽ ബാദ്ധ്യസ്ഥനായിരിക്കുന്നതും നാം തന്നെയാണ്. ആകയാൽ പൌലോസ്ശ്ലീഹാ തൻെറ വാത്സല്യ ശിഷ്യനായ തിമോത്തിയോട്; "നീ ജാഗരൂകനായിരിക്ക... നിൻെറ ശുശ്രൂഷയെ നിൎവ്വഹിക്ക.... വചനത്തെ പ്രസംഗിക്ക.... കാലത്തും അകാലത്തും നിർബന്ധിച്ചു, വലിയ ക്ഷമയോടും പഠിപ്പോടുംകൂടെ ഗുണദോഷി

കയും ശാസിക്കയും കുററപ്പെടുത്തുകയും ചെയ്തു" എന്നുപറഞ്ഞുകൊടുത്തിരിക്കുന്ന ഉപദേശത്തിൽ ഉപയോഗിച്ചിരിക്കുന്ന റൂഹാദ്ക്കുദേശായുടെ ഗൌരവതരങ്ങളായ വാക്കുകൾ നമ്മേ സംബന്ധിച്ചും പറയപ്പെട്ടിരിക്കുന്നതായി വിചാരിക്കുന്നതിൽ തെല്ലും അസാംഗത്യമില്ല തന്നെ.

എന്നാൽ ശത്രുവിൻെറ കണികളേ ഒഴിഞ്ഞുമാറുന്നതിനു ആദ്യമേതന്നെ അവയേ സ്പഷ്ടമായി പ്രത്യക്ഷമാക്കുന്ന നില വരുത്തേണ്ടതു അത്യാവശ്യമാകയാലും മുൻകരുതൽ ഇല്ലാത്തവരെ ഉദ്ദേശിച്ചു ഏതാദൃശാബദ്ധങ്ങളേ ആക്രോശനം ചെയ്യുന്നതു കൊണ്ടു വലിയ ഗുണമുണ്ടാകാനിടയുള്ളതിനാലും "വിശുദ്ധന്മാൎക്കുചിതമായിരിക്കുന്നതിന്മണ്ണം" ഈ അകൃത്യങ്ങളുടെ പേരു പറയുന്നതിനുകൂടെയും നമുക്കു ഇഷ്ടമില്ലെങ്കിലും, ആത്മാക്കളുടെ ക്ഷേമത്തേ പുരസ്കരിച്ചു നമ്മുടെ മൌനമുദ്രയേ ഭഞ്ജിക്കാതിരിപ്പാൻ നിവൃത്തിയില്ല.

## വിവാഹത്തെപ്പററിയുള്ള അബദ്ധാഭിപ്രായങ്ങൾ.

ഈ ദുരവസ്ഥകളുടെ മൂലസ്ഥാനം മുതൽതന്നെ തുടങ്ങുന്നതായാൽ, വിവാഹം പ്രകൃതിയുടെ കൎത്താവിനാൽ സ്ഥാപിതമല്ല, കൎത്താവായ മ്ശിഹായാൽ ഒരു കൂദാശയുടെ ഉൽകൃഷ്ടപദത്തിലേക്ക് ഉദ്ധൃതവുമല്ല, പ്രത്യുത വെറും മനുഷ്യസൃഷ്ടിമാത്രമാണ് എന്ന പ്രസ്താവനയുടെ ചൎവ്വിതചൎവ്വണത്തിലാണു അവരുടെ അടിസ്ഥാനതത്വം അടങ്ങിയിരിക്കുന്നതു്. പ്രകൃതിയിലാവട്ടെ അതിൻെറ നിയമങ്ങളിലാവട്ടെ വിവാഹത്തിൻെറ ആസ്തിക്യത്തേ തെളിയിക്കുന്ന യാതൊരു രേഖയും കണ്ടുകിട്ടിയിട്ടില്ല എന്നു ചിലർ നിസ്സംശയം ഘോഷിക്കുന്നു. ജീവോല്പാദനത്തിനും പ്രചണ്ഡമായ ഒരു പ്രചോദനത്തിൻെറ ഏതെങ്കിലും വിധത്തിലുള്ള ദമനത്തിനുള്ള ഒരു മാൎഗ്ഗമായിട്ടുംമാത്രമേ ഇവർ ഇതിനെ ഗണിക്കുന്നുള്ളു. മററുചിലരോ എന്നാൽ നേരെമറിച്ചു, യഥാൎത്ഥദാമ്പത്യത്തിൻെറ ചില ആരംഭങ്ങൾ അഥവാ ബീജങ്ങൾ എന്നോണം ഏതാണ്ടൊക്കെ മനുഷ്യപ്രകൃതിയിൽ കാണപ്പെടുന്നു എന്നു സമ്മതിക്കുന്നുണ്ടു്. ഇതിൻെറ കാരണം മനുഷ്യർ പരസ്പരം ചിരസ്ഥായിയായ വല്ല ബന്ധത്താലും ഒന്നിച്ചു ചേൎക്കപ്പെടാത്തപക്ഷം ഭാൎയ്യാഭൎത്താക്കന്മാരുടെ മാഹാത്മ്യമോ സന്താനോൽപാദനത്തിൻെറയും സംരക്ഷണ

ത്തിന്റെയും സ്വാഭാവികലക്ഷ്യമോ തൃപ്തികരമായ വിധത്തിൽ വ്യവസ്ഥാപിതമാകയില്ല എന്നുള്ളതാണ്. അതേസമയം തന്നേ, ഈ മൂലാശയം ഒഴികെ മററു സമസ്തത്തിലും വിവാഹം സഹപ്രവൎത്തകങ്ങളായ നിരവധികാരണങ്ങളാൽ മനുഷ്യബുദ്ധിയുടെ സൃഷ്ടിയും മനുഷ്യമനസ്സാൽ ഏൎപ്പെടുത്തപ്പെട്ട ഒന്നുമാണ് എന്നു അവർ ഉറപ്പിച്ചു പറയുന്നു.

ഇക്കൂട്ടരെല്ലാം എത്ര ഭീമമായ അബദ്ധത്തിൽ വീണു കിടക്കുന്നു എന്നും പരമാൎത്ഥത്തിന്റെ പദ്ധതിയേ എത്രയോ നിൎല്ലജ്ജം ഉപേക്ഷിച്ചുകളയുന്നു എന്നുംഉള്ളതു വിവാഹത്തിന്റെ ഉല്പത്തി, ഉദ്ദേശ്യം, സഹജമായ പ്രയോജനം എന്നിതുകളേപ്പററി മുകളിൽ നാം പ്രതിപാദിച്ചിട്ടുള്ളതിൽനിന്നും വിശദമാണല്ലൊ. ഈ പക്ഷത്തേ അനുകൂലിച്ചു വാദിക്കുന്നവൎക്ക് അതിനെ ആധാരമാക്കി ചെയ്യുന്ന അനുമാനങ്ങളിൽനിന്നും ഈ ബോധനത്തിന്റെ ദൂഷ്യം വ്യക്തമായി കാണാവുന്നതാണ്. അതായതു, ദാമ്പത്യബന്ധത്തേ നിയന്ത്രിക്കുന്ന നിയമങ്ങളുടെയും ആചാരങ്ങളുടെയും സമ്പ്രദായങ്ങളുടെയും ആരംഭം മനുഷ്യമനസ്സുമാത്രമായിരിക്കയാൽ അവ പൂൎണ്ണമായി മനുഷ്യനു് അധീനമാണ്: തന്നിമിത്തം അവ മനുഷ്യചാപല്യങ്ങളും സദാപരിവൎത്തനം ചെയ്തുകൊണ്ടിരിക്കുന്ന മാനുഷികവ്യവഹാരങ്ങളുടെ സാഹചൎയ്യങ്ങളും അനുസരിച്ചു സ്ഥാപിതങ്ങൾ ആകാനും രൂപാന്തരം പ്രാപിക്കാനും നിൎത്തലാക്കപ്പെടാനും പാടുണ്ടു്. അങ്ങിനെതന്നേ വേണംതാനും. പ്രകൃതിയിൽ തന്നെ അധിഷ്ഠിതമായിരിക്കുന്ന ഉല്പാദകശക്തി ഉപരിപാവനമാണ്. അതിന്റെ വ്യാപ്തി വിവാഹസീമയേ ഉല്ലംഘിക്കുന്നതുമാണ്. തൻമൂലം വിവാഹത്തിന്റെ ഉദ്ദേശ്യം പരിത്യജിക്കപ്പെട്ടാൽതന്നെയും അതു ദാമ്പത്യബന്ധത്തിന്റെ പരിധിക്കുള്ളിലും പുറമേയും ഒരുപോലെ ഉപയോഗിക്കപ്പെടാവുന്നതാണ്. ഇതിൽ നിന്നു ധ്വനിക്കുന്നതു ഒരു നീചവ്യഭിചാരിണിയുടെ ദുസ്സ്വാതന്ത്ര്യം ഒരു പതിവ്രതയായ ധൎമ്മപത്നിയുടെ മാതൃത്വത്തിന്റെ സമസ്താവകാശങ്ങളെയും അനുഭവിക്കുന്നതിനു അൎഹമായിരിക്കണമെന്നാണല്ലൊ.

### ‘സഹവാസ’ വിവാഹം.

ഈ തത്വങ്ങളേ ആയുധമായി ധരിച്ചുകൊണ്ടു ചിലർ മനുഷ്യരുടെ ഇപ്പോഴത്തേ സ്വഭാവവിശേഷത്തിനും കാലഭേദ

ങ്ങൾക്കും അനുരൂപമായവ എന്ന് പറഞ്ഞുംകൊണ്ടു ചില പുതി യ തരം ഐക്യങ്ങളേ നിർമ്മിക്കത്തക്കവണ്ണം അത്ര അങ്ങേ അററത്തു എത്തിക്കഴിഞ്ഞിരിക്കുന്നു. വിവാഹത്തിൻെറ വിവിധങ്ങളായ ഈ പുതിയവകഭേദങ്ങൾക്കു അവർ "താല്ക്കാലികം" "പരീക്ഷാർത്ഥം" "സഹവാസം" എന്നിങ്ങനെയൊക്കെ പേരുകല്പിക്കുന്നതിനും തുനിയുന്നുണ്ട്. ഇരുപാട്ടുകാരും പിന്നിട്ടു തങ്ങളുടെ സഹവാസത്തേ നിയമത്തിൻെറ പൂർണ്ണമായ അർത്ഥവ്യാപ്തിയിൽ പെടുന്നവിവാഹമായിട്ടുമാററാത്തപക്ഷം, ബന്ധത്തിൻെറ അഭേദ്യതയും സന്താനവും നീക്കി വിവാഹത്തിൻെറ എല്ലാ ഭോഗങ്ങളേയും അവകാശങ്ങളേയും ഇവയ്ക്കനുവദിച്ചുകൊടുക്കുന്നു.

ഈ അഴിമതികളേ രാജ്യചട്ടംമൂലം നിയമാനുസൃതമാക്കുന്നതിനും അല്ലെങ്കിൽ തിരെ കുറഞ്ഞാൽ പൊതുജനങ്ങളുടെ ഇടയിൽ അവയ്ക്കു സിദ്ധിച്ചിട്ടുള്ള പ്രചാരം ഹേതുവാൽ അവ നിർദ്ദോഷമാണെന്നു വരുത്തുന്നതിനും ആഗ്രഹിക്കയും തീവ്രമായി യത്നിക്കയും ചെയ്യുന്നവരായി ഏതാനും ചിലരുണ്ട്. അവർ അത്യധികം പ്രശംസിക്കുന്ന ആധുനികപരിഷ്കാരത്തിൻെറ ഒരു കണികപോലും ഈ പ്രസ്താവനകളിൽ ഇല്ലെന്നും പ്രത്യുത അവ നമ്മുടെ സാക്ഷാൽ പരിഷ്കൃതരായ ജനങ്ങളേ കാട്ടാളജാതിക്കാരുടെ അപരിഷ്കൃതാവസ്ഥയിൽ നിശ്ചയമായും നിപതിപ്പിക്കുന്ന അറസ്റ്റുതരം അശുദ്ധാചാരങ്ങൾ മാത്രമാണെന്നും അല്പസംശയംപോലും അവക്കില്ലതന്നെ.

## IV.

## ക്രിസ്തീയവിവാഹത്തിനു വിരുദ്ധമായ ദുർഗ്ഗുണങ്ങൾ.

വന്ദ്യസഹോദരന്മാരെ, ഇനി വിവാഹത്തിൻെറ ഓരോ നന്മയ്ക്കും വിരുദ്ധമായ ദുർഗ്ഗുണങ്ങളെ നാം സവിസ്തരം വിശദീകരിക്കാൻ പോകുന്നു. ഇതിൽ പ്രഥമമായ ശ്രദ്ധ സന്താനത്തിന്മേലാണു പതിക്കേണ്ടതു്. പലരും ഇതിനെ വിവാഹത്തിൻെറ അനിഷ്ടഭാരമെന്നു വിളിക്കുന്നതിനു ധൈര്യപ്പെടുന്നുണ്ട്. വിവാഹം ചെയ്യുന്ന എല്ലാവരും ഇതിനെ പരിവർജ്ജിക്കുന്നതിൽ ജാഗരൂകരായിരിക്കണമെന്നും, ഇതു സാധിക്കേണ്ടതു സച്ചരിതമായ ജിതേന്ദ്രിയത്വം കൊണ്ടല്ല– ഇരുപാട്ടുകാരുടെയും സമ്മതമുള്ള പക്ഷം ക്രിസ്തീയപ്രമാണം ഇതു പണ്ടേതന്നെ അനുവദിച്ചിട്ടുള്ളാത

ണല്ലോ- പ്രസ്തുത വിവാഹധർമ്മത്തെ വിഫലീകരിച്ചുകൊണ്ടാണ് എന്നും അവർ ഉദീരണം ചെയ്യുന്നു. ചിലരോ എന്നാൽ കുട്ടികളെക്കൊണ്ടു മടുത്തെന്നും തങ്ങളുടെ കാമാഗ്നിയെ അതിന്റെ അനന്തര ഭാരം കൂടാതെ ശമിപ്പിക്കുന്നതിനു ആഗ്രഹിക്കുന്നുവെന്നും ഉള്ള ന്യായേന ഈ പാപകരമായ കുപ്രയോഗത്തെ നീതികരിക്കുന്നു. മററു ചിലർ ജിതേന്ദ്രിയരായി ജീവിക്കുന്നതിനു തങ്ങൾക്കു തീരെ നിവൃത്തിയില്ലെന്നു ഒരു ഭാഗത്തുനിന്നും, മറുഭാഗത്തുനിന്നു ഒന്നുകിൽ തള്ളയുടെ അനാരോഗ്യത അല്ലെങ്കിൽ ഗാർഹികപരിതസ്ഥിതികൾ എന്നവയിൽ നിന്നുളവാകുന്ന വിഷമതകളാൽ സന്തത്യുൽപാദനത്തിനു ശക്യമല്ല എന്നും ശഠിക്കുന്നു.

എന്നാൽ എന്തുകാരണം തന്നെകൊണ്ടുവന്നാലും, അതു എത്രതന്നെ ഗൗരവമായാലും ശരി, സ്വതേ പ്രകൃതിവിരുദ്ധമായുള്ള ഒന്നിനേയും പ്രകൃത്യനുരൂപവും നീതിധർമ്മപ്രകാരം നല്ലതുമാക്കിത്തീർക്കാൻ ആർക്കും കഴികയില്ല. ആകയാൽ ദാമ്പത്യസംഗം പ്രഥമത: പ്രകൃതിയാൽ തന്നെ സന്താനോല്പാദനത്തിനു നിർദ്ദിഷ്ടമായിരിക്ക കാരണത്താൽ, ആ പ്രവൃത്തിയേ അനുഷ്ഠിക്കുന്ന വേളയിൽ മന:പൂർവ്വം അതിന്റെ സാഹജികശക്തിയേയും ഉദ്ദേശത്തെയും നിഷ്ഫലീകരിക്കുന്നവർ പ്രകൃതിക്കെതിരായി പാപംചെയ്യുകയും ഗർഹ്യവും സ്വഭാവത:ദുഷ്ടവുമായ ഒരു കൃത്യത്തെ പ്രവർത്തിക്കുകയും ചെയ്യുന്നു.

ദൈവം ഈ ഘോരാപരാധത്തെ അത്യന്തം വെറുപ്പോടുകൂടെ ആലോകനം ചെയ്യുന്നതായും ചിലപ്പോഴൊക്കെ ഇതിനു മരണശിക്ഷ നൽകീട്ടുള്ളതായും വി. ലിഖിതം സാക്ഷിക്കുന്നതിൽ തെല്ലും ആശ്ചര്യത്തിനു വകയില്ല. വി. അഗസ്റ്റീനോസു പറയുന്നതുപോലെ „സന്താനോല്പാദനം തടഞ്ഞുകൊണ്ടു സ്വന്ത ധർമ്മപത്നിയുമായി ചെയ്യുന്ന സംഗം തന്നെയും നിഷിദ്ധമാണ് യൂദായുടെ പുത്രനായ ഓനാൻ ഇങ്ങനെ ചെയ്തു, കർത്താവു അയാൾക്കു മരണശിക്ഷ കൊടുക്കുകയും ചെയ്തു."

## ലാംബെത്തു കോൺഫറസിനു മറുപടി.

തന്നിമിത്തം ചിലർ ഈയിടെ അനുസ്യൂതമായ ക്രിസ്തീയപാരമ്പര്യോപദേശത്തിൽ നിന്നു സ്പഷ്ടമായി വ്യതിചലിച്ചുകൊണ്ടു ഈ പ്രശ്നത്തേപ്പററി ഭിന്നമായ ഒരു ബോധനം സ

ഗൌരവം പ്രഖ്യാപനം ചെയ്യാൻ ശക്യമാണെന്നു തീർച്ചപ്പെടുത്തിയിട്ടുള്ളതിനാൽ സന്മാൎഗ്ഗത്തിൻെറ വൈമല്യവും പവിത്രതയും കാത്തുസൂക്ഷിക്കുന്നതിനായി ദൈവത്താൽ നിയുക്തയായിരിക്കുന്ന കത്തോലിക്കാസഭ, തന്നെ വലയം ചെയ്യുന്ന സന്മാൎഗ്ഗാധഃപതനമദ്ധ്യേ എണീററുനിന്നുകൊണ്ടു് ദാമ്പത്യബന്ധത്തിൻെറ ചാരിത്രശുദ്ധിയെ സംരക്ഷണം ചെയ്യുന്നതിനുവേണ്ടി ദിവ്യദൌത്യത്തിൻെറ ലാഞ്ഛനമായി തൻെറ സ്വരമുയൎത്തി നമ്മുടെ വക്ത്രദ്വാരാ വീണ്ടും പ്രഖ്യാപനം ചെയ്യുന്നു. വിവാഹധൎമ്മത്തിൻെറ ഏതു തരത്തിലുള്ള പെരുമാററവും ജീവോല്പാദനത്തിൻെറ പ്രകൃതിസിദ്ധമായ ശക്തിയെ മനഃപൂൎവ്വം വിഫലീഭവിപ്പിക്കത്തക്കതായിരുന്നാൽ അതു ദൈവകല്പനയ്ക്കും സ്വഭാവപ്രമാണത്തിനും വിരുദ്ധമായ അപരാധമാണു്. അതിനെ പരിശീലിക്കുന്നവർ ഘനമായ കുററത്തിൻെറ കളങ്കത്താൽ അങ്കിതന്മാരായിരിക്കുന്നതുമാണു്.

ആകയാൽ പാപസങ്കീൎത്തനം കേൾക്കുന്നവരും ആത്മപരിപാലന ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരുമായ പട്ടക്കാരോടു് തങ്ങളുടെ സൂക്ഷത്തിനു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന വിശ്വാസികൾ അതിഗൌരവമായ ഈ ദൈവപ്രമാണവിഷയത്തിൽ തെററിലകപ്പെടുന്നതിനു അനുവദിക്കരുതെന്നു ആത്മരക്ഷയിൽ നമുക്കുള്ള ആതുരൽക്കണ്ഠയാൽ പ്രേരിതനായി നാം ഗുണദോഷിക്കുന്നു. അതുപോലെ അവർ തന്നെ ഈ അബദ്ധാഭിപ്രായങ്ങളിൽനിന്നു ഒഴിഞ്ഞിരിക്കണം. അവയേപ്പററി ഒരിക്കലും കണ്ണടച്ചുകളയരുതു്. ഏതെങ്കിലും കുമ്പസാരക്കാരനൊ ആത്മപാലകനൊ തനിക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന വിശ്വാസികളെ ഈ അബദ്ധത്തിലേക്കു നയിക്കയൊ അല്ലെങ്കിൽ തീരെകുറഞ്ഞാൽ തൻെറ അംഗീകരണത്താലൊ കുററകരമായ മൌനാവലംബത്താലൊ അവരെ അതിൽ ഉറപ്പിക്കയൊ ചെയ്യുന്നതായാൽ— ദൈവം അതിനു ഏടവരുത്താതിരിക്കട്ടെ— അയാൾ പരമന്യായാധിപനായ ദൈവത്തിൻെറ തിരുമുമ്പാകെ തൻെറ സൂക്ഷത്തിനു ഏൽപ്പിക്കപ്പെട്ട ഈ വിഷയത്തിൽ വിശ്വാസഘാതം ചെയ്യതിനെക്കുറിച്ചു കണിശമായ കണക്കു ബോധിപ്പിക്കേണ്ടിവരുമെന്നു ഓൎക്കട്ടെ. കൂടാതെയും അവർ കുരുടന്മാരും കുരുടന്മാരുടെ നായകന്മാരുമാണു്. "കുരുടൻ കുരുടനു വഴികാട്ടിയായാൽ രണ്ടുപേരും കുണ്ടിൽ വീണുപോകുന്നു."

(വി. മത്തായി xv. 14.) എന്ന മ്ശിഹായുടെ വാക്യത്തേയും അവർ അനുസ്മരിക്കട്ടെ.

## ജനന നിയന്ത്രണത്തെ നീതികരിക്കാനുപയോഗിക്കുന്ന ന്യായങ്ങൾ അബദ്ധങ്ങളാണ്.

വിവാഹത്തിൻെറ ദുഷ്പ്രയോഗത്തെപ്പററി പറയുന്നതായാൽ– ലജ്ജാവഹങ്ങളായ ന്യായങ്ങളെ ഇവിടെ പരിശോധിക്കുന്നതേയില്ല– വ്യാജങ്ങളും അതിശയോക്തിപരങ്ങളുമായ ന്യായങ്ങളാണ് പലപ്പോഴും കൊണ്ടുവരാറുള്ളത്. തള്ളയുടെ ആരോഗ്യത്തേയും അവളുടെ ആയുസ്സിനു നേരിടുന്ന അപകടത്തേയുംപററി ചെയ്യപ്പെടുന്ന പ്രസ്താവനകളൊക്കയും വിശുദ്ധ മാതാവായ സഭ വേണ്ടവിധം ഗ്രഹിക്കയും വിലമതിക്കയും ചെയ്യുന്നുണ്ട്. ഇവയേപ്പററിയുള്ള ചിന്ത ആരേയാണ് ദുഃഖസാഗരനിമഗ്നരാക്കാത്തതു? ഒരു മാതാവു ഗർഭത്തിൽ ധരിച്ചിരിക്കുന്ന ശിശുവിൻെറ ആയുസ്സിനെ രക്ഷിക്കാനായി സ്വന്ത ആയുസ്സിനെ വിരന്മാർക്കുള്ള ശൂരതയോടെ അപകടത്തിലാക്കുന്നതു കാണുന്ന ആരാണ് ആശ്ചര്യഭരിതരാകാത്തത്? ഔദാര്യനിധിയും കരുണാമൂർത്തിയുമായ ദൈവത്തിനുമാത്രമേ പ്രകൃതിദത്തമായ അവളുടെ ചുമതലയെ യഥാവിധി നിർവ്വഹിക്കുന്നതിനു പ്രതിസമ്മാനം നൽകാൻ സാധിക്കയുള്ളു. നിശ്ചയമായും അദ്ദേഹം നിറഞ്ഞുകവിഞ്ഞു തുളുമ്പി ഒഴുകുന്ന അളവിൽ അവൾക്കു പ്രതിഫലം കൊടുക്കും. (വി. ലൂക്കാ VI. 38.)

## വിവാഹത്തിൻെറ അപ്രധാനോദ്ദേശ്യങ്ങൾ.

പലപ്പോഴും ഗൌരവതരമായ ഏതെങ്കിലും കാരണവശാൽ ഉഭയകക്ഷികളിൽ ഒരാൾ ശരിയായ ക്രമത്തിൻെറ വിരുദ്ധതയെ മടിയോടെ അനുവദിച്ചു കൊടുക്കുന്നുവെങ്കിൽ അതിനു അവൻ അഥവാ അവൾ പാപം ചെയ്യുന്നു എന്നതിനേക്കാൾ അയാൾക്കു വിരോധമായി പാപം ചെയ്യപ്പെടുകയാണുണ്ടാകുന്നതെന്നു വി. സഭയ്ക്കു നല്ലവണ്ണം അറിയാം. ഉപവിയുടെ പ്രമാണത്തെ അനുസരിച്ചുകൊണ്ടു അവൻ അല്ലെങ്കിൽ അവൾ ഇതരകക്ഷിയെ പാപകൃത്യത്തിൽനിന്നു വിരമിപ്പിക്കുന്നതിനും പിൻ

വലിക്കുന്നതിനും ശ്രമിക്കുന്നപക്ഷം ഈ വിഷയത്തിൽ അയാൾക്കു പാപം ഇല്ലായിരിക്കും. അപ്രകാരംതന്നെ, സ്വാഭാവിക കാരണങ്ങളാകുന്ന സമയ ഭേദത്താലൊ അല്ലെങ്കിൽ ചില വൈകല്യങ്ങളാലൊ പുതിയ ജീവൻ ഉല്പാദിക്കപ്പെട്ടവാൻ ശക്യമല്ലാത്ത സന്ദർഭങ്ങളിലും വിവാഹാന്തസ്സുകാർ സ്വാവകാശങ്ങളെ യഥാവിധി അനുഷ്ഠിക്കുന്നതായാൽ, അവർ പ്രകൃതിവിരുദ്ധമായി പ്രവർത്തിക്കുന്നു എന്നു വിധിപ്പാൻ പാടില്ല. എന്തുകൊണ്ടെന്നാൽ വിവാഹത്തിനു എന്നപോലെ തന്നെ വിവാഹാവകാശങ്ങളുടെ പ്രയോഗത്തിനും അപ്രധാനങ്ങളായ ചില ഉദ്ദേശങ്ങൾ ഇല്ലാതില്ല. അവ അന്യോന്യ തുണ, പരസ്പരസ്നേഹാഭിവൃദ്ധി, ജഡമോഹശമനം മുതലായവയാണ്. പ്രഥമോദ്ദേശ്യത്തിനു വിധേയം ആയിരിക്കയും പ്രവൃത്തിയുടെ സ്വാതേയുള്ള പ്രകൃതി പരിപാലിക്കപ്പെട്ടകയും ചെയ്യുന്ന കാലത്തോളം ഇവയെക്കൂടി കരുതി പ്രവർത്തിക്കുന്നതു ഭാര്യാഭർത്താക്കന്മാർക്കു നിഷിദ്ധമല്ല തന്നെ.

ദാരിദ്ര്യക്രൂപത്തിൽ ആണ്ടുകിടക്കുക നിമിത്തം സ്വന്ത കുട്ടികളെ ശരിയായി വളർത്തുന്നതിനു വലിയ ക്ലേശം സഹിക്കുന്ന മാതാപിതാക്കന്മാരുടെ കഷ്ടാവസ്ഥയെപ്പററി നമുക്കു അഗാധമായ മനസ്സലിവു തോന്നുന്നുണ്ട്. എന്നിരുന്നാലും കേവലം ബാഹ്യകാര്യങ്ങളിലുള്ള ഈ ദുരവസ്ഥ ഇതിലും ഉപരി ഘോരതരമായ ഒരു ദുരവസ്ഥയ്ക്കു ഹേതുവാകാതിരിക്കാൻ അവർ സൂക്ഷിക്കേണ്ടിയിരിക്കുന്നു. ആന്തരികമായി നിജപ്രകൃതത്താൽ തന്നെ തെററായ സമസ്ത പ്രവൃത്തികളേയും ദൈവപ്രമാണം വിലക്കുന്നു. അതിൻെറ അവഗണനത്തെ നീതീകരിക്കത്തക്കതായി യാതൊരു വിഷമസ്ഥിതിയും ഉണ്ടാകാൻ നിവൃത്തിയില്ല. ഭാര്യാഭർത്താക്കന്മാർക്കു ദൈവവരം നൽകുന്ന ശക്തിയാൽ സ്വന്തകടമകളെ വിശ്വസ്തതാപൂർവ്വം നിർവ്വഹിക്കുന്നതിനും ദാമ്പത്യാവസ്ഥയിൽ ചാരിത്ര്യത്തെ കളങ്കരഹിതമായി പരിരക്ഷിക്കുന്നതിനും നിവൃത്തിയില്ലാത്തതായി ഒരു പതനവും ഉണ്ടാകാൻ തരമില്ല. ത്രെന്തോസ് സൂനഹദോസ് ക്രിസ്ത്യ വിശ്വാസത്തിൻെറ ഈ സത്യത്തെ ഇങ്ങനെ പ്രസ്താവിക്കുന്നു:-

"സൂനഹദോസിലെ പിതാക്കന്മാർ ശാപത്തിൻകീഴ് വിലക്കിയിരിക്കുന്നത്, അതായത് നീതിമാന്മാർക്കു അനുസരിക്കുന്നതിനു ദുസ്സാദ്ധ്യമായ ദൈവകല്പനകൾ ഉണ്ട് എന്നു പറയ

തകം സാഹസം, ആക്കും ഉണ്ടാകാതിരിക്കട്ടെ. അസാദ്ധ്യമായ ഒന്നും ദൈവം ആവശ്യപ്പെടുന്നില്ല. എന്നാൽ നിനക്ക പാടുള്ളതു ചെയ്യാനും നിനക്ക സാദ്ധ്യമല്ലാത്തതു ചെയ്യാൻ സഹായത്തിനായി പ്രാൎത്ഥിക്കുന്നതിനും തൻെറ പ്രമാണങ്ങൾ വഴി ദൈവം നിന്നോടു ആജ്ഞാപിക്കുന്നു."

ഈ ഉപദേശം തന്നെ ജൻസേനിയൻ വേദവിരോധം ശാപാൎഹമെന്നു വിധിച്ച അവസരത്തിലും തിരുസഭ സഗൌരവം ആവൎത്തിച്ചു ഉറപ്പിച്ചു പ്രസ്താവിച്ചിട്ടുണ്ട്. ഈ എടത്തുട്ടുകാർ ദൈവനന്മെക്കു വിപരീതമായി ഇങ്ങനെ ദൈവദൂഷണപരമായി പ്രസ്താവിക്കുന്നതിനു തുനിഞ്ഞു. "മനുഷ്യൻെറ ശക്തികളെ പരിഗണിക്കുമ്പോൾ ചില ദൈവപ്രമാണങ്ങളെ അനുസരിക്കുന്നതിനു ആഗ്രഹിക്കയും ശ്രമിക്കയും ചെയ്യുന്ന നീതിമാന്മാൎക്കുപോലും അവയേ നിൎവ്വഹിക്കുന്നതിനു സാധിക്കയില്ല. ഇവയെ കാക്കുന്നതിനുവേണ്ട വരപ്രസാദം അവൎക്കു ലഭിക്കുന്നുമില്ല."

## ആയുസ്സിനെ നശിപ്പിക്കുന്നതിനു ആൎക്കും അധികാരമില്ല.

എന്നാൽ വന്ദ്യസഹോദരന്മാരെ, ഇനി ഇവിടെ പ്രസ്താവിക്കേണ്ടതായ വേറൊരു ഘോരപാതകമുണ്ട്. അതു തള്ളയുടെ ഉദരത്തിൽ കിടക്കുന്ന ശിശുവിനെ മൃതിപ്പെടുത്തുകയാണ്. ഇതു അനുവദിക്കപ്പെടേണ്ടതും അപ്പൻെറയൊ അമ്മയുടെയൊ ഹിതത്തിനു വിട്ടുകൊടുക്കേണ്ടതുമാണെന്നാണ് ചിലരുടെ വാദം. ഇതരന്മാരൊ എന്നാൽ ഗുരുതരങ്ങളായ കാരണങ്ങളില്ലാത്തപക്ഷം ഇതു അധൎമ്മമാണെന്നു പറയുന്നു. പ്രസ്തുത കാരണങ്ങളാകട്ടെ വൈദ്യസംബന്ധവും സമുദായപരവും മനുഷ്യസ്വഭാവോൽകൎഷശാസ്ത്രപരവുമായ "ലക്ഷണ"ത്തോടുകൂടിയതുമാണെന്നു അവർ പ്രസ്താവിക്കുകയും ചെയ്യുന്നു. ഈ വിഷയം രാജ്യശിക്ഷാനിയമത്തിൽപെടുത്തിക്കൊണ്ടു ഗൎഭസ്ഥിതവും എന്നാൽ ഭൂജാതമല്ലാത്തതുമായ സന്താനത്തിൻെറ ജീവഹാനി കൂടെയും വിലക്കപ്പെട്ടിരിക്കയാൽ ഈ വാദക്കാർ ഏതെങ്കിലും ഒരു തരത്തിൽ അനുകൂലിക്കുന്ന ഈ 'ലക്ഷണം' രാജ്യനിയമത്താൽ അംഗീകരിക്കപ്പെടണമെന്നും ശിക്ഷാൎഹമാകരുതെന്നും ശഠിക്കുന്നു. കൂടാതെയും മരണഹേതുകങ്ങളായ ഈ വിക്രിയകൾക്കു രാജ്യാധികൃതന്മാർ വേ

ണ്ട ഒത്താശകൾ ചെയ്തുകൊടുക്കണമെന്ന ആവശ്യപ്പെടുന്നവരും ഇല്ലാതില്ല. ചിലടങ്ങളിൽ ഈ പാതകകർമ്മം സാധാരണമായി തീർന്നിട്ടുണ്ടെന്ന എല്ലാവരും അറിഞ്ഞിട്ടുള്ള വസ്തുത കൂടെയും സ വ്യഥം പ്രസ്താവിച്ചുകൊള്ളുന്നു.

ഈ പക്ഷക്കാരുടെ സ്വന്തം വാക്കുകളെ ഉപയോഗിച്ചു കൊണ്ടു നാം മുൻപ്രസ്താവിച്ച 'വൈദ്യവിഷയകവും ഔഷധ ശാസ്ത്രപരവുമായ ലക്ഷണ'ത്തെപ്പററി നിരൂപണം ചെയ്യുന്ന തായാൽ വന്ധ്യസഹോദരന്മാരെ, പ്രകൃതിദത്തമായ കടമാനിഗ്ര ഹണത്തിനു ഒരു മാതാവിൻെറ ആരോഗ്യത്തിനും ആയുസ്സിനും നേരിടാറുന്ന വലിയ അപകടത്തെ ഓർത്തു അവളോടു എത്ര തന്നെ ആർദ്രതതോന്നിയാലും നിരുപദ്രവിയായ ഒരുവൻെറ ജീ വഹാനിക്കു നേരിട്ടു ഇടവരുത്തുന്ന യാതൊന്നിനെ ഏതെങ്കിലും വിധത്തിൽ ദോഷരഹിതമാക്കി തീർക്കുന്നതിനു പര്യാപ്തമായ എ ന്തുകാരണമാണുള്ളത്? നാം ഇവിടെ പ്രതിപാദിക്കുന്നതു ഈ മാതിരി ഒരു വിഷയത്തെപ്പററി തന്നെ ആണല്ലൊ. ജീവഹാനി വരുത്തുന്നതു് തള്ളയുടെ ആയാലും ശരി പിള്ളയുടെ ആയാലും ശരി 'കൊല്ലരുതു്' എന്ന ദൈവകല്പനയ്ക്കും സ്വഭാവപ്രമാണ ത്തിനും കടകവിരുദ്ധമാണ്. ഓരോ വ്യക്തിയുടെയും ജീവൻ തുല്യനിലയിൽ പാവനമാണ്. യാതൊരുത്തനും, രാജകീയ ശ ക്തിക്കപോലും അതിനെ നശിപ്പിക്കുന്നതിനു അധികാരമില്ല. ജീവഹാനിവരുത്തുന്നതിനുള്ള അവകാശത്തെ പ്രമാണമാക്കി വാദിക്കുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. എന്തുകൊ ണ്ടെന്നാൽ ഇവിടെ പ്രതിപാദ്യവിഷയം ഒരു നിരപരാധിയുടേ താണ്. മുൻപറഞ്ഞ അവകാശമോ എന്നാൽ അപരാധിയെ സംബന്ധിച്ചുമാത്രമെ സാധുവാകയുള്ളൂ. നീതിവിരുദ്ധമായി ആ ക്രമണം ചെയ്യുന്ന ഒരുവനെ സ്വയരക്ഷക്കായി വധിക്കാമെന്നു ള്ളതും ഇവിടെ പ്രയോഗയോഗ്യമല്ല. (നിരപരാധിയായ ശി ശു നീതിവിരുദ്ധമായി ആക്രമിക്കുന്നവനെന്നു ആരാണ് ഗണി ക്കുക?) കൂടാതെയും നിരപരാധിയെ നേരിട്ടു നിഗ്രഹിക്കു എ ന്നതുവരെ എത്താവുന്ന "അത്യാവശ്യത്തിലേ അററകൈ പ്രമാ ണം" എന്നു പറയപ്പെടുന്നതിനും ഇവിടെ സ്ഥാനമില്ല. പ്രജ്ഞ ബുദ്ധികളും വിദഗ്ദ്ധന്മാരുമായ ഭിഷഗ്വരന്മാർ തള്ളയുടെയും പിള്ളയുടെയും ജീവനു ഹാനികൂടാതെ രക്ഷിക്കുന്നതിനായി പ്രശംസാർഹമായ പരിശ്രമം ചെയ്യുന്നുമുണ്ട്. നേരെമറിച്ചു

ഔഷധപ്രയോഗം ചെയ്യുന്നു എന്ന നാട്യേന അല്ലെങ്കിൽ വഴിപിഴച്ച അനുകമ്പ നിമിത്തം ഇവരിൽ ആരുടെയെങ്കിലും ജിവാപായം വരുത്തിക്കൂട്ടുന്നവർ വിശിഷ്ടമായ വൈദ്യവൃത്തിക്കു തങ്ങൾ തീർത്തും അയോഗ്യന്മാരാണെന്നു തെളിയിക്കയാണ് ചെയ്യുന്നത്.

സന്താനരഹിതരായി കഴിച്ചുകൂട്ടുന്നതിനു ശ്രമിക്കുന്നവരൊ, അതിനു സാധിക്കാത്തപക്ഷം സന്താനത്തെ മൃതിപ്പെടുത്തുന്നതിനു മടിയ്ക്കാത്തവരൊ ആയ ദുർവൃത്തരായ മാതാപിതാക്കന്മാരെ കുററപ്പെടുത്തിക്കൊണ്ട് ഹിപ്പോയിലെ മെത്രാൻ (വി. അഗ്ഗസ്റ്റീനോസ്) ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ ഇവക്കും വളരെ പററിയവയാണ്.

“ചിലപ്പോൾ ഈ കാമാസക്തമായ ക്രൂരത അഥവാ ക്രൂരമായ കാമാസക്തി വിനാശകരമായ വന്ധ്യതയെ ഉളവാക്കുന്നതിനുള്ള മാർഗ്ഗം തേടുന്നു. ഇതിൽ പരാജയമടയുന്നപക്ഷം പ്രജസ്സു ജീവനുണ്ടാകുന്നതിനുമുമ്പ് അതിനെ നശിപ്പിക്കുന്നതിനു അഥവാ അതു സജീവമായിട്ടുണ്ടെങ്കിൽ ഭ്രൂജാതമാകുന്നതിനു മുമ്പ് ജീവനാശം വരുത്തുന്നതിനുള്ള ആഗ്രഹത്താൽ പ്രേരിതരായിക്കൊണ്ടു ഗർഭസ്ഥിതമായ ശിശു ഏതെങ്കിലും വിധത്തിൽ ഹനിക്കപ്പെടുകയോ വിസർജ്ജിക്കപ്പെടുകയോ ചെയ്യുന്നു. ഭർത്താവും ഭാര്യയും ഈ ദുരാചാരങ്ങളിൽ ഭാഗഭാക്കുകളാണെങ്കിൽ അവർ ദമ്പതിമാരേ അല്ല, ആരംഭംമുതല്ക്കേ അവരുടെ അനുവർത്തനം ഇതാണെങ്കിൽ അവർ സച്ചരിതമായ ദാമ്പത്യകൃത്യത്തിലല്ല അശുദ്ധമായ ഭോഗത്തിനായി മാത്രം സമാഗമിച്ചിട്ടുള്ളവരാണ്. ഇരുപാട്ടുകാരും ഈ വിക്രിയകളിൽ പങ്കാരാണെങ്കിൽ നാം ധൈര്യസമേതം പറയുന്നു ഒന്നുകിൽ ഭാര്യ പുരുഷന്റെ ഒരു വേശ്യയായി മാത്രം അല്ലെങ്കിൽ ഭർത്താവു സ്ത്രീയുടെ ഒരു ജാരനായിമാത്രം വർത്തിക്കുന്നു”.

## ഉദ്ദേശ്യശുദ്ധി മാർഗ്ഗദൂഷ്യത്തെ പരിഹരിക്കുന്നില്ല.

സമുദായപരവും മനുഷ്യസ്വഭാവോൽക്കർഷശാസ്ത്രപരവുമായ (Eugenics) “ലക്ഷണങ്ങളെ”അനുകൂലിച്ചു പുറപ്പെടുവിക്കുന്ന വാദം ധർമ്മശാസ്ത്രാനുരൂപവും ഋജുവുമായ മാർഗ്ഗങ്ങളെ സമുചിതമായ ഒരു പരിമിത നിലയിൽ അവലംബിക്കുന്നതായാൽ

സ്വീകാരയോഗ്യമെന്നു തന്നെ അല്ല, സ്വീകരിക്കപ്പെടേണ്ടതു തന്നെ ആണ്. എന്നാൽ ഇവയെ അടിസ്ഥാനമാക്കി നിരപരാധികളുടെ നിഗ്രഹത്തിനായി ന്യായങ്ങൾ പുറപ്പെടുവിക്കാൻ ശ്രമിക്കുന്നതു കേവലം അചിന്ത്യവും "നന്മവരുന്നതിനായി തിന്മ ചെയ്യാൻ പാടില്ല" (റോമ്മാ. iii. 8.) എന്ന വാക്കുകളിൽ വി. ശ്ലീഹാ പ്രഖ്യാപനം ചെയ്യുന്ന ദൈവപ്രമാണത്തിനു നേരെ വിപരീതവുമാണ്.

സമുചിതങ്ങളായ നിയമങ്ങളാലും ദണ്ഡനപരമായ അനുശാസനങ്ങളാലും നിരപരാധികളുടെ ജീവനെ സംരക്ഷിക്കുന്നതു തങ്ങളുടെ കടമയാണെന്നു രാജ്യഭരണചക്രത്തെ നിയന്ത്രിക്കുന്നവർ ഒരിക്കലും മറന്നുകളയരുതു്. എന്നാൽ ആരുടെ ആയുസ്സ് അപത്തിലാകയും അക്രമിക്കപ്പെടുകയും ചെയ്യുമ്പോൾ അവക്ക് സ്വയരക്ഷചെയ്യാൻ നിവൃത്തിയില്ലെങ്കിൽ ഈ കടമയുടെ ശക്തിയും മാററും വർദ്ധിക്കുന്നു. തള്ളയുടെ ഗർഭത്തിൽ കിടക്കുന്ന ശിശുക്കളെ ഈ കൂട്ടത്തിൽ പ്രഥമമായി നാം ഗണിക്കണം. ഗവമ്മെണ്ടധികൃതന്മാർ ഇവരെ ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്നു രക്ഷിക്കാതിരിക്കുന്നതിനും പുറമേ നിയമങ്ങളാലും ചട്ടങ്ങളാലും ഇവരെ ഡോക്ടർമാരുടെയും മററും കൈകളിൽ മരണത്തിനു ഇരയായി വിട്ടുകളയുകയും ചെയ്യുന്നതായാൽ, നിരപരാധിയുടെ രക്തം ഭൂമിയിൽനിന്നു ആകാശത്തിലേക്കു നിലവിളിക്കുന്നു (സൃഷ്ടി iv. 16.) എന്നും ദൈവം അതിൻെറ പ്രതികാരകത്താവാകുന്നു എന്നും ഓമ്മിക്കുന്നതു നന്നായിരിക്കും.

## അയോഗ്യരെ വന്ധ്യരാക്കുക.

കടശിയായി ഇനി ഒരു ദുരാചാരംകൂടി ശപിക്കേണ്ടതുണ്ടു്. അതു വിവാഹാന്തസ്സിൽ പ്രവേശിക്കുന്നതിനു മനുഷ്യനുള്ള സ്വാഭാവികാവകാശത്തേ ഗാഢമായി സ്പശിക്കുന്ന ഒന്നാണ്. എന്നാൽ അതു സന്താനത്തിൻെറ ക്ഷേമത്തെ സാരമായി ബാധിക്കയും ചെയ്യുന്നുണ്ടു്. എന്തുകൊണ്ടെന്നാൽ, ചിലർ മനുഷ്യസ്വഭാവോൽക്കഷ്ത്തിലുള്ള അതിരു കടന്ന ആസക്തിഹേതുവാൽ, ഭാവി സന്താനത്തിൻെറ ഓജസ്സും അരോഗതയും കൂടുതൽ നിശ്ചയകരമാക്കിച്ചെയ്യുന്നതിനു ഉപയുക്തങ്ങളായ ആലോചനക

ൾ നൽകുന്നു. —ഇതാകട്ടെ സുബോധത്തിനു ഒട്ടും വിപരീതമല്ല.— എന്നാൽ ഈ പക്ഷക്കാർ ശ്രേഷ്ഠമായ ഒരു സംവിധാനത്തിൻെറ ഫലങ്ങളേക്കാൾ കൂടുതൽ പ്രാധാന്യം മനുഷ്യസ്വഭാവോൽക്കർഷത്തിനു കല്പിച്ചുകൊടുക്കുന്നു. ചിലർ പ്രകൃത്യാതന്നെ വിവാഹം ചെയ്യുന്നതിനു യോഗ്യന്മാരാണെന്നു വരികിലും ഈ പക്ഷക്കാരുടെ പര്യേഷണഫലമായി സിദ്ധിച്ചിരിക്കുന്ന നിദർശനങ്ങളും ഊഹങ്ങളും അനുസരിച്ചു, മുൻപറഞ്ഞയാളുകളുടെ സന്താനങ്ങൾ പരമ്പരീയമായ ദോഷസംക്രമത്താൽ ന്യൂനന്മാരായി ഭവിക്കും എന്നകാരണത്തെ ആസ്പദീകരിച്ചുകൊണ്ട് ഇങ്ങനെയുള്ളവരുടെ വിവാഹത്തെ രാജ്യാധികാരികൾ തടയണമെന്നു ആവശ്യപ്പെടുന്നു. മാത്രമല്ല ഇവരുടെ സന്താനോല്പാദകശക്തിയെ അവരുടെ മനസ്സിനെതിരായിപോലും ഔഷധപ്രയോഗത്താൽ നശിപ്പിച്ചുകളയുന്നതിനു വേണ്ട നിയമങ്ങളേ നിർമ്മിക്കണമെന്നും അവർ അഭിപ്രായപ്പെടുന്നു. ഇതാകട്ടെ ചെയ്തുപോയ ഒരു കുററത്തിനു രാഷ്ട്രാധികാരം നിശ്ചയിക്കുന്ന ദണ്ഡപ്രണയനമായിട്ടോ, ഭാവിയിൽ ദുഷ്ടന്മാരുടെ ദുഷ്കൃതികളെ തടയുന്നതിനായിട്ടോ അല്ല. പ്രസ്തുത രാഷ്ട്രാധിപതിക്കു ഒരിക്കലുമില്ലായിരുന്നതും ന്യായപൂർവ്വം അവകാശപ്പെടാൻ പാടില്ലാത്തതുമായ ഒരു അധികാരം മനുഷ്യൻെറ ഒരു നൈസർഗ്ഗിക ശക്തിമേൽ സമസ്തനന്മകൾക്കും അവകാശത്തിനും എതിരായി അന്യായേന കരസ്ഥമാക്കി കൊടുക്കാനുള്ള ആഗ്രഹത്താലാണു അവർ ഇങ്ങനെ പ്രസ്താവിക്കുന്നത്.

കുടുംബം രാഷ്ട്രത്തേക്കാൾ ഉപരിപാവനമാണ്. മനുഷ്യർ ഭൂജാതരാകുന്നതു ഈ ലോകത്തിനോ കാലത്തിനോ വേണ്ടിയല്ല. പിന്നെയോ സ്വർഗ്ഗത്തിനും നിത്യത്വത്തിനും വേണ്ടിയാണു എന്നുള്ള വസ്തുത ഏതാദൃശോദ്യമത്തിൽ ഉദ്യുക്തരായിരിക്കുന്നവർ പാടേ വിസ്മരിച്ചുകളയുന്നതിനാൽ കുററക്കാരായി ഭവിക്കുന്നു.

ഈ പ്രസ്താവിച്ച തരത്തിലുള്ള വ്യക്തികൾ വിവാഹത്തിൽ പ്രവേശിക്കുന്നതിൽനിന്നു ഉപദേശംമൂലം പലപ്പോഴും പിൻവലിക്കപ്പെടേണ്ടതാണ്. എന്നുവരികിലും അവർ വിവാഹം ചെയ്യുന്നതിനു അന്യഥാ യോഗ്യരാണു എന്നുള്ളതിനേ അവഗണിച്ചുകൊണ്ട്, അവർ എത്രതന്നെ ശ്രദ്ധയോടെ നിഷ്കർഷിച്ചാലും അവരുടെ സന്താനം ന്യൂനതാരഹിതമാകയില്ല എന്ന കാരണത്താ

ൽ അവക്കു വിവാഹം ചെയ്യാൻ പാടില്ലെന്നു വരുത്തികൊണ്ടു അവരെ പാതക കളങ്കാങ്കിതരാക്കി തീക്കുന്നതു നിശ്ചയമായും തെററുതന്നെയാണ്.

രാഷ്ട്രന്യായാദ്ധ്യക്ഷന്മാക്കു പ്രജകളുടെ ദേഹത്തിന്മേൽ നേരിട്ടു യാതൊരധികാരവുമില്ല. അതുകൊണ്ടു യാതൊരു കുററവും ചെയ്യാതെയും ഗൌരവതരമായ യാതൊരു ദണ്ഡനത്തിനും കാരണം കൂടാതെയും ഇരിക്കുന്ന കാലത്തോളം മനുഷ്യസ്വഭാവോല്ക്കൃഷ്ടശാസ്ത്രന്യായേനയൊ മറേറതെങ്കിലും കാരണത്താലൊ മനുഷ്യദേഹത്തെ ഉപദ്രവിക്കുന്നതിനൊ അതിൻെറ പൂൎണ്ണതയെ ഭഞ്ജിക്കുന്നതിനൊ ഒരിക്കലും പാടില്ല. വി. തോമസ് അകിനാസിൻെറ പഠനം ഇതു തന്നെയാണ്. ഭാവിദോഷങ്ങളെ തടയുന്നതിനായി ശിക്ഷ കല്പിക്കാൻ മാനുഷന്യായാധിപന്മാക്കു പാടുണ്ടോ എന്ന പ്രശ്നത്തിനു, മററുതരം ചില ദണ്ഡനങ്ങളെ സംബന്ധിച്ചിടത്തോളം പ്രസ്തുത അധികാരം അവക്കുണ്ട് എന്നു വരികിലും അംഗഭംഗം ചെയ്യാൻ അവക്കു പാടില്ല എന്ന മറുപടിയാണ് അദ്ദേഹം ന്യായപൂർവ്വം കൊടുത്തിരിക്കുന്നത്. "നിരപരാധിയായ ഒരുവനെ തല്ലികൊല്ലുന്നതിനൊ അംഗഹീനനാക്കുന്നതിനോ അടിക്കുന്നതിനോ ശിക്ഷാവിധി ചെയ്യാൻ യാതൊരു മാനുഷന്യായാസനത്തിനും അവകാശമില്ല."

കൂടാതെയും, ഓരോവ്യക്തിക്കുപോലും സ്വന്തശരീരത്തിൻെറ അംഗങ്ങളെ സംബന്ധിച്ചു അവയുടെ സ്വാഭാവികലക്ഷ്യങ്ങൾ സംബന്ധിച്ചുള്ളവയൊഴികെ മറെറാരധികാരവുമില്ല. ശരീരത്തിൻെറ ആകപ്പാടെയുള്ള നന്മക്കായി മറെറാരുവിധത്തിലും വ്യവസ്ഥചെയ്യാൻ നിവൃത്തിയില്ലാത്ത സന്ദർഭങ്ങൾ നീക്കി മറെറാരിക്കലും സ്വന്ത അവയവങ്ങളെ നശിപ്പിക്കുന്നതിനോ ഭംഗപ്പെടുത്തുന്നതിനോ മറേറതെങ്കിലും വിധത്തിൽ അവയുടെ സ്വാഭാവികവ്യാപാരത്തെ നിവൃത്തിക്കുന്നതിനു അപയ്യാപ്തമാക്കുന്നതിനോ ആക്കും സ്വാതന്ത്ര്യമില്ലെന്നുള്ളതു ക്രിസ്ത്യോപദേശത്തിൻെറ സ്ഥിരമായ സിദ്ധാന്തവും മനുഷ്യബുദ്ധിയുടെ പ്രകാശത്താൽ വ്യക്തമായി കാണിക്കപ്പെടുന്ന ഒരു തത്വവുമാണ്.

ദാമ്പത്യവിശ്വസ്തതയെ ബാധിക്കുന്ന വേറൊരുതരം അബദ്ധങ്ങളെപ്പററി ഇനി നമുക്കു നിരൂപണം ചെയ്യേണ്ടതായുണ്ട്. എന്തുകൊണ്ടെന്നാൽ സന്താനസംബന്ധമായി ചെയ്യപ്പെടുന്ന സമസ്തപാപങ്ങളും ഒരുവിധത്തിൽപറഞ്ഞാൽ ദാമ്പത്യവിശ്വ

സ്തതയ്ക്കു വിരുദ്ധമാണ്. ഇതിന്റെ കാരണം ഈ ഇരു നന്മയും
സാരഭൂതമായ വിധത്തിൽ ഒന്നിച്ചുചേൎന്നു നില്ക്കുന്നു എന്നതാണ്.
കൂടാതെയും ദാമ്പത്യവിശ്വസ്തത ആവശ്യപ്പെടുന്ന സൽഗുണങ്ങ
ൾക്ക് എന്നുവച്ചാൽ ഭാൎയ്യാഭൎത്താക്കന്മാർ തമ്മിലുള്ള പാതിവ്രത്യ
പരമായ ആദരവ്, സ്ത്രീ പുരുഷനു ന്യായമായി ചെയ്യേണ്ട കീ
ഴ്വഴക്കം, ഇരു കക്ഷികളേയും ഒന്നിച്ചുകെട്ടുന്ന യഥാൎത്ഥസ്നേഹം
എന്നിവയ്ക്കെതിരായ എല്ലാ അബദ്ധങ്ങളുടെയും ദുൎഗ്ഗുണങ്ങളുടെ
യും മൂലങ്ങളെപ്പററി സവിസ്തരം പ്രതിപാദിക്കേണ്ടിയിരിക്കുന്നു.

## വ്യഭിചാരം സൎവ്വദാ നിഷിദ്ധമാണ്.

ആകയാൽ, മൂന്നാമതൊരാളുമായി ഏൎപ്പെടുന്ന ദോഷക
രവും ക്രിത്രിമവുമായ ചിലതരം മൈത്രീബന്ധത്തെപ്പററി ആധു
നികലോകം സ്വീകരിച്ചിരിക്കുന്ന അഭിപ്രായങ്ങളും ആചാര
ങ്ങളും അനുകൂലയോഗ്യമാണെന്നു വിചാരിക്കയും, ഏകഭാൎയ്യാ
നിഷ്ഠമായ വിവാഹത്തിന്റെ ഹ്രസ്വപരിധികളിൽ സംതൃപ്ത
മാകാൻ സാധിക്കാത്തവിധത്തിൽ സഹജമായ ഭോഗാസക്തി
പലരിലും പ്രത്യേകവിധം ദൃഢമൂലമായി തീൎന്നിരിക്കുന്നു എന്നു ചി
ലർ ജല്പിക്കുന്ന കാരണത്താൽ സ്ത്രീക്കും പുരുഷനും ഏതാദൃശബാ
ഹ്യവിഷയങ്ങളിൽ വികാരവ്യാപാരങ്ങളെ സംബന്ധിച്ചെട
ത്തോളം കൂടുതൽ സ്വാതന്ത്ര്യം അനുവദിക്കപ്പെടണം എന്നു
സിദ്ധാന്തിക്കയും ചെയ്യുന്നവർ പരസ്പരവിശ്വസ്തയെ വിദ്ധ്വം
സിക്കയാണു ചെയ്യുന്നതെന്നു സിദ്ധിക്കുന്നു. അന്യരോടുണ്ടാകാവു
ന്ന കാമാന്ധമായ സമസ്ത പ്രേമത്തേയും പ്രവൃത്തിയേയും ആ
ക്ഷേപിക്കുന്ന സച്ചരിതന്മാരായ ദമ്പതിമാരുടെ കൎക്കശമായ
നയം ഒരു വെറും സങ്കുചിതമനസ്ഥിതിയുടെ ഫലമാണ്, ഇ
പ്പോൾ പ്രചാരത്തിലില്ലാത്ത ഒരു നടപ്പാണ്, അല്ലെങ്കിൽ
അസൂയയുടെ ഒരു നികൃഷ്ട വക ഭേദമാണു, എന്നൊക്കെ അവർ
സങ്കല്പിക്കുന്നു. തന്നിമിത്തം, ദാമ്പത്യവിശ്വസ്തതയേ തടസ്സംകൂ
ടാതെ പാലിക്കാൻ രാജ്യാധികാരികളാൽ നിൎമ്മിതങ്ങളായിട്ടു
ള്ള സകല നിയമങ്ങളും ഒന്നുകിൽ അസാധുവാണ് അല്ലെങ്കിൽ
അസാധുവായി പ്രഖ്യാപനം ചെയ്യപ്പെടണം എന്നു അവർ ശഠി
ക്കുന്നു. സദാചാരനിരതരായ ദമ്പതിമാരിൽ പ്രത്യക്ഷമായി കാ
ണുന്ന ആ ശ്രേഷ്ഠമായ ചൈതന്യം പ്രകൃത്യാതന്നെ ഈ വക

അഭിപ്രായങ്ങളെ നിരർത്ഥകങ്ങളും അയോഗ്യങ്ങളുമായി തള്ളിക്കളയുന്നു. "നീ വ്യഭിചാരം ചെയ്യരുതു്" എന്ന ദൈവകല്പനയാലും, "വിഷയേഛയാൽ ഒരു സ്ത്രീയെ നോക്കുന്നവൻ തന്റെ ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തുകഴിഞ്ഞു" എന്ന ദിവ്യരക്ഷകന്റെ വാക്കുകളാലും അതു ഉറപ്പിക്കപ്പെട്ടും സ്ഥിരീകരിക്കപ്പെട്ടുമിരിക്കുന്നു. ഈ ദൈവകല്പനയുടെ ശക്തിയെ കുറക്കുന്നതിനു വെറും മാനുഷികമായ യാതൊരു ആചാരത്തിനോ ദുർമ്മാതൃകക്കോ വ്യാജമായ പരിഷ്ക്കാരത്തിനോ ഒരിക്കലും സാധിക്കയില്ല. എന്തുകൊണ്ടെന്നാൽ, "ഈശോമ്ശിഹാ ഇന്നലെയും ഇന്നും എന്നും ഒന്നായിരിക്കുന്ന"തുപോലെ തന്നെ മ്ശിഹായുടെ ഉപദേശവും ഈഷൽ ഭേദംകൂടാതെ ചിരസ്ഥായിയായി നിലനില്ക്കും, സമസ്തവും നിറവേറുന്നതുവരെ അതിന്റെ ഒരു വള്ളിയോ പുള്ളിയോ മാറുകയുമില്ല.

## സ്വാതന്ത്ര്യത്തെപ്പററിയുള്ള വ്യാജാഭിപ്രായങ്ങൾ.

ദാമ്പത്യവിശ്വസ്തതയുടെയും പവിത്രതയുടെയും ശോഭയെ നിഷ്പ്രഭമാക്കുന്നതിനു പ്രസംഗങ്ങളാലും പ്രബന്ധങ്ങളാലും ഈ വ്യാജോപദേഷ്ടാക്കൾക്കു, ഭാര്യ ഭർത്താവിനു ചെയ്യേണ്ടതായ സംപൂജ്യവും വിശ്വസ്തവുമായ അനുസരണത്തെ ശിഥിലീകരിക്കുന്നതിൽ തെല്ലും ശങ്കയില്ല തന്നെ. ഇവരിൽ പലരും ഒരു പടികൂടെ മുന്നോട്ടു കടന്നുകൊണ്ടു ഒരു കക്ഷി അപരനു ചെയ്യുന്ന ഈ കീഴ്വഴക്കം മനുഷ്യന്റെ ഉൽകൃഷ്ടപദത്തിനു ഒട്ടും അനുയോജ്യമല്ലെന്നും ഭാര്യാഭർത്താക്കന്മാരുടെ അധികാരാവകാശങ്ങൾ തുല്യനിലയിലുള്ളവയാണെന്നും സമർത്ഥിക്കയും തന്നിമിത്തം സ്ത്രീകളുടെ വിമോചനം സാധിച്ചുകഴിഞ്ഞിരിക്കുന്നു, അല്ലെങ്കിൽ ഉടനടി സാധിക്കേണ്ടിയിരിക്കുന്നു എന്നു സധൈര്യം ഘോഷിക്കയും ചെയ്യുന്നു. ഈ വിമോചനം അവരുടെ അഭിപ്രായാനുസരണം, കുടുംബഭരണം, കുടുംബകാര്യങ്ങളുടെ നിയന്ത്രണം, കുട്ടികളുടെ വളർത്തൽ എന്നമൂന്നുപാധികളേ ക്രോഡീകരിച്ചിരിക്കുന്നു. ഇവയ്ക്കു സാമുദായികം, സാമ്പത്തികം, മനുഷ്യപ്രകൃതിശാസ്ത്രാനുസൃതം എന്നിങ്ങനെ നാമങ്ങളും കല്പിച്ചുകൊടുക്കുന്നു. മനുഷ്യപ്രകൃതി ശാസ്ത്രാനുരോധമായിരിക്കണം എന്നതിന്റെ താല്പര്യം, ഒരു സ്ത്രീക്കു സഹധർമ്മണി, മാതാവു എന്ന

നിലകളിൽ പ്രത്യേകം നിൎവ്വഹിപ്പാനുള്ള ഭാരമേറിയ ചുമതലകളിൽ നിന്നു അവൾ യഥേഷ്ടം വിമുക്തയായിരിക്കണം എന്നാണ്. (ഇതു ഒരു വിമോചനമല്ല, പ്രത്യുത ധൎമ്മവിലോപനമാണെന്നു നാം പണ്ടേ സ്ഥാപിച്ചുകഴിഞ്ഞു.) സാമ്പത്തികം എന്നു വച്ചാൽ, ഭാൎയ്യക്കു ഭൎത്താവിന്റെ അറിവുകൂടാതെയോ ആഗ്രഹത്തിനു വിപരീതമായോ അവളുടെ സ്വന്ത ഏൎപ്പാടുകളിലും വ്യാപാരങ്ങളിലും സ്വാതന്ത്ര്യമായി പ്രവേശിക്കുന്നതിനും, സന്താനം ഭൎത്താവു, കുടുംബം എന്നിവയെ അപേക്ഷിച്ചു നിജശ്രദ്ധയേ അവളുടെ ഈ തൻകാൎയ്യങ്ങളിൽ പതിക്കുന്നതിനും യാതൊരു പ്രതിബന്ധവുമുണ്ടാകരുതു എന്നാണ്. കടശിയായി സാമുദായികമെന്നു പറഞ്ഞതു, കുട്ടികളെ വളൎത്തുന്നതിനും കുടുംബകാൎയ്യങ്ങളെ അന്വേഷിക്കുന്നതിനുമുള്ള ചുമതലകളെ ദൂരെ തള്ളിക്കളഞ്ഞിട്ടു അവളുടെ അഭീഷ്ടാനുസരണം നടക്കുന്നതിനും, പൊതുകാൎയ്യങ്ങളിലും ഉദ്യോഗങ്ങളിലും പ്രവേശിക്കുന്നതിനും തടസ്സം ഉണ്ടാകരുതെന്നുമാണ്.

എന്നാൽ ഇതു സ്ത്രീയുടെ സാക്ഷാത്തായ വിമോചനമല്ല, ക്രിസ്തീയവനിത, ഭാൎയ്യ എന്ന ശ്രേഷ്ഠപദവികൾക്കു അനുയോജ്യമായ യുക്തിമത്തും ഉൽകൃഷ്ടവുമായ സ്വാതന്ത്ര്യവുമല്ല. അതു സ്ത്രീധൎമ്മത്തിന്റെയും മാതൃപദമാഹാത്മ്യത്തിന്റെയും, എന്നല്ല കുടുംബം മുഴുവന്റെയും അധഃകരണമാണ്. തൽഫലമായി ഭൎത്താവിനു ഭാൎയ്യ നഷ്ടപ്പെടുന്നു; കുട്ടികൾക്കു തള്ള നഷ്ടപ്പെടുന്നു; വീടിനും കുടുംബത്തിനും സൎവ്വദാജാഗരൂകയായ ഒരു സംരക്ഷകയും നഷ്ടപ്പെടുന്നു. വിശിഷ്യാ ഈ വ്യാജസ്വാതന്ത്ര്യവും ഭൎത്താവിനോടു പ്രകൃതിവിരുദ്ധമായുള്ള തുല്യനിലയും സ്ത്രീക്കുതന്നെ ദോഷഭൂയിഷ്ഠമാണ്. സുവിശേഷവിധിപ്രകാരം ഗൃഹാവൃതികൾക്കുള്ളിൽ രാജ്ഞീസമാനമായ യാതൊരു ഭദ്രപീഠത്തിൽ അവൾ ഉയൎത്തി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നുവോ അതിൽ നിന്നു അവൾ താഴെ ഇറങ്ങുന്നതായാൽ, താമസംവിനാ, ഒരുവേള ബാഹ്യദൃഷ്ടിയിലല്ലെങ്കിലും, നിശ്ചയമായും യഥാൎത്ഥത്തിൽ അടിമത്തമെന്ന പൂൎവ്വാവസ്ഥയിൽ അവൾ നിപതിച്ചു പുറജാതികളുടെയിടയിലെപ്പോലെ പുരുഷന്റെ ഒരു വെറും ഉപകരണം മാത്രമായിത്തീരും.

## അവകാശ സമത്വം.

ഇത്രയധികം പൎവ്വതീകരിക്കപ്പെടുകയും വിരൂപപ്പെട്ട

ത്തപ്പെടുകയും ചെയ്യുന്ന ഈ അധികാരാവകാശസമത്വം സ്ഥിതി ചെയ്യുന്നതു മനുഷ്യാത്മാവിൻെറ ഉന്നത പദവിക്കു സ്വായത്തവും, വിവാഹ ഉടമ്പടിക്കു പ്രത്യേകവും, ദാമ്പത്യത്തോടു അഭേദ്യമായി ബന്ധിക്കപ്പെട്ടിരിക്കുന്നതുമായ അധികാരാവകാശങ്ങളിലാണു എന്നു മനസ്സിലാക്കണം. ഏതദ്വിഷയകമായി ഇരുകക്ഷികളും ഒരേ അവകാശങ്ങളെ അനുഭവിക്കുന്നു, ഒരേ കടമകളാൽ നിർബന്ധിതരാകയും ചെയ്യുന്നു. ഇതരവിഷയങ്ങളിൽ ഒരു വിധം അസമത്വവും വേണ്ടപ്പെട്ട വിട്ടുവീഴ്ചയും കൂടാതെ കഴികയില്ല. ഇവിടെ കുടുംബനന്മയും കുടുംബജീവിതത്തിൻെറ ശരിയായ ക്രമീകരണവും ഐക്യതയും നിലനിൽപ്പും ആവശ്യപ്പെടുന്നു.

സാമുദായികമായ സാഹചര്യത്തിൽ വന്നു കൂടിയിട്ടുള്ള ഭേദഗതി നിമിത്തം വിവാഹിതരായ സ്ത്രീകളുടെ സാമൂഹികവും സാമ്പത്തികവുമായ നിലകളിൽ ഒരുവിധം വ്യതിയാനം വരുത്തേണ്ടതു അത്യാവശ്യമാകയാൽ, സ്ത്രീജാതിയുടെ സ്വാഭാവികപ്രവണതയും പ്രകൃതിയും, കുടുംബക്ഷേമവും സദാചാരവും മുൻനിറുത്തിക്കൊണ്ടു ഭാര്യയുടെ പൌരാവകാശങ്ങളെ ഭേദപ്പെടുത്തേണ്ടതു രാഷ്ട്രിയാധികാരത്തിൻെറ ചുമതലയിൽ പെട്ടതാണ്. എന്നാൽ ഈ ഉദ്യമത്തിൽ കുടുംബമെന്ന സമുദായത്തിൻെറ സാരവത്തായ സംവിധാനം അഭേദ്യമായി പാലിക്കപ്പെടണം. എന്തുകൊണ്ടെന്നാൽ, അതു മനുഷ്യാധികാരത്തെയും ജ്ഞാനത്തെയുംകാൾ ഉന്നതതരമായ ഒന്നിന്മേൽ, എന്നു വച്ചാൽ, ദൈവത്തിൻെറ അധികാരത്തിന്മേലും ജ്ഞാനത്തിന്മേലുമാണു അടിസ്ഥാനമുറപ്പിച്ചിരിക്കുന്നതു്. ഏതൽകാരണത്താൽ അതു രാഷ്ട്രിയനിയമങ്ങളാലൊ വ്യക്തികളുടെ അഭീഷ്ടാനുസരണമൊ ഭേദപ്പെടുത്താവുന്ന ഒന്നല്ല. എന്നാൽ വിവാഹത്തിൻെറ ഈ വൈരികൾ ഇനിയും മുമ്പോട്ടു കടന്നുകൊണ്ടു ദാമ്പത്യസുഖത്തിൻെറ അസ്ഥിവാരമായിരിക്കുന്ന യഥാർത്ഥവും ദൃഢവുമായ പ്രേമത്തിൻെറ സ്ഥാനത്തു സ്വഭാവപ്പൊരുത്തമെന്ന അനിശ്ചിതമായ ഒന്നിനെ പ്രതിഷ്ഠിക്കുന്നു. അതിനെ അവർ സഹാനുഭവം എന്നു നാമകരണവും ചെയ്യുന്നു. ഭാര്യാഭർത്താക്കന്മാരെ തമ്മിൽക്കൂട്ടിച്ചേർക്കുന്ന ബന്ധം ഇതൊന്നുമാത്രമാണെന്നും, തന്നിമിത്തം ഇതു അസ്തപ്രായമാകുന്നതിനോടെ വിവാഹം അസകലം ശിഥിലികൃതമാകുന്നു എന്നും അവർ ഘോഷിക്കുന്നു. മണലിന്മേൽ വീടുപണിയുക അല്ലാതെമറെറന്താണ് ഇതു്? മിശിഹായുടെ തിരുവചനപ്രകാരം ദുഃഖാനർത്ഥങ്ങളാകുന്ന ജലപ്ര

വാഹത്തിൻെറ അടിയേല്ക്കുമ്പോൾ ഉടനെ കല്ലുങ്ങിമറിഞ്ഞു താഴെ വീഴുന്ന ഒരു വീടുതന്നെ. "കാററുതി വീടിന്മേൽ അടിച്ചു, അതു അധഃപതിച്ചു, അതിൻെറ വീഴ്ച വലുതായിരുന്നു." നേരെമറിച്ചു പാറമേൽ, അതായതു പരസ്പരമായ ചാരിത്രശുദ്ധിമേൽപണുത്ത് മനഃപൂർവ്വവും നിശ്ചലവുമായ ചൈതന്യൈക്യതയാൽ ബലിഷ്ഠമാക്കപ്പെട്ടിരിക്കുന്ന ഭവനം ഒരിക്കലും നിലംപതിക്കയില്ലെന്നു മാത്രമല്ല, ദുഃഖാനൎത്ഥങ്ങളിൽ ഒരിക്കലും കുലുങ്ങുകപോലുമില്ല.

## മതരഹിതമായ വിവാഹം.

വന്ദ്യസഹോദരേ, നാം ഇതേവരെ ചെയ്ത പ്രതിപാദനത്തിൽ നിന്നു ക്രിസ്തീയ വിവാഹത്തിൻെറ ആദ്യത്തേ രണ്ടു നന്മകളുടെ വിശിഷ്ടത വേണ്ടപോലെ വിശദമായിട്ടുണ്ടല്ലൊ. പ്രസ്തുത നന്മകളെ നാമാവശേഷമാക്കാനാണു ആധുനിക സമുദായ വിദ്ധ്വംസകന്മാർ ശ്രമിക്കുന്നതു്. ഇനി മൂന്നാമത്തേതായ കൂദാശയുടെ നന്മ മററു രണ്ടിനേയുംകാൾ വളരെ ശ്രേഷ്ഠമാണു്. ഈ കാരണത്താൽ അതു ഇവരുടെ കഠിനതരമായ ആക്രമണത്തിനു വിഷയമാകുന്നെങ്കിൽ ഒട്ടുംതന്നെ ആശ്ചൎയ്യത്തിനു വകയില്ലല്ലൊ. വിവാഹം വെറും ലൌകികവും രാജ്യനിയമാധീനമാത്രവുമായ ഒരു ഏൎപ്പാടാണു്. മതാത്മകമായ ഒരു സമുദായത്തിൻെറ എന്നു വച്ചാൽ, മിശിഹായുടെ സഭയുടെ അല്ല, പ്രത്യുത രാഷ്ട്രീയമായ സമുദായത്തിൻെറ സംരക്ഷണയിൽ മാത്രം ഇരിക്കേണ്ട ഒന്നാണെ എന്നാകുന്നു അവരുടെ വാദം. മാത്രമല്ല, വിവാഹഖരാറു അഭേദ്യമായ സമസ്ത ബന്ധത്തിൽ നിന്നും വിമുക്തമാകണം; ദമ്പതിമാരുടെ വേർപാടും വിവാഹമോചനവും വിരോധിക്കപ്പെടാതിരിക്കുന്നതിനും പുറമേ, നിയമത്താൽ അവ സാധൂകരിക്കപ്പെടുകകൂടെ വേണം എന്നും അവർ ആവശ്യപ്പെടുന്നു. ഇങ്ങനെ ആയാൽ കടശി വിവാഹത്തിൻെറ പാവനമായ അംശം മുഴുവനും ദൂരീകൃതമായശേഷം അതു വെറും ലൌകികവും രാഷ്ട്രീയവുമായ ഒരു സ്ഥാപനമായി ഗണിക്കപ്പെടുക എന്ന നില വന്നുകൊള്ളും. ആകയാൽ അവരുടെ പ്രഥമമായ വാദവിഷയം സൎക്കാർ കച്ചേരിമുഖേന നിൎവ്വഹിക്കപ്പെടുന്ന ചടങ്ങുതന്നെ വിവാഹമായി സ്വീകരിക്കപ്പെടണം എന്നാണു്. (ഇതിനെ അവർ സിവിൽ വിവാഹം എന്നു

വിളിക്കുന്നു.) മതപരമായ ചടങ്ങോ എന്നാൽ ഒരു വെറും ആഡംബരമായി കൂട്ടിച്ചേർക്കുന്ന ഒന്നുമാത്രം, അല്ലെങ്കിൽ കൂടിയ പക്ഷം അമിതമായ അന്ധവിശ്വാസത്തിൽ നിമഗ്നമായി കിടക്കുന്ന ജനതയ്ക്കു ചെയ്തുകൊടുക്കുന്ന ഒരു വിട്ടുവീഴ്ച മാത്രമായേ പരിഗണിക്കേണ്ടതുള്ളു. എന്നതിനും പുറമേ, കത്തോലിക്കർ മതകാര്യം തീരെ വിഗണിച്ചുകൊണ്ടും മതാദ്ധ്യക്ഷന്മാരുടെ സമ്മതം കൂടാതെയും അകത്തോലിക്കരുമായി ചെയ്യുന്ന മിശ്ര വിവാഹ ഏർപ്പാടും ഒരു വിധത്തിലും കുററകരമാക്കരുതെന്നും അവർ ശഠിക്കുന്നു. ഇതിൽനിന്നുള്ള ഒരു നിഗമനമായ രണ്ടാമത്തെ വാദം, പരിപൂർണ്ണമായ വിവാഹമോചനം നിർദ്ദോഷവും വിവാഹബന്ധത്തിൻെറ ശിഥിലീകരണത്തെ സഹായിക്കുന്ന സിവിൽ നിയമങ്ങൾ പ്രശംസാവഹങ്ങളുമായി പ്രോത്സാഹിപ്പിക്കപ്പെടണം എന്നതാണ്. ഏതൊരു വിവാഹത്തിൻെറയും മതപരവും, പ്രത്യേകം ക്രിസ്തീയ വിവാഹത്തിൻെറ കൂദാശപരവുമായ സ്വഭാവത്തേപ്പററി പറയുന്നതായാൽ, ഏതദ്വിഷയകമായി ഇവിടെ സൂചിപ്പിക്കപ്പെടേണ്ട സംഗതികൾ നാം പലപ്പോഴും ഉദ്ധരിക്കയും നമ്മുടെ സ്വന്തമായി സ്വീകരിക്കയും ചെയ്തിട്ടുള്ള 13—ാംലെയോൻ പാപ്പായുടെ ചാക്രിക ലേഖനങ്ങളിൽ സവിസ്തരം പ്രതിപാദിക്കപ്പെടുകയും ബലിഷ്ഠങ്ങളായ ന്യായങ്ങളാൽ സ്ഥിരീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. നിങ്ങളുടെ ശ്രദ്ധയേ നാം അവയിലേക്കു ക്ഷണിച്ചുകൊണ്ട് അവയിൽ ഏതാനും ഭാഗംമാത്രം ഇവിടെ നാം ആവർത്തിച്ചു പ്രസ്താവിക്കുന്നു.

മതപരവും പരിശുദ്ധവുമായ എന്തോ ഒന്നു സ്വാഭാവികവിവാഹത്തിനുപോലും ഉണ്ടെന്നും, "അതു ആഗന്തുകമായ ഒന്നല്ല, പിന്നെയോ സ്വാഭാവികമാണെന്നും, മനുഷ്യദത്തമല്ലപ്രത്യുത പ്രകൃതിദത്തമാണെന്നും" ഇതു "വിവാഹത്തിൻെറ കാരണകർത്താവു ദൈവം ആയിരിക്കയാലും ആദിമുതല്ക്കേ അതുദൈവവചനത്തിൻെറ മനുഷ്യാവതാരത്തിൻെറ ഒരു പ്രതിഛായയായിരുന്നതുകൊണ്ടും" ആണെന്നുമുള്ള വസ്തുത ബുദ്ധിയുടെ പ്രകാശത്താൽപോലും, എന്നാൽ പ്രത്യേകമായി ചരിത്രത്തിൻെറ പുരാതന രേഖകളെ പര്യേഷണം ചെയ്യുകയും ജനങ്ങളുടെ നിരന്തരമായ മനസ്സാക്ഷിയെ പരിശോധിക്കയും സർവ്വജാതികളുടെയും ആചാരാനുഷ്ഠാനങ്ങളെ ആരായുകയും ചെയ്യുന്നപക്ഷവും വേണ്ടപോലെ വിശദമാകുന്നതാണ്. മതത്തോടും പരിശുദ്ധമായ മററെ

ല്ലാവറേറാടും ഗാഢമായ വിധത്തിൽ ബന്ധിതമായിരിക്കുന്ന ഈ വിവാഹപവിത്രതയെ സംജാതമാക്കുന്ന ഘടകങ്ങൾ, നാം ഇപ്പോൾ പ്രസ്താവിച്ച അതിൻെറ ദിവ്യമായ ആരംഭം, ദൈവത്തിനുവേണ്ടി മക്കളെ ജനിപ്പിച്ചു വളൎത്തുക എന്ന അതിൻെറ ഉദ്ദേശ്യം, ഭാൎയ്യാഭൎത്താക്കന്മാരെ ദൈവത്തോടു ചേൎത്തു ബന്ധിക്കുന്നതിനു പൎയ്യാപ്തമായ ക്രിസ്തീയസ്നേഹം, പരസ്പരസഹായം എന്നിവയാണ്. മാത്രമല്ല, ദാമ്പത്യത്തിൻെറ സ്വാഭാവികധൎമ്മം തന്നെ അതിൻെറ ഹേതുവാണ്. ദാമ്പത്യത്തിൻെറ സ്ഥാപനം നാം ദൈവപരിപാലനയിലാണു കണ്ടെത്തുന്നത്. അതു ആയുസ്സിനെ പരമ്പരയാ സന്താനങ്ങളിലേക്കു സംക്രമിപ്പിക്കുന്നതിനുള്ള മാൎഗ്ഗമായിനിശ്ചയിക്കപ്പെട്ടിരിക്കുന്നു. തന്നിമിത്തം മാതാപിതാക്കന്മാർസൎവ്വശക്തനായ ദൈവത്തിൻെറ സഹായികൾ എന്നോണം വൎത്തിക്കുന്നു. കൂദാശയിൽനിന്നു നിൎഗ്ഗമിക്കുന്ന നവമായ ആ ശ്രേഷ്ഠത ഇവയോടു ഒന്നിച്ചു ചേൎക്കപ്പെടണം. കൂദാശ ക്രൈസ്തവവിവാഹത്തിനു അതിവിശിഷ്ടമായ ശ്രേഷ്ഠതയെ പ്രദാനം ചെയ്തുകൊണ്ടു് അത്യുൽകൃഷ്ടമായ ഒരു പദവിയിലേക്കു അതിനെ ഉയൎത്തുന്നു. തന്നിമിത്തം അതും സ്ലീഹായുടെ ദൃഷ്ടിയിൽ ഒരു വലിയ കൂദാശയും സൎവ്വപ്രകാരേണയും സംപൂജ്യമായ ഒന്നുമായി കാണപ്പെട്ടു. വിവാഹത്തിൻെറ ഈ മതാത്മകമായ പ്രകൃതി, വരപ്രസാദത്തേയും മിശിഹായും സഭയും തമ്മിലുള്ള ഐക്യതയേയും സൂചിപ്പിക്കുന്നതിനുള്ള അതിൻെറ വിശിഷ്ടശക്തി, എന്നിതുകൾ വ്യക്തമായി ആവശ്യപ്പെടുന്നതു, വിവാഹം ചെയ്യാൻ പോകുന്നവർ അതിനെ അതിവപാവനവും പൂജ്യവുമായി ഗണിക്കണമെന്നും അവരുടെ വിവാഹം അതിൻെറ മൂലമായ മിശിഹായും സഭയും തമ്മിലുള്ള ഐക്യതയോടു കഴിയുന്നതു അടുത്തു വരുന്നതിനു തീക്ഷ്ണതാപൂൎവ്വം പരിശ്രമിക്കണം എന്നും ആകുന്നു.

മാതൃനിൎവ്വിശേഷമായ വാത്സല്യത്തോടും ദൂരദൃഷ്ടിയോടും കൂടെ ഗൌരവാവഹങ്ങളായ കാരണങ്ങളെ മുൻനിറുത്തിക്കൊണ്ടു സഭ നിജസന്താനങ്ങളെ മിശ്രവിവാഹത്തിൽനിന്നു അകററുവാൻ ശ്രമിക്കുന്നുണ്ടു്. ആകയാൽ വിവേകശൂന്യരായി ഏതാദൃശ മിശ്രവിവാഹങ്ങളിൽ ഏപ്പെടുന്നവർ വലിയ വീഴ്ചക്കാരാകുന്നു എന്നുമാത്രമല്ല, പലപ്പോഴും തങ്ങളുടെ നിത്യരക്ഷയേക്കൂടെയും അപകടത്തിലാക്കുന്നു. മിശ്രവിവാഹത്തെ സംബന്ധിച്ചു സഭ അവലംബിച്ചിരിക്കുന്ന നില അവളുടെ പലേ ലേഖനങ്ങളിൽനി

ന്നും വിശദമായി കാണാവുന്നതാണ്. ഇവയെല്ലാം കാനൻ നിയമസംഹിതയിൽ ഇങ്ങനെ സമാഹരിക്കപ്പെട്ടിരിക്കുന്നു. "വിവാഹത്തിനു ഒരുമ്പെടുന്ന മാമ്മോദീസാമുങ്ങിയ ഉഭയ കക്ഷികളിൽ ഒരാൾ കത്തോലിക്കസഭാംഗവും മററയാൾ ഏതെങ്കിലും ശീശ്മ അഥവാ എടത്തൂട്ട എന്ന മതഭേദത്തിൽ ഉൾപ്പെട്ടയാളും ആയിരുന്നാൽ സഭ സർവ്വത്ര കഠിന നിഷ്ക്കർഷയോടെ ഏതാദൃശ വിവാഹത്തെ മുടക്കുന്നു; ഇതിനും പുറമേ, കത്തോലിക്കാകക്ഷിക്കും സന്താനത്തിനും വിശ്വാസത്യാഗത്തിൻെറ അപത്തുള്ളപക്ഷം ഈ മാതിരി വിവാഹം ദൈവപ്രമാണത്താൽ കൂടെയും വിലക്കപ്പെടുന്നു." (Can: 1060) എന്നാൽ സഭ ചിലപ്പോഴെല്ലാം കാലദേശാദി പരിതസ്ഥിതികളെ പര്യാലോചിച്ചിട്ടു, ദൈവകല്പനയ്ക്കു ഭംഗം നേരിടാതിരിക്കയും മുകളിൽ പ്രസ്താവിച്ച അപത്തുകൾ ഉചിതങ്ങളായ മുൻകരുതലുകളാൽ നിവാരണം ചെയ്യപ്പെടുകയും ചെയ്യുന്നപക്ഷം ഈ കഠിന നിയമാനുഷ്ഠാനത്തിൽനിന്നു ഒഴിവു കൊടുക്കാൻ മടിക്കുന്നില്ല എന്നതു നേരുതന്നെ. എങ്കിലും കത്തോലിക്കാ കക്ഷിക്കു ഈ തരം വിവാഹത്തിൽനിന്നു ഏതെങ്കിലും ദോഷം പററാതിരിക്കുന്നതു അത്ര എളുപ്പമല്ല.

സന്താനങ്ങളുടെ ഇടയിൽ പലപ്പോഴും കാണാറുള്ള മതത്യാഗം, അല്ലെങ്കിൽ തീരെ കുറഞ്ഞപക്ഷം മതാത്മകങ്ങളായകാര്യങ്ങളിൽ പ്രകടിപ്പിക്കുന്ന നിരങ്കുശമായ അനാദരം അഥവാ, വിശ്വാസരാഹിത്യത്തിൽനിന്നും ഒട്ടും വിദൂരമല്ലാത്ത മതനിഷ്പ്രക്ഷത ഈ മിശ്രവിവാഹത്തിൽ നിന്നാണു ഉളവാകുന്നതു്. മാത്രമല്ല, നാം ഉപരി പ്രസ്താവിച്ച രഹസ്യത്തെ അതായതു മിശിഹായും സഭയും തമ്മിലുള്ള ഗാഢമായ ഐക്യത്തെ സജീവമായ ഒരു ചൈതന്യാനുരൂപ സമേതം അനുകരിക്ക എന്ന കാര്യത്തിൽ മിശ്രവിവാഹക്കാർക്കു വളരെ കൂടുതൽ വിഷമതകൾ നേരിടുന്നു. ദൃഢതരമായ ഐകമത്യം എന്നതാണ് മ്ശിഹായുടെ സഭയുടെ അടയാളവും ലക്ഷണവും. ക്രിസ്തീയ ദാമ്പത്യത്തിൻെറ അടയാളവും മഹിമയും അലങ്കാരവും ആയിരിക്കേണ്ടതും ഇതുതന്നെയാണ്. എന്നാൽ ഇതു മിശ്രവിവാഹങ്ങളിൽ ഇല്ലാതിരിക്കാനാണു വളരെ എളുപ്പം. എന്തുകൊണ്ടെന്നാൽ, മനുഷ്യൻ അതിപാവനമായി കരുതുന്ന ആ പരമ കാര്യങ്ങളിൽ, എന്നുവച്ചാൽ മത സത്യങ്ങളിലും ചിത്തവൃത്തികളിലും, അഭിപ്രായ വ്യത്യാസങ്ങളും ആശയ വൈപരീത്യങ്ങളും എവിടെ ഉണ്ടാകു

ന്നുവോ അവിടെ മനച്ചേർച്ചയും ഐകമത്യവും സാധാരണ ഭഞ്ജിക്കപ്പെടുന്നു, അഥവാ ശിഥിലീകരിക്കപ്പെടുന്നു. ഇതാണു പതിവ്. ഇതിൻെറ ഫലം ഭാൎയ്യാഭൎത്താക്കന്മാരുടെ പരസ്പര പ്രേമം മന്ദിഭവിക്ക, കുടുംബക്ഷേമവും സമാധാനവും ശൂന്യമാക എന്നുള്ളതാണ്. എന്തുകൊണ്ടെന്നാൽ ഇവ മുഖ്യമായി ഹൃദയങ്ങളുടെ ഐക്യതയേയാണു ആശ്രയിച്ചിരിക്കുന്നതു്. അനേക ശതവത്സരങ്ങൾക്കു മുമ്പേതന്നെ പുരാതന റോമന്മാരുടെ നിയമ സംഹിതയിൽ നിർവചനം ചെയ്തിട്ടുണ്ടായിരുന്നതുപോലെ "വിവാഹം സ്ത്രീയുടെയും പുരുഷൻെറയും യോജിപ്പും ജീവിതം മുഴുവൻെറയും പങ്കുകൊള്ളലും, മാനുഷികവും ദൈവികവുമായ അവകാശങ്ങളുടെ അംശഹാരിത്വവുമാകുന്നു."

## വിവാഹമോചനവാദം.

എന്നാൽ വന്ദ്യസഹോദരന്മാരേ, വിവാഹമോചനത്തിനു അനുദിനമെന്നോണം സിദ്ധിച്ചുകൊണ്ടിരിക്കുന്ന സൗകൎയ്യം നാം മുകളിൽ പ്രസ്താവിച്ചവണ്ണം, ലോകരക്ഷകനായ മിശിഹാ വിവാഹത്തിനു പ്രദാനംചെയ്ത പരിപൂൎണ്ണതയെയും നവീകരണത്തെയും പ്രതിരോധിച്ചുകൊണ്ടിരിക്കുന്നു. മാത്രമല്ല, ഈ അഭിനവ പുറജാതിമതോപാസകന്മാർ സംഗതികളുടെ ശോചനീയാവസ്ഥയിൽനിന്നു വേണ്ട പാഠം ഒന്നും പഠിക്കുന്നില്ല. പ്രത്യുത, അതിനു പകരം വിവാഹത്തിൻെറ പാവനമായ അഭേദ്യതക്കും അതിനെ അനുകൂലിക്കുന്ന നിയമങ്ങൾക്കും വിരോധമായി അനുദിനം ഉപൎയ്യുപരി ശക്തിമത്തായി പ്രക്ഷോഭണം നടത്തുകയും, വിവാഹമോചനം നിയമാനുസാരമാക്കണമെന്നും പുരാതന നിയമങ്ങളെ ദൂരതഃ പരിത്യജിച്ചു നവീനവും ദിനാനുകമ്പാപരവുമായ നിയമങ്ങൾ ഏൎപ്പെടുത്തണമെന്നും ശഠിക്കയും ചെയ്യുന്നു. വിവാഹമോചനത്തിനു് അനുകൂലമായി അവർ കൊണ്ടുവരുന്ന ന്യായങ്ങൾ ബഹുലങ്ങളും വിവിധങ്ങളുമാകുന്നു. ഇവയിൽ ചിലതിൻെറ ഉല്പത്തി ആളുകളുടെ ദുഷ്ടത അഥവാ അപരാധവും, മററുചിലതിൻേറതു കാൎയ്യത്തിൻെറ സാഹചൎയ്യങ്ങളുമാകുന്നു. (ആദ്യം പറഞ്ഞതിനെ അധികരണനിഷ്ഠമെന്നും രണ്ടാമത്തേതിനെ പദാൎത്ഥ നിഷ്ഠമെന്നും വിളിക്കുന്നു.) ഒരു വാക്കായി പറയുന്നതായാൽ, ദാമ്പത്യജീവിതത്തെ ക്ലേശാവഹവും അസുഖകരവും ആക്കുന്നതിനു പൎയ്യാപ്തമായ സമസ്തവും ഇതിനെ

അനുകൂലിക്കുന്ന കാരണങ്ങളത്രെ. ഇതിനെ സ്ഥാപിക്കുന്നതിനു അവർ അനേക ന്യായങ്ങളെ എടുത്തു കാണിക്കുന്നുണ്ട്. ആദ്യമായിട്ട് നിരപരാധിയെ പരിത്യജിക്കുന്നതിനുള്ള അവകാശം സിദ്ധിക്കുന്നതും, അഥവാ അപരാധിക്കു അസുഖകരവും മനസ്സിനു ചേരാത്തതുമായ ഐക്യത്തിൽനിന്നു പിൻമാറുന്നതും ഇരുകക്ഷികൾക്കും ഗുണകരമാണെന്നു അവർ വാദിക്കുന്നു. രണ്ടാമതായി കൊണ്ടുവരുന്നത് സന്താനത്തിൻെറ നന്മക്കും ഇതത്യാവശ്യമാണെന്നാണ്. എന്തുകൊണ്ടെന്നാൽ, ഒന്നുകിൽ അതിൻെറ വളൎത്തൽ വേണ്ടവിധത്തിൽ നന്നായിരിക്കയില്ല, അല്ലെങ്കിൽ മാതാപിതാക്കന്മാരുടെ വഴക്കുകളും മററു തെററുകളും അതിനേയും എളുപ്പത്തിൽ ബാധിക്കയും ഇങ്ങനെ സുകൃതപന്ഥാവിൽ നിന്നുവ്യതിചലിക്കയും ചെയ്യും. മൂന്നാമതായി ഏതാദൃശ വിവാഹങ്ങളുടെ പൂൎണ്ണമോചനം സമുദായത്തിൻെറ പൊതുനന്മക്കും അത്യന്താപേക്ഷിതമാണ്. എന്തുകൊണ്ടെന്നാൽ അവയുടെ ഉദ്ദേശ്യത്തിനു അനുരൂപമായ ഫലം പുറപ്പെടുവിക്കുന്നതിനു അവ പൎയ്യാപ്തങ്ങളല്ലാതെ ഭവിക്കുന്നു. ഏതന്നിമിത്തം ഉഭയകക്ഷികളുടെയും സംസൎഗ്ഗസഹവാസങ്ങളുടെ ഫലമായി ദോഷങ്ങൾ വന്നുകൂടുമെന്ന ഭയത്തിനു അവകാശമുള്ളപ്പോൾ അവരുടെ വിയോഗം നിയമാനുസാരമാക്കേണ്ടതാണ്. മന:പൂൎവ്വം അപരാധം പ്രവൎത്തിച്ചു ന്യായാധിപനിൽ നിന്നു നിയമാനുസാരമായ വിവാഹമോചനവിധി സമ്പാദിക്കാൻ ശ്രമിക്കുന്ന സമ്പ്രദായത്തേയും അതുപോലെതന്നെ കക്ഷികൾ കച്ചേരിയിൽ വന്നു വെറും കള്ളസത്യത്തിന്മേൽ മൊഴികൊടുത്തു കച്ചേരിയേയും ന്യായാധിപനേയും അനാദരിക്കുന്ന നടപ്പിനെയും തടയുന്നതിനു ഒടുവിൽ പറഞ്ഞ ന്യായം സമ്മതിച്ചേതീരു എന്നാണു അവരുടെ വാദം. തന്നിമിത്തം അവരുടെ അഭിപ്രായത്തിൽ, നവീനാവശ്യങ്ങളെ നിവൎത്തിക്കുന്നതിന്, കാലഗതിക്കും മനുഷ്യരുടെ അഭിപ്രായത്തിനും പൊതു നടത്തക്കും ആചാരങ്ങൾക്കും വന്നുകൂടിക്കൊണ്ടിരിക്കുന്ന വ്യതിയാനങ്ങൾക്കു അനുരൂപമാകത്തക്കവിധത്തിൽ സിവിൽ നിയമങ്ങളെ പരിഷ്കരിക്കേണ്ടിയിരിക്കുന്നു. ഈ ഓരോ കാരണവും വെവ്വേറെ നോക്കിയാലും നിൎണ്ണായകമാണെന്നും, തന്നിമിത്തം ഇവയെ ഒന്നിച്ചെടുത്തു ആലോചിച്ചാൽ ചില സന്ദൎഭങ്ങളിൽ വിവാഹമോചനം നൽകേണ്ടതിൻെറ ആവശ്യകതയെ പ്രസ്പഷ്ടമാക്കുന്നതാണെന്നും അവർ പരിഗണിക്കുന്നു.

## സമസ്തവിവാഹമോചനവും നിഷിദ്ധമാണ്.

വേറെ ചിലരോ എന്നാൽ ഒരടി മുന്നോട്ടു കടന്നുകൊണ്ടു വിവാഹം അനധികാരികമായ ഒരു ഖരാറ് ആണെന്നും, തന്നിമിത്തം അനധികാരികങ്ങളായ ഇതര ഖരാറുകൾപോലെ ഉഭയകക്ഷികളുടെയും സമ്മതത്തിനും നന്മനസ്സിനും വിട്ടുകൊടുക്കേണ്ടതും, ഇങ്ങനെ ഏതു കാരണവശാലും വിമോചിക്കപ്പെടാവുന്നതും ആണെന്നും ശഠിക്കുന്നു.

എന്നാൽ വന്ദ്യസഹോദരന്മാരെ! അതിവബുദ്ധിശൂന്യങ്ങളായ എല്ലാ അഭിപ്രായങ്ങൾക്കും കടകവിരുദ്ധമായി ദൈവത്തിന്റെ അലംഘനീയമായ ഒരു പ്രമാണം ക്രിസ്തുവിനാൽ പൂർണ്ണമായി സ്ഥിരീകരിക്കപ്പെട്ട ഒരു പ്രമാണം മാനുഷികശാസനങ്ങളാലോ ജനതതിയുടെ ഹിതാനുസരണമോ നിയമകർത്താക്കന്മാരുടെ അഭീഷ്ടപ്രകാരമോ അതിന്റെ ഊർജ്ജിതത്തിനു ഈഷൽഭേദം വരുത്തുവാൻ പാടില്ലാത്ത ഒരു പ്രമാണം— അതേ, "ദൈവം യോജിപ്പിച്ചതു മനുഷ്യൻ വിയോജിപ്പിക്കാതിരിക്കട്ടെ" എന്ന ആ പ്രമാണം— നിൽക്കുന്നു. ഈ പ്രമാണത്തിനു വിരുദ്ധമായ പ്രവൃത്തിയാൽ യാവനൊരുത്തൻ അതിനെ വിയോജിപ്പിക്കുന്നു എങ്കിൽ അവന്റെ പ്രവൃത്തി അസാധുവും വ്യർത്ഥവുമാണ്. അതിന്റെ ഫലം മിശിഹാ വ്യക്തമായി പ്രസ്താവിച്ചതുതന്നെ ആയിരിക്കും. "യാവനൊരുത്തൻ സ്വന്തഭാര്യയെ പരിത്യജിച്ചു അന്യയെ പരിഗ്രഹിച്ചാൽ വ്യഭിചാരം ചെയ്യുന്നു. സ്വന്ത ഭർത്താവിനാൽ ഇങ്ങനെ പരിത്യക്തയായവളെ പരിഗ്രഹിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു." ക്രിസ്തുവിന്റെ പ്രസ്തുത വാക്യങ്ങൾ ഏതുതരം വിവാഹത്തേയും സ്വാഭാവികവും ധർമ്മമാത്രവുമായതിനേയും അധികരിക്കുന്നു. എന്തുകൊണ്ടെന്നാൽ അഭേദ്യത, എന്നുവച്ചാൽ വിവാഹബന്ധത്തെ സ്വച്ഛന്ദേന ശിഥിലീകരിക്കാനുള്ള അധികാരം കക്ഷികളിലോ രാഷ്ട്രാധികാരികളിലോ ഒരിക്കലും നിക്ഷിപ്തമായിരിക്കുന്നില്ല എന്ന അവസ്ഥ, വാസ്തവമായ സമസ്തവിവാഹത്തിന്റെയും ഒരു ലക്ഷണമാണ്.

ത്രെന്തോസ് സൂനഹദോസ് ശാപശിക്ഷയിൻകീഴ ചെയ്തിട്ടുള്ള ഗൗരവമായ തീർപ്പും ഇവിടെ സ്മരണീയമാണ്. "മതഭേദം, അല്ലെങ്കിൽ ഒരുമിച്ചു താമസിക്കുന്നതിനുള്ള വൈഷമ്യം, അല്ലെങ്കിൽ ഒരുകക്ഷിഅപരകക്ഷിയോടു മനഃപൂർവ്വം ന്യായവിരു

ദ്ധമായി പെരുമാറുന്ന എന്നീ കാരണങ്ങളാൽ വിവാഹബന്ധം അഴിക്കാമെന്ന യാവനൊരുത്തൻ ജല്പിക്കുന്നതായാൽ അവനു ശാപം." പിന്നെയും "സുവിശേഷവിഹിതവും അപ്പസ്തോലികവുമായ ബോധനപ്രകാരം ദമ്പതിമാരിൽ ഒരാളുടെ വ്യഭിചാരത്താൽ വിവാഹബന്ധം അഴിക്കപ്പെട്ടവാൻ പാടില്ല എന്നോ, അല്ലെങ്കിൽ അവരിൽ ആക്കം, വ്യഭിചാരദോഷത്തിനു കാരണം കൊടുക്കാത്ത നിരപരാധിക്കുപോലും ദമ്പതിമാരിൽമററാൾ ജീവിച്ചിരിക്കുന്ന കാലത്തോളം വേറൊരു വിവാഹം ചെയ്യാൻ പാടില്ല; വ്യഭിചാരിണിയെ ഉപേക്ഷിച്ചിട്ടു അപരയെ വരിക്കുന്നവനും വ്യഭിചാരകനെ ത്യജിച്ചിട്ടു ഇതരനെ പരിഗ്രഹിക്കുന്നവളും വ്യഭിചാരദോഷം ചെയ്യുന്നു എന്നോ സഭപഠിപ്പിച്ചിരുന്നതും ഇപ്പോൾ പഠിപ്പിക്കുന്നതും അബദ്ധമാണ് എന്നു പറയുന്നവനും ശാപം".

ആകയാൽ ഈ ബോധനത്തിൽ മുമ്പാകട്ടെ ഇപ്പോഴാകട്ടെ സഭയ്ക്കു പ്രമാദം പററിയിട്ടില്ലായെന്നിരിക്കെ വ്യഭിചാരക്കുററത്തിനുപോലും വിവാഹബന്ധം അഴിക്കപ്പെടാൻ പാടില്ലെന്നു തീർച്ചയാണെങ്കിൽ സാധാരണ കൊണ്ടുവരുന്നതും കൊണ്ടുവരാവുന്നതുമായ ഇതിലും കൂടുതൽ ബലഹീനങ്ങളായ വിവാഹമോചന ഹേതുക്കൾക്കു ഒരു വിലയും കല്പിക്കാവുന്നതല്ല.

## ന്യായാനുസൃതമായ വേർപാട്.

വിവാഹബന്ധത്തിൻെറ ദാർഢ്യത്തിനു എതിരായി കൊണ്ടുവരപ്പെടുന്ന ആ ത്രിവിധ ആക്ഷേപങ്ങൾക്കും എളുപ്പത്തിൽ ഉത്തരം നൽകാവുന്നതാണ്. എന്തുകൊണ്ടെന്നാൽ ചില അവസ്ഥാന്തരങ്ങളിൽ വിവാഹബന്ധത്തിനു ഭംഗം വരുത്താതെ കക്ഷികളുടെ അപൂർണ്ണമായ ഒരുതരം വേർപാടു അനുവദിക്കപ്പെടുന്നുണ്ട്. ഇങ്ങനെ സഭ അനുവദിക്കുന്നതും ഇരു കക്ഷികളുടെയും സഹവാസത്തിൽനിന്നുള്ള വിമോചനത്തേപ്പററി ലളിതമായി പ്രതിപാദിക്കുന്ന കാനോനാകളിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ളതുമായ ഈ വേർപാട് എതിർകക്ഷികൾ കൊണ്ടുവരുന്ന സമസ്ത അസൌകര്യങ്ങളെയും അപത്തുകളെയും ദൂരീകരിക്കുന്നതിനു പര്യാപ്തമാണ്. കുട്ടികളുടെ നല്ല വളർത്തലും കുടുംബക്ഷേമവും സുരക്ഷിതമാക്കുന്നതിനും ദമ്പതിമാർക്കോ സന്താനത്തിനോ സമുദായത്തിനോ നേരിടാവുന്ന ദോഷങ്ങളെ കഴിയുന്നത്ര നി

ധാരണം ചെയ്യുന്നതിനും ഉതകുന്ന വിധത്തിൽ ഏതാദൃശ വേർപാടിന്റെ കാരണങ്ങളെയും പരിത സ്ഥിതികളെയും പ്രകാരത്തെയും പ്രതിവിധികളെയും സംബന്ധിച്ച വേണ്ട നിശ്ചയങ്ങൾ ചെയ്യാനുള്ള അധികാരം സഭാധികൃതന്മാരിലും പൌരാവകാശപരമായ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം സിവിൽ നിയമാധികാരികളിലുമാണു സ്ഥിതിചെയ്യുന്നതു്. വിവാഹബന്ധത്തിന്റെ അഭേദ്യതയെ തെളിയിക്കുന്നതിന് ഉപയോഗിക്കുന്ന ന്യായങ്ങളെ നാം പ്രസ്താവിച്ചുകഴിഞ്ഞു. ഇവയെല്ലാം തന്നെ വിവാഹമോചനത്തിന്റെ ആവശ്യകതയെ മാത്രമല്ല, അതിനുള്ള അധികാരത്തെക്കൂടെയും നിരോധിക്കുന്നതിനു പര്യാപ്തമാണ്. കൂടാതെയും വിവാഹത്തിന്റെ അഭേദ്യതയിൽനിന്നുസംജാതമാകുന്ന ഗുണഗണങ്ങൾ എത്രകണ്ടു വിപുലങ്ങളോ അത്ര തന്നെ ഭീകരമായ നാശഗർത്തത്തിൽ വ്യക്തികളേയുംസമുദായത്തെ ആകമാനവും നിപതിപ്പിക്കത്തക്ക ദോഷങ്ങൾ വിവാഹമോചനത്തിൽനിന്നുൽഭൂതമാകുന്നുമുണ്ടു്.

## വിവാഹമോചനത്തിന്റെ ദോഷഫലങ്ങൾ.

നമ്മുടെ മുൻഗാമിയുടെ വാക്കുകളെത്തന്നെ ഉപയോഗിച്ചു പറയുന്നതായാൽ വിവാഹത്തിന്റെ സുദൃഢമായ അഭേദ്യതയിൽ എത്രമാത്രം നന്മകൾ അടങ്ങിയിരിക്കുന്നുവോ, അത്രമാത്രം ദോഷങ്ങൾ വിവാഹമോചനത്തെ അനുഗമിക്കുന്നു എന്നതും പ്രത്യേകിച്ചു പറഞ്ഞേതീരു എന്നില്ല. വിവാഹബന്ധം ദൃഢമായിരിക്കുന്ന കാലത്തോളം വിവാഹ ബന്ധത്തിൽ ഏർപ്പെടുന്നവൎക്കു യാതൊരു ഭയത്തിനോ ആശങ്കയ്ക്കോ ഇടയില്ലെന്നു നാം അറിയുന്നു. നേരെമറിച്ചു വേർപാടിനു വഴി തുറന്നു കിടക്കുന്നതായും മോചനത്തിന്റെ ആപത്തു തെളിവായും കാണുന്നെടത്തു വിവാഹഖരാറുതന്നെ സംശയ സ്ഥിതിയിലോ അല്ലെങ്കിൽ ഉൽക്കണ്ഠാജനകമായോരിരുകയും ഭാവി സംശയാസ്പദമായിരിക്കയും ചെയ്യുന്നു. ഒരു ഭാഗത്തു ദമ്പതിമാരുടെ അനുദിന ജീവിതത്തിൽ പരസ്പരസഹകരണവും ആശ്ചര്യകരമായ വിധത്തിൽ സ്ഥിരീകൃതമായ നന്മനസ്സും നാം കാണുന്നു. മറുഭാഗത്തോ എന്നാൽ വിവാഹമോചനത്തിനുള്ള സൌകര്യം നിമിത്തം അതിശോച്യമായ നിലയിൽ അതു ദുർബലപ്പെട്ടു കിടക്കുന്നതായും നാം കാണുന്നു. ഇവിടെ ഇരുകക്ഷികൾക്കും തങ്ങളുടെ ചാരിത്ര്യശു

ദ്ധിയേയും അനുരാഗത്തേയും പരിപാലിക്കുന്നതിനു വേണ്ട അവസരോചിതമായ സഹായ സമൃദ്ധിയും, അന്യത്ര വിശ്വാസഭംഗത്തിനു ഇടയാക്കുന്ന നാശകരമായ പ്രോത്സാഹനവും ധാരാളമാകുന്നു. ഈ ഭാഗത്തു സന്താനജനനം, സംരക്ഷണം, നല്ല വളർത്തൽ എന്നിവ വേണ്ടവിധത്തിൽ അനുസരിച്ചു കുടുംബങ്ങളിലും സംബന്ധക്കാരുടെയിടയിലും കടന്നുകൂടാവുന്ന നാനാവിധ വിരോധങ്ങളുടെയും വഴക്കുകളുടെയും വഴി തടയപ്പെട്ടും പരസ്പര മത്സരവും സ്പർദ്ധയും ആരംഭത്തിൽത്തന്നെ നിരോധിക്കപ്പെട്ടും, എതിർഭാഗത്തു സന്തത്യുല്പാദത്തിനും സംരക്ഷണത്തിനും നല്ല വളർത്തലിനും വലിയ തടസ്സങ്ങളും, കലഹങ്ങൾക്കു അനവധി കാരണങ്ങളും, സർവ്വത്ര അസൂയാബീജം വിതക്കപ്പെടുന്നതും നമ്മുടെ ദൃഷ്ടിക്കു വിഷയീഭവിക്കുന്നു. കടശി, എന്നാൽ സർവ്വപ്രധാനമായി, വിവാഹബന്ധത്തിൻെറ അഭേദ്യതമൂലം വീട്ടിലും പുറത്തും സ്ത്രീയുടെ നിലയും വിലയും പുനസ്ഥാപിതമാകുന്നു. ഇവയൊ എന്നാൽ വിവാഹമോചനത്തിൽ ലജ്ജാകരമായവിധം അധോഗതി പ്രാപിക്കുന്നു; സ്ത്രീകൾ പുരുഷന്മാരുടെ വിഷയാസക്തിയുടെ വെറും ഉപകരണങ്ങളും ഉപേക്ഷിക്കപ്പെട്ടവരുമായി കരുതപ്പെടുന്നതിനുള്ള ആപത്തിൽ ചെന്നുചാടുന്നു.

പതിമൂന്നാം ലെയോൻപാപ്പായുടെ വാക്കുകളെ ഉദ്ധരിച്ചുകൊണ്ടു ഈ ഭാഗം ഇവിടെ സമാപിപ്പിക്കുന്നു. "കുടുംബജീവിതത്തെ ഇല്ലാതാക്കുന്നതിനും രാജ്യശ്രേയസ്സിനേയും സമ്പൽസമൃദ്ധിയേയും ശൂന്യമാക്കുന്നതിനും സന്മാൎഗ്ഗഭ്രംശ്യംപോലെ പററിയതായ ഇതരമാൎഗ്ഗമില്ലതന്നെ. തന്നിമിത്തം ജനതയുടെ ദുൎമ്മാൎഗ്ഗപ്രസക്തിയിൽ നിന്നു സംജാതമാകുന്ന വിവാഹമോചനം, അനുഭവവേദ്യമാകുന്നതുപോലെ, വ്യക്തിപരമായും സാമുദായികമായും ദുർവൃത്തിക്കു വഴിയുണ്ടാക്കുന്നു എന്ന കാരണത്താൽ കുടുംബത്തിൻെറയും രാഷ്ട്രത്തിൻെറയും ക്ഷേമൈശ്വൎയ്യാദികൾക്കു കണ്ഠകോടാലിയായി ഭവിക്കുന്നു. വിവാഹമോചനം ഒരിക്കൽ അനുവദിക്കപ്പെട്ടാൽ പിന്നെ അതിനെ ക്ലിപ്തമായ ഒരു പരിധിക്കുള്ളിൽ പിടിച്ചു നിൎത്തുന്നതിനു പൎയ്യാപ്തമായ യാതൊരു മാൎഗ്ഗവുമില്ലെന്നു ഓൎക്കുമ്പോൾ ഈ ദുരവസ്ഥയുടെ അതിദാരുണമായ പ്രകൃതി സുവിദിതമാകും. ദൃഷ്ടാന്തത്തിൻെറ ശക്തി വല്യതാണ്. ഭോഗാസക്തിയുടെ ശക്തിയോ അതിലും വല്യതാണ്. ഈദൃശപ്രചോദനങ്ങൾ ഉള്ളപ്പോൾ വിവാഹമോചന

വും തൽഫലമായി ഉണ്ടാകുന്ന കാമവികാരങ്ങളുടെ സ്വച്ഛന്ദ വിഹാരവും ഒരു പകർച്ച വ്യാധി അഥവാ തിരം പൊട്ടി കരമുഴുവനും ജലപ്രളയത്തിലാക്കി ഒഴുകുന്ന ഒരു നദി എന്ന കണക്കെ പ്രതിദിനം വർദ്ധമാനമായി അനവധി ആത്മാക്കളെ ആക്രമിക്കാതിരിക്കാൻ തരമില്ല"

ഏതന്നിമിത്തം ആ ലേഖനത്തിൽ തന്നെ നാം വായിക്കുന്നതുപോലെ, "ഈ വക ദുരവസ്ഥകൾക്കു ഒരു പരിവർത്തനം സംഭവിക്കാത്തപക്ഷം, മനുഷ്യജാതിയും സമുദായവും നിശ്ശേഷം നശിച്ചുപോകും എന്നു ഭയപ്പെടാതിരിപ്പാൻ യാതൊരു കാരണവും കാണുന്നില്ല." ഇതെഴുതിയിട്ടു 50 വത്സരമേ ആയുള്ളു എങ്കിലും സ്ഥിതിസമത്വവാദ (കൊമ്മൂണിസ) ത്തിന്റെ അനിയന്ത്രിതമായ ഭരണസീമയിൽപ്പെട്ടു കിടക്കുന്ന രാജ്യങ്ങളിൽ ദുരാചാരങ്ങൾക്കു അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന അഭിവൃദ്ധിയും കുടുംബങ്ങളുടെ പരിതാപകരമായ അധോഗതിയും ഇതിനെ സ്ഥിരീകരിക്കുന്നു.

വന്ദ്യസഹോദരന്മാരേ, സർവ്വജ്ഞനായ സ്രഷ്ടാവും നരകുലരക്ഷകനും മനുഷ്യരുടെ വിവാഹത്തെ സംബന്ധിച്ചു ചെയ്തിട്ടുള്ള വ്യവസ്ഥകളെപ്പററി ഭക്ത്യാദരപൂർവ്വം ഇതുവരെ നാം പ്രതിപാദിച്ചു. അതേസമയംതന്നെ, ദൈവകൃപയുടെ ഇത്ര വിശുദ്ധമായ ഈ വ്യവസ്ഥാപനത്തെ ഇന്നു മനുഷ്യരുടെ അശാപാശങ്ങളും അബദ്ധങ്ങളും ദുഷ്ടതയും പാദതാഡനം ചെയ്യുന്നു എന്നു നാം വിലപിക്കയും ചെയ്തുവല്ലൊ.

## V. പ്രയോഗിക്കേണ്ട പ്രതിവിധികൾ.

ഇനി നമ്മുടെ പൈതൃകമായ ഔൽസുക്യത്തിൽ, മുൻപ്രസ്താവിച്ച നിന്ദ്യങ്ങളായ കുപ്രയോഗങ്ങളെ ദൂരീകരിക്കുന്നതിനും വിവാഹം സർവ്വത്ര ആദരണീയമായി ഭവിക്കുന്നതിനും സമുചിതമായ പ്രതിവിധി തേടുന്നതിനും നമ്മുടെ ദൃഷ്ടിതിരിക്കേണ്ടതു ആവശ്യമായിരിക്കുന്നു. ഈ ഉദ്ദേശസിദ്ധിക്കായി തത്വശാസ്ത്രവും ദൈവശാസ്ത്രവും ഒരുപോലെ ആദരിക്കുന്ന ഒരു മൂലതത്വത്തെ നിങ്ങളെ അനുസ്മരിപ്പിക്കേണ്ടിയിരിക്കുന്നു. അതായത്, സുപഥത്തിൽ നിന്നു വ്യതിചലിക്കുന്ന യാതൊന്നും അതിന്റെ പ്രകൃത്യനുരൂപമായ ആദിമാവസ്ഥയിലേക്കു പുനരാനയിക്കപ്പെടണമെങ്കിൽ, വി. തോമ്മാമല്പാൻ പറയുന്നതുപോലെ, എല്ലാ ശ്രീ

ന്യായക്രമത്തിന്റെയും മാതൃകയായ ദിവ്യകല്പനയിലേക്ക ചിന്തിരിയാതെ സാധിക്കയില്ല. തന്നിമിത്തം നമ്മുടെ മുൻഗാമി ഭാഗ്യസ്മരാണാർഹനായ 13—ാം ലെയോൻപാപ്പാ പ്രകൃതി മാഹാത്മ്യവാദികളായ ശാസ്ത്രജ്ഞന്മാക്ക് വിരോധമായി ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:—

„പ്രകൃതിയുടെ കർത്താവായ ദൈവത്താൽ സംസ്ഥാപിതമാകുന്ന സമസ്തവും അവയുടെ സ്വാഭാവികസ്ഥിതിയിൽ എത്രകണ്ടു വൈകല്യവും വ്യത്യാസവും കൂടാതെ സ്ഥിതിചെയ്യുന്നുവോ, അത്രകണ്ടു അവ ഉപകാരപ്രദവും ശുഭകരവുമായി ഭവിക്കുന്നതായി നാം കാണുന്നു. ഇതു ദൈവദത്തമായ ഒരു നിയമമാണ്. എങ്ങനെയെന്നാൽ സവ്വത്തിന്റെയും സ്രഷ്ടാവായ ദൈവത്തിനു ഇവ ഓരോന്നിന്റെയും ഘടനസ്സും സ്ഥിതി പാലനത്തിനും അനുയോജ്യമായവ എന്തെല്ലാമെന്നു നല്ലവണ്ണം അറിയാം. ഇവ ഓരോന്നും അതാതിനു സമുചിതമായ ലക്ഷ്യത്തെ പ്രാപിക്കുമെന്നു അവിടത്തെ തിരുമനസ്സാലും ബുദ്ധിശക്തിയാലും വ്യവസ്ഥയുംചെയ്തിട്ടുണ്ട്. എന്നാൽ ഇത്ര ദൂരദൃഷ്ടിയോടുകൂടെ സംവിധാനംചെയ്യപ്പെട്ടിരിക്കുന്ന ഈ കാൎയ്യങ്ങളുടെ ക്രമികരണത്തെ മനുഷ്യന്റെ സാഹസവും ദുഷ്ടതയും ഭേദപ്പെടുത്തുകയും ഭഞ്ജിക്കയും ചെയ്യുന്നതായാൽ, ഇത്ര അത്ഭുതാവഹമാംവണ്ണം സ്ഥാപിതമായിരിക്കുന്ന ഈ വ്യവസ്ഥകൾ ഒന്നുകിൽ ഉപദ്രവകാരികളാകാൻ തുടങ്ങും, അല്ലെങ്കിൽ ഉപകാരപ്രദങ്ങൾ എന്ന നില വിടും. എന്തുകൊണ്ടെന്നാൽ അവയിൽ വന്നുകൂടിയ ഭേദഗതിനിമിത്തം, ഉപകാരം ചെയ്യുന്നതിനുള്ള അവയുടെ ശക്തി നഷ്ടമാകുന്നു. അല്ലെങ്കിൽ ദൈവം തന്നെ മനുഷ്യന്റെ ഗർവത്തേയും അഹങ്കാരത്തേയും ഇങ്ങനെ ശിക്ഷിക്കുന്നതിനു തിരുമനസ്സാകുന്നു.” തന്നിമിത്തം വിവാഹകാൎയ്യത്തിനു വേണ്ടക്രമം പുനസ്ഥാപിതമാകുന്നതിനു എല്ലാവരും ദൈവനിശ്ചയം എന്താണെന്നു ഓൎമ്മിക്കയും അതിനെ അനുവൎത്തിക്കുന്നതിനു ശ്രമിക്കയും ചെയ്യേണ്ടതു അത്യാവശ്യമാണ്.

## ദൈവ തിരുമനസ്സിനുള്ള അനുസരണം.

ഈ പരിശ്രമത്തിൽ നേരിടുന്ന പ്രധാന വിഘ്നം അനിയന്ത്രിതമായ കാമാസക്തിയാണ്. വിവാഹത്തിന്റെ പാവന നിയമങ്ങൾക്കു വിരുദ്ധമായി പാപം ചെയ്യുന്നതിനു പ്രേരിപ്പിക്കു

ന്ന ശക്തിമത്തായ കാരണവും അതുതന്നെ. മനുഷ്യൻ തന്നെത്തന്നെ ആദ്യമായി ദൈവത്തിനു കീഴടക്കാത്തപക്ഷം അവനു സ്വന്ത കാമവികാരങ്ങളെ അമൎത്തുന്നതിനു സാധിക്കയില്ല. ആകയാൽ ദൈവത്താൽ വ്യവസ്ഥാപിതമായ ഈ നിശ്ചയമനുസരിച്ചു അവൻെറ പ്രഥമമായ ശ്രമം ഇതിനായിരിക്കണം. എന്തുകൊണ്ടെന്നാൽ തന്നെത്തന്നെ ആദ്യം ദൈവത്തിനു വിധേയനാക്കുന്നവനു ദൈവവരത്തിൻെറ സഹായത്താൽ സ്വന്ത ആശാപാശങ്ങളെയും ദുരാഗ്രഹങ്ങളെയും തനിക്കുതന്നെ വിധേയമാക്കുന്നതു സന്തോഷപ്രദമായിരിക്കും; പ്രത്യുത, ദൈവദ്രോഹിയായി വൎത്തിക്കുന്നവൻ നീചതമങ്ങളായ കാമവികാരങ്ങളുടെ ഭയങ്കരയുദ്ധം തന്നിൽത്തന്നെ അനുഭവിക്കും. ഇതു അതിപാവനമായ ഒരു നിയമമാണ്. ഈ നിയമം എത്ര വിവേകപൂൎവ്വം സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണെന്നു തെളിയിക്കുന്നതിനു വി. അഗുസ്തീനോസു പറയുന്നു: “കീഴുള്ളതു മേലുള്ളതിനു അധീനമായിരിക്ക എന്നതു സമുചിതമായ ഒരു ഏൎപ്പാടാണ്. തൻെറ കീഴുള്ളതു തനിക്കു വിധേയമായിരിക്കാൻ ആഗ്രഹിക്കുന്നവൻ തനിക്കു മേലുള്ളതിനു കീഴ്പെടണം. ക്രമത്തെ കൈവരിക്ക. സമാധാനം അന്വേഷിക്ക. നീ ദൈവത്തിനു കീഴ്പെട്ടിരിക്ക, നിൻെറ ജഡം നിനക്കും കീഴ്പെട്ടിരിക്കട്ടെ. ഇതിൽ കൂടുതൽ യുക്തവും ഉചിതവുമായി എന്താണുള്ളത്? നിൻെറ മേലുള്ളതിനു നീ കീഴ്പെട്ടിരിക്കുന്നു; നിൻെറ കീഴുള്ളതു നിനക്കും കീഴ്പ്പെട്ടിരിക്കുന്നു. നിൻെറ മേലുള്ളതിനെ നീ സേവിച്ചാൽ നിനക്കായി സൃഷ്ടിക്കപ്പെട്ടവ നിന്നെയും സേവിക്കും. നാം പ്രശംസിക്കുന്ന ക്രമം ‘നിൻെറ ജഡം നിനക്കും നീ ദൈവത്തിനും’ എന്നതല്ല, പിന്നെയോ, ‘നീ ദൈവത്തിനും നിൻെറ ജഡം നിനക്കും’ എന്നതാണ്. എന്നാൽ നിന്നെ ദൈവത്തിനു അധീനമാക്കാൻ നീ മടിക്കുന്നെങ്കിൽ നിൻെറ ജഡത്തെ നിനക്കു അധീനമാക്കുന്നതിനു ഒരിക്കലും സാധിക്കയില്ല. നീ കൎത്താവിനെ അനുസരിക്കുന്നില്ലെങ്കിൽ നിൻെറ സേവകൻ നിന്നെ പീഡിപ്പിക്കും.”

സൎവ്വജ്ഞനായ ദൈവത്തിൻെറ ഈ ക്രമീകരണത്തെ പരിശുദ്ധാത്മാവിനാൽ പ്രേരിതനായ ‘പുറജാതികളുടെ അപ്പോസ്തോലൻ’ പ്രത്യേകം എടുത്തു കാണിച്ചിട്ടുണ്ട്. പ്രപഞ്ചത്തിൻെറ സ്രഷ്ടാവിനെ അറിഞ്ഞശേഷം തന്നെ ആരാധിക്കയും വ

ങ്ങളുകയും ചെയ്യാതിരുന്ന പുരാതന തത്വശാസ്ത്രികളെപ്പററി അദ്ദേഹം ഇങ്ങനെ പറയുന്നു. "അതുകൊണ്ടു അവർ പരസ്പരം സ്വന്തശരീരങ്ങളെ അവമാനിക്കുന്നതിനായി ദൈവം അവരെ അവരുടെ ഹൃദയത്തിൻെറ ആഗ്രഹങ്ങളിലേക്കു, അശുദ്ധിയിലേക്കു, കയ്യാളിച്ചു" (റോമാ. I. 24.) വീണ്ടും, "തൻമൂലം ദൈവം അവരെ ലജ്ജാവഹങ്ങളായ അഭിലാഷങ്ങളിലേക്കു ഒഴിഞ്ഞുവിട്ടു." (റോമാ. I. 26.) വി. യാക്കോബുശ്ലീഹാ പറയുന്നു. "ദൈവം നിഗളികളോടു എതിക്കുന്നു, എളിമയുള്ളവക്കോ എന്നാൽ തൻെറ വരപ്രസാദം നൽകുന്നു." (വി.യാക്കോ. IV. 6)പുറജാതികളുടെ അപ്പോസ്തോലൻ പറയുന്നതുപോലെ ഈ വരപ്രസാദം കൂടാതെ മനുഷ്യനു സ്വന്തജഡത്തിൻെറ ക്ഷോഭത്തെ കീഴടക്കാൻ നിവൃത്തിയില്ല. തന്നിമിത്തം, ആദ്യമെതന്നെ അരൂപി സ്വന്തസ്രഷ്ടാവിൻെറ നേക്കുള്ള കടമയുടെയും വണക്കത്തിൻെറയും വിനീതമായ വിധേയത്വത്തെ പ്രദശിപ്പിക്കാത്തപക്ഷം, അനിയന്ത്രിതങ്ങളായ ഈ കാമവികാരങ്ങളുടെ ആക്രമണങ്ങളെ ഒരു വിധത്തിലും ലഘു കരിക്കാൻ നിവൃത്തിയില്ലാത്തതിനാൽ, പാവനമായ ദാമ്പത്യബന്ധത്തിൽ ഏപ്പെട്ടിരിക്കുന്നവർ സവ്വപ്രധാനമായി ചെയ്യാനുള്ളതു് ദൈവത്തിൻെറ നേക്കു തങ്ങൾക്കുള്ള കടമയുടെ യഥാത്ഥബോധം തങ്ങളുടെ ഹൃദയങ്ങളിൽ അഴമായി പതിക്കുന്നതിനും തദനുസരണം തങ്ങളുടെ ജീവിതത്തെ മുഴുവനും രൂപവൽക്കരിക്കുന്നതിനു തങ്ങളുടെ ബുദ്ധിയും മനസ്സും ദൈവമഹത്വത്തിൻെറ നേക്കുള്ള അഗാധമായ ഭക്തിയാൽ നിറക്കുന്നതിനും ശ്രമിക്ക എന്നതാകുന്നു.

## പ്രാത്ഥനയും വി. കൂദാശകളുടെ സ്വീകരണവും

ആകയാൽ, ഭായ്യാഭത്താക്കന്മാർ ദൈവപ്രമാണത്തെ ലംഘിക്കാതിരിക്കുന്നതിനുവേണ്ടി, അവരുടെ കടമകളെ യഥാവിധി നിവ്വഹിക്കുന്നതിനും മതപരങ്ങളായ സുകൃതങ്ങളെ അനുഷ്ഠിക്കുന്നതിനും അവരെ പ്രോത്സാഹിപ്പിക്കയും, അവർ സ്വയം ദൈവത്തിനു സമപ്പണം ചെയ്യുന്നതിനും, ദൈവസഹായം നിരന്തരം പ്രാത്ഥിക്കുന്നതിനും, കൂദാശകളെ അടിക്കടി കൈക്കൊള്ളുന്നതിനും, സവ്വദാ നിഷ്കപടമായ ദൈവഭക്തിയെ അവരിൽ ജനിപ്പിച്ചു പരിപോഷിപ്പിക്കുന്നതിനും നിശ്ചിതമായ ക്രിസ്തീയ

മുറയനുസരിച്ച പ്രേരിപ്പിക്കയും ചെയ്യുന്ന ആത്മപാലകന്മാർ സർവ്വഥാ പ്രശംസാർഹന്മാരാണ്.

അതിസ്വാഭാവികങ്ങളായ ഈ മാർഗ്ഗങ്ങളെ ലഘൂകരിച്ചു പെടുത്തുകയോ ഉപേക്ഷിക്കയോ ചെയ്തുകൊണ്ടു, (പ്രാണിശാസ്ത്രം, പിതൃകശാസ്ത്രം ഇത്യാദി) പ്രകൃതിശാസ്ത്രങ്ങളുടെ പ്രയോഗവും പ്രകാശനവുംമൂലം മനുഷ്യരെ പരിശുദ്ധരാക്കുന്നതിനു പ്രേരിപ്പിക്കാം എന്നു വിചാരിക്കുന്നവർ പററിയിരിക്കുന്ന തെററു ചില്ലറയൊന്നുമല്ല. ഈ പറഞ്ഞതിൽനിന്നു നമുക്കു അകൃത്രിമങ്ങളായ സ്വാഭാവിക മാർഗ്ഗങ്ങളെ ആക്ഷേപിക്കണമെന്നു ഉദ്ദേശ്യമില്ല. എന്തുകൊണ്ടെന്നാൽ പ്രകൃതിയുടെയും വരപ്രസാദത്തിൻെറയും കർത്താവു ദൈവമാണ്. ഈ ഇരുവ്യവസ്ഥകളിലേയും നന്മകളെ ഗുണകരമാംവണ്ണം ഉപയോഗിക്കുന്നതിനായി മനുഷ്യർക്ക് പ്രദാനം ചെയ്തിരിക്കുന്നതു അവിടുന്നു തന്നെയാണ്. അതുകൊണ്ടു വിശ്വാസികൾക്കു സ്വാഭാവികമാർഗ്ഗങ്ങൾ സഹായമായി അവലംബിക്കാമെന്നു തന്നെയല്ല അവർ അവ അവലംബിക്കേണ്ടതുമാണ്. എന്നാൽ ഈ മാർഗ്ഗങ്ങളിലൂടെ ദാമ്പത്യബന്ധത്തിൽ ചാരിത്ര്യ ശുദ്ധിയെ സംസ്ഥാപിക്കാമെന്നോ, ഇവ പ്രകൃത്യതീതമായ വരപ്രസാദത്തേക്കാൾ ഫലപ്രദമാണെന്നോ വിശ്വസിക്കുന്നതു അബദ്ധമാണ്.

## ഉപദേഷ്ടാവിൻെറ ആവശ്യകത.

ദാമ്പത്യത്തെയും ധാർമ്മികാനുഷ്ഠാനങ്ങളെയും വിവാഹത്തേപ്പററിയുള്ള ദൈവപ്രമാണങ്ങളോടു അനുരൂപപ്പെടുത്താതെ അതിൻെറ രക്ഷ ഫലവത്താക്കാൻ സാധിക്കയില്ല. അതിനാകട്ടെ ഈ പ്രമാണങ്ങൾ എന്തെല്ലാമാണെന്നു എളുപ്പത്തിൽ സംശയലേശവും തെററും കൂടാതെ വിവേചിച്ചു അറിയേണ്ടിയിരിക്കുന്നു. എന്നാൽ അവയെ കണ്ടുപിടിക്ക എന്ന ജോലി ഓരോരുത്തൻെറയും ബുദ്ധിയുടെ പ്രകാശത്തിനുമാത്രം വിട്ടുകൊടുക്കയോ, വെളിപ്പെടുത്തപ്പെട്ട അ.സത്യത്തിൻെറ സ്വയവ്യാഖ്യാനത്താൽ കണ്ടെത്തപ്പെടണമെന്നു വെക്കയോ ചെയ്തിരുന്നെങ്കിൽ, എത്രയധികം അബദ്ധങ്ങൾക്കു വഴി തുറക്കുകയും എത്രയധികം തെററുകൾ സത്യത്തോടു കൂട്ടിക്കലർത്തപ്പെടുകയും ചെയ്യുമായിരുന്നു എന്നു ആർക്കും നിഷ്പ്രയാസം കാണാവുന്നതാ

ണ്. ഈ തത്വം സന്മാൎഗ്ഗികങ്ങളായ മററനേക സത്യങ്ങളെ സംബന്ധിച്ചടത്തോളം ശരിയായിരിക്കുന്ന സ്ഥിതിക്കു, വിവാഹത്തെ സ്പൎശിക്കുന്ന എല്ലാവററിലും നാം വളരെ കൂടുതൽ ശ്രദ്ധ പതിക്കേണ്ടതുണ്ടു്. എന്തുകൊണ്ടെന്നാൽ ഈ വിഷയത്തിൽ ക്രമരഹിതമായ വിഷയ സുഖേച്ഛ ബലഹീനമായ മനുഷ്യസ്വഭാവത്തെ ആക്രമിച്ച് അതിനെ എളുപ്പത്തിൽ വഞ്ചിക്കുന്നതിനും നേർവഴിയിൽ നിന്നും തെററിക്കുന്നതിനും പാടുണ്ടു്. ദൈവപ്രമാണത്തെ സംബന്ധിച്ചിടത്തോളം ഇതു സൎവ്വോപരി യഥാൎത്ഥമാണ്. എന്തുകൊണ്ടെന്നാൽ ചിലപ്പോൾ അതു ക്ലേശാവഹങ്ങളായ ബലികളെ ആവൎത്തിക്കാൻ ആവശ്യപ്പെടുന്നു. ഈ കാൎയ്യത്തിൽ ദൈവപ്രമാണ നിൎവ്വഹണത്തിൽനിന്നു ഒഴിയുന്നതിനു ബലഹീനനായ ഒരു മനുഷ്യനു എന്തെല്ലാം കാരണങ്ങളെ കണ്ടുപിടിക്കാമെന്നതിനു അനുഭവം തന്നെ സാക്ഷിയാണല്ലൊ.

## സഭയാണ് ഉപദേഷ്ടാവു്.

ഈ കാരണത്താൽ വ്യാജസ്പൎശനമോ അബദ്ധ സങ്കലനമോ കൂടാതെ മനുഷ്യർ തങ്ങളുടെ മനസ്സിനെ ദൈവപ്രമാണം നൽകുന്ന വെളിച്ചത്താൽ പ്രകാശമാനമാക്കി തങ്ങളുടെ നടപടികളെ നിയന്ത്രിക്കുന്നതിനും ദൈവഭക്തിയ്ക്കു വിധേയമായി അവിടത്തെ മനോഭാവം അവലംബിക്കുന്നതിനും പുറമേ പുത്രനിൎവ്വിശേഷവും വിനയാന്വിതവുമായ അനുസരണം സഭയുടെ നേക്കു പ്രദൎശിപ്പിക്കേണ്ടതും അത്യാവശ്യമാണ്. എന്തുകൊണ്ടെന്നാൽ, സന്മാൎഗ്ഗപരമായ നടത്തയെ ഭരിക്കയും നിയന്ത്രിക്കയും ചെയ്യുന്ന കാൎയ്യങ്ങളിൽ പോലും, അവയിൽ ഏതാനുമെല്ലാം മനുഷ്യബുദ്ധിക്കു ദുഷ്പ്രാപ്യം അല്ല എന്നുവരികിലും സത്യത്തിൻെറ ഉപദേഷ്ടാവായിട്ടു മിശിഹാ തന്നെയാണ് സഭയെ കല്പിച്ചാക്കിയിരിക്കുന്നതു്. എങ്ങിനെയെന്നാൽ, മതത്തിൻെറയും സദാചാരത്തിൻെറയും സ്വഭാവിക സത്യങ്ങളെ സംബന്ധിച്ചു പറയുന്നതായാൽ, ബുദ്ധിയുടെ പ്രകാശത്തോടുകൂടെ ദൈവം വെളിപാടിനേയും സംഘടിപ്പിച്ചുകൊണ്ടു് മനുഷ്യവൎഗ്ഗത്തിൻെറ വൎത്തമാനാവസ്ഥയിലും ധൎമ്മ്യങ്ങളും യഥാൎത്ഥങ്ങളുമായ സംഗതികൾ അനായാസേന നിശ്ചയമായും അബദ്ധ

സമ്മിശ്രമല്ലാതെയും അറിയുന്നതിനു മാൎഗ്ഗം നൽകിയതുപോലെതന്നെ, മതത്തേയുംസന്മാൎഗ്ഗത്തേയുംസംബന്ധിച്ചിടത്തോളംസത്യംമുഴുവൻെറയുംസംരക്ഷകയുംഉപദേഷ്ടാവുമായിസഭയെസ്ഥാപിച്ചിരിക്കുന്നു.തന്നിമിത്തം വിശ്വാസികൾ സഭയോടു അനുസരണം പ്രദൎശിപ്പിക്കയും ബുദ്ധിയേയും ഹൃദയത്തേയും അതിനു വിധേയമാക്കുകയും ചെയ്യണം. എങ്കിൽ മാത്രമേ അവൎക്ക അവയെ അക്ഷതമായും അബദ്ധത്തിൽ നിന്നും സന്മാൎഗ്ഗഭ്രംശത്തിൽ നിന്നും വിമുക്തമായും കാക്കുന്നതിനും ദൈവം ധാരാളമായി നൽകുന്ന സഹായങ്ങളെ നഷ്ടപ്പെടുത്താതിരിക്കുന്നതിനും സാധിക്കയുള്ളു. ഈ അനുസരണത്തെയാകട്ടെ പ്രദൎശിപ്പിക്കേണ്ടതു, സഭ സഗൗരവം വല്ല തീൎപ്പും ചെയ്യുമ്പോൾ മാത്രമല്ല, പ്രത്യുത, പരിശുദ്ധ സിംഹാസനത്തിൽ നിന്നു പുറപ്പെടുന്ന വിധികളാലും വ്യവസ്ഥകളാലും ചില അഭിപ്രായങ്ങൾ അപല്ക്കരങ്ങളോ ദോഷകരങ്ങളോ ആയി ആക്ഷേപിക്കപ്പെടുകയോ തിരസ്കരിക്കപ്പെടുകയോ ചെയ്യുമ്പോൾക്കൂടെയും വേണ്ടതാണു.

## സഭയെ അനുസരിക്കണം.

ആകയാൽ, വിശ്വാസികൾ അമിതമായ സ്വാഭിപ്രായസ്വാതന്ത്ര്യത്തിൽനിന്നും മനുഷ്യബുദ്ധിയുടെ വ്യാജമായ സ്വയംശാസനാധികാരത്തിൽനിന്നും ഒഴിഞ്ഞിരിപ്പാൻ ശ്രമിക്കണം. എന്തുകൊണ്ടെന്നാൽ സ്വാശ്രയശക്തിയെ അഹംഭാവപൂൎവ്വം ആശ്രയിച്ചുകൊണ്ടു, സ്വപരീക്ഷണഫലമായി ആന്തരിക പ്രകൃതിക്ക് കണ്ടുപിടിക്കാവുന്നതുകളെ മാത്രം സമ്മതിക്കയും, സൎവജാതികളുടേയും ഉപദേഷ്ടാവും മാൎഗ്ഗദൎശിയുമായി ദൈവത്താൽ നിയുക്തയായിരിക്കുന്ന സഭ ആധുനികാവസ്ഥകളിലും പരിതസ്ഥിതികളിലും അനഭിജ്ഞയാണെന്നോ, അല്ലെങ്കിൽ വിധിപൂൎവ്വമായ നിൎണ്ണയങ്ങളാൽ സഭ ചെയ്തിരിക്കുന്ന തീൎപ്പുകളെമാത്രം അനുസരിച്ചാൽ മതി എന്ന നാട്യേന ഇതരതീരുമാനങ്ങൾ വ്യാജാസ്പദങ്ങളാണെന്നൊ ആജ്ജവത്തിനുംപരമാൎത്ഥത്തിനും വേണ്ടിടത്തോളം കാരണം കാണിക്കുന്നില്ലെന്നോ, സങ്കല്പിക്കയും ചെയ്യുന്ന യാതൊരുത്തനും ക്രിസ്ത്യാനിഎന്ന നാമത്തിനു അൎഹനല്ലതന്നെ. നേരെമറിച്ചു പരമാൎത്ഥത്തിൽ ക്രിസ്തുവിനെ അനുകരിക്കുന്നവരുടെ ലക്ഷണം, അവർ വിദ്വാന്മാരോ വിദ്യാവിഹീനരോ ആയാലും

ശരി, വിശ്വാസത്തേയോ സന്മാർഗ്ഗത്തേയോ സ്പർശിക്കുന്ന വിഷയങ്ങളിൽ ദൈവത്തിൻെറ വിശുദ്ധ സഭവഴി, നമ്മുടെ കർത്താവീശോമിശിഹായാൽതന്നെ നയിക്കപ്പെടുന്ന ശ്രേഷ്ഠാചാര്യനായ റോമ്മാപാപ്പായാൽ നയിക്കപ്പെടുന്നതിനും മാർഗ്ഗദർശനം ചെയ്യപ്പെടുന്നതിനും നന്മനസ്സോടെ സമ്മതിക്ക എന്നതാകുന്നു.

## പരിപൂർണ്ണമായ വേദജ്ഞാനം.

അകയാൽ സമസ്തവും ദൈവഹിതത്തിനും പ്രമാണത്തിനും അനുസൃതമായിരിക്കേണ്ടതാകകൊണ്ടു സർവ്വസാമാന്യവും ശാശ്വതവുമായ വിധത്തിൽ വിവാഹം പുന:സ്ഥാപിതമാകുന്നതിനു, വിശ്വാസികൾക്കു വിവാഹത്തെ സംബന്ധിച്ചു വേണ്ട എല്ലാ ഉപദേശങ്ങളും നൽകുക എന്നതു സർവ്വപ്രധാനമായ ഒരു സംഗതിയായിരിക്കുന്നു. അതു പ്രസംഗങ്ങളാലും പ്രബന്ധങ്ങളാലും നാമമാത്രമാകാതെ പല പ്രാവശ്യം ആവർത്തിച്ചും പൂർണ്ണമായിട്ടും, ലളിതങ്ങളും ബലിഷ്ഠങ്ങളുമായ ന്യായങ്ങളെ ആധാരമാക്കിക്കൊണ്ടും നിർവ്വഹിക്കപ്പെടണം. അപ്പോൾ ഈ സത്യങ്ങൾ ബുദ്ധിക്കു സുഗ്രഹങ്ങളായി ഭവിക്കയും ഹൃദയത്തിൽ ആഴമായി പതിയുകയും ചെയ്യും.

വിവാഹത്തിൻെറ സ്ഥാപനത്തിനു എന്നപോലെ തന്നെ പാവനങ്ങളായ നിയമങ്ങളാൽ അതിനെതാങ്ങി സംരക്ഷിച്ചുകൊണ്ടിരിക്കുന്നതിലും ദൈവം പ്രദർശിപ്പിക്കുന്ന അപാരമായ ജ്ഞാനം, ദയ, ഔദാര്യംഎന്നിവയെപ്പററിയും തദ്ദ്വാരി, അതിനെ ഒരു കൂദാശ എന്ന ശ്രേഷ്ഠപദത്തിലേക്കു ഉന്നമിപ്പിച്ചുകൊണ്ടു ക്രിസ്തീയദാമ്പത്യബന്ധത്തിൽ ഏർപ്പെടുന്നവർക്കു ഇത്ര വിപുലമായ വരപ്രസാദത്തിൻെറ ഉറവയെ തുറന്നു കൊടുക്കയും ഇങ്ങനെ അവർ തങ്ങളുടെയും സന്താനങ്ങളുടെയും, സമുദായത്തിൻെറയും എന്നുവേണ്ട നരകുലമാസകലത്തിൻെറയും ക്ഷേമൈശ്വര്യങ്ങൾക്കു നിദാനമാകുമാറു ദാമ്പത്യത്തിൻെറ മഹനീയോദ്ദേശ്യത്തെ സാധിതപ്രായമാക്കുകയും ചെയ്യുന്നു എന്ന സംഗതിയേപ്പററിയും അവർ ധ്യാനിക്കയും പര്യാലോചിക്കയും ചെയ്യട്ടെ.

ആധുനിക വിവാഹവിദ്ധ്വംസകന്മാർ തങ്ങളുടെ സർവ്വശക്തിയുമുപയോഗിച്ചുകൊണ്ടു മനുഷ്യരുടെ ബുദ്ധിയെ വഴിതെ

ററിക്കയും ഹൃദയങ്ങളെ വഷളാക്കയും ദാമ്പത്യചാരിത്ര്യത്തെ അപഹാസപാത്രമാക്കയും, പുസ്തകങ്ങൾ, ലഘുലേഖകൾ ആദിയായ നാനാമാർഗ്ഗങ്ങളിലൂടെ അതിനിന്ദ്യങ്ങളായ ദുർഗ്ഗുണങ്ങളെ ശ്ലാഘനീയമായി വർണ്ണിക്കയും ചെയ്യുന്നസ്ഥിതിക്ക് വന്ദ്യസഹോദരന്മാരേ, നിശ്ചയമായും നിങ്ങൾ, അതേ, ദൈവം സ്വന്തരക്തത്താൽ വീണ്ടെടുത്ത ആ സഭയെ ഭരിക്കുന്നതിനു മെത്രാന്മാരായി പരിശുദ്ധാത്മാവിനാൽ നിയമിതരായിരിക്കുന്നനിങ്ങൾ, നിങ്ങളുടെ അധികാരത്തിനു കിഴുള്ള പട്ടക്കാരേയും മാത്രമല്ല, കത്തോലിക്കപ്പരിശ്രമദ്വാരാ—നാം അതിയായിഅഭിലഷിക്കുന്നതും അഭിനന്ദിക്കുന്നതുമായ ആ കത്തോലിക്കപ്രവർത്തനത്താൽ— അൽമേനികളേയും വൈദികാദ്ധ്യക്ഷവിധേയമായ അപ്പോസ്തോലത്വത്തിൽ ഒരു ശക്തിയായി ഏകീകരിച്ചുകൊണ്ടു സമുചിതങ്ങളായ സമസ്തമാർഗ്ഗങ്ങളിലൂടെയും സത്യംകൊണ്ടു അസത്യത്തേയും, ചാരിത്രശുദ്ധിയുടെ ശ്രേഷ്ഠതയും മഹാത്മ്യവുംകൊണ്ടു ദുർവൃത്തിയേയും, ദൈവപുത്രന്മാരുടെ സ്വാതന്ത്ര്യത്താൽ അത്ഥാഗ്രഹമെന്നദാസ്യാവസ്ഥയേയും, വിവാഹബന്ധത്തിനു ചിരസ്ഥായിയായ പ്രണയത്താലും മരണപര്യ്യന്തം വിശ്വസ്തതാപൂർവ്വം നിലനില്ക്കാമെന്നുള്ള അലംഘിതമായ പ്രതിജ്ഞയാലും വിവാഹമോചത്തിനുള്ള നാശകരമായ സൗകര്യത്തേയും എതിർക്കുന്ന വിഷയത്തിൽ സർവ്വദാ ദത്തശ്രദ്ധരായിരിക്കണം.

ഇങ്ങനെ വിശ്വാസികൾ ദൈവപ്രമാണത്താൽ ഒന്നിച്ചു ബന്ധിക്കപ്പെടുകയും ജഡത്തെ വിഗ്രഹമെന്നോണം കരുതി അതിനുചെയ്യുന്ന നാനാപ്രകാരേണയുമുള്ള അർച്ചനകളേയും കാമവികാരങ്ങളുടെ ദാസ്യാവസ്ഥയേയും കഴിയുന്നത്ര വജ്ജിക്കുന്നതിനു സൌമ്യമായി നിർബന്ധിക്കപ്പെടുകയും ഇതിനായി അവർ പൂർണ്ണഹൃദയത്തോടെ ദൈവത്തിനു കൃതജ്ഞത പ്രകടിപ്പിക്കയും ചെയ്യുന്നതിനു ഇടവരും. മനുഷ്യന്റെ മാഹാത്മ്യത്തിനു അവമാനഹേതുകമായിപ്രസംഗങ്ങളും ലേഖനങ്ങളും വഴി "ഉൽകൃഷ്ട വിവാഹം" എന്ന അഭിധാനത്തിൽ ഇപ്പോൾ പ്രചരിപ്പിക്കപ്പെട്ടുവരുന്ന ഗർഹണീയങ്ങളായ അഭിപ്രായങ്ങളിൽ നിന്നു ഏറിയക്കൂറും അവർ പിന്തിരികയും പിന്തിരിക്കപ്പെടുകയും ചെയ്യുന്നതാണ്. പ്രസ്തുത "ഉൽകൃഷ്ടവിവാഹം" സാക്ഷാൽ അപകൃഷ്ട വിവാഹമല്ലാതെ മററൊന്നുമല്ല. ന്യായപൂർവ്വം അതു ഈ പേരിൽ വിളിക്കപ്പെടുകയും ചെയ്യുന്നുണ്ട്.

ക്രിസ്തീയ വിവാഹസംബന്ധമായി നൽകപ്പെടുന്ന ഏതാദൃശ രക്ഷാകരങ്ങളായ ഉപദേശങ്ങളും മതപരമായ ശിക്ഷണവും അതിശയോക്തിപരമായ പ്രാണ പ്രകൃതിശാസ്ത്രാനുസരണമുള്ള ശിക്ഷണത്തിൽ നിന്നു വളരെ വ്യത്യസ്തപ്പെട്ടവതന്നെയാണ്. ഇദാനീന്തനന്മാരായ വിവാഹപരിഷ്കാരേച്ഛുക്കൾ വിവാഹിതന്മാരെ സഹായിക്കാൻ എന്ന ഭാവത്തിൽ പ്രാണപ്രകൃതിശാസ്ത്രപരങ്ങളായ വിഷയങ്ങളുടെ മാഹാത്മ്യത്തെ കീർത്തിക്കുന്നു. എന്നാൽ ഇവമൂലം ചാരിത്ര്യശുദ്ധിയോടുകൂടെ ജീവിതം നയിക്കുന്നതിനുപകരം പാപം ചെയ്യുന്നതിനുള്ള സാമർത്ഥ്യമാണ് സമ്പാദിക്കുന്നത്. ആകയാൽ, വന്ദ്യസഹോദരന്മാരെ, ഭാഗ്യസ്മരണാർഹനായ നമ്മുടെ മുൻഗാമി 13—ാം ലെയോൻ പാപ്പാ ക്രിസ്തീയ വിവാഹത്തെക്കുറിച്ചു ലോകത്തിലെ സർവ്വമെത്രാന്മാർക്കുമായി അയച്ച സന്ദേശത്തിലെ വാക്കുകളെ നമ്മുടെ സ്വന്തമായി എടുത്തു ഇവിടെ ഉദ്ധരിക്കുന്നു. "കർത്താവായ മിശിഹായിലും ദൈവതിരുമനസ്സിൻെറ വ്യാഖ്യാതാക്കന്മാരായ അപ്പോസ്തോലന്മാരിലും നിന്നു പാരമ്പര്യമായി സിദ്ധിച്ചു കത്തോലിക്കാസഭ ഭക്ത്യാദരപുരസ്സരം ഭദ്രമായി സൂക്ഷിച്ചു, എല്ലാക്കാലങ്ങളിലെയും വിശ്വാസികളോടു അനുഷ്ഠിക്കുന്നതിനു ആജ്ഞാപിച്ചിട്ടുള്ള ആ ഉപദേശം നിങ്ങളുടെ സൂക്ഷത്തിനു ഭരമേല്പിക്കപ്പെട്ടിട്ടുള്ള ജനങ്ങളുടെ ഇടയിൽ അന്യൂനവും അവികലവുമായി പാലിക്കപ്പെടുന്നതിനു നിങ്ങളുടെ സമസ്താധികാരവുമുപയോഗിച്ചു ശ്രമിക്കേണ്ടിയിരിക്കുന്നു."

## അനുസരിക്കുന്നതിനുള്ള നന്മനസ്സ്.

എന്നാൽ സഭയുടെ ഉപദേശം എത്രതന്നെ വിശിഷ്ടമായിരുന്നാലും വിവാഹത്തെ ദൈവപ്രമാണത്തോടു അനുരൂപപ്പെടുത്തുന്നതിനു അതുകൊണ്ടുതന്നെ മതിയാകയില്ല. ബുദ്ധിയുടെ ശിക്ഷണത്തിനു പുറമേ ഒരുകൂട്ടം കൂടെ ആവശ്യമുണ്ട്. അതു, വിവാഹത്തെ സംബന്ധിച്ചുള്ള അതിപാവനമായ ദൈവപ്രമാണങ്ങളേയും പ്രകൃതിനിയമങ്ങളേയും പാലിക്കുന്നതിനു ഭാര്യാഭർത്താക്കന്മാരുടെ ഭാഗത്തു ഒരു ദൃഢനിശ്ചയം ഉണ്ടായിരിക്കണം എന്നുള്ളതാണു. അപരന്മാർ പറഞ്ഞും പ്രസംഗിച്ചും എഴുതിയും എത്രതന്നെ നാടൊട്ടുക്കു പരത്തിയാലും, ഭാര്യാഭർത്താക്കന്മാർ

വിവാഹ സംബന്ധമായ വിഷയങ്ങളിൽ ദൈവപ്രമാണങ്ങളിൽ നിന്നു വരവ്ണ്ണം മാറാതെ നില്ക്കുന്നതിനു സ്ഥിരമായ പ്രതിജ്ഞ ചെയ്യട്ടെ. പരസ്പരസ്നേഹചിഹ്നങ്ങളായ സഹായങ്ങളെ അന്യോന്യം നൽകട്ടെ; സുദൃഢ പ്രകൃതിയോടുകൂടിയ ആ ബന്ധത്തോട് ധൎമ്മവിരുദ്ധമായ കയ്യേററം ചെയ്യാതെ ചാരിത്ര ശുദ്ധിയുടെ മാഹാത്മ്യത്തെ പരിപാലിക്കട്ടെ; വിവാഹത്തിൽ അവൎക്കു ലഭ്യമാകുന്ന അവകാശങ്ങളെ സൎവ്വദാ ക്രിസ്തീയവും പാവനവുമായ വിധത്തിൽ ഉപയോഗിക്കട്ടെ; പ്രത്യേകം ദാമ്പത്യത്തിന്റെ ആദിമഘട്ടങ്ങളിൽ ഇങ്ങനെ ശീലിച്ചാൽ പില്ക്കാലത്തിൽ ഇന്ദ്രിയദമനം ആവശ്യമായിവന്നേക്കാവുന്ന സന്ദർഭങ്ങളിൽ തഴക്കംമൂലം അതു കൂടുതൽ സുസാദ്ധ്യമായി തീരുന്നതാണ്.

## വിവാഹാന്തസ്സിനു ദത്തമായിരിക്കുന്ന വരപ്രസാദം.

ഇങ്ങനെ അവർ ഒരു ദൃഢനിശ്ചയം ചെയ്യുന്നതിനും പ്രവൃത്തിയിൽ വരുത്തുന്നതിനും അവരുടെ അന്തസ്സിനെയും അവർ സ്വീകരിക്കുന്ന കൂദാശയേയും പററി പലപ്പോഴും ചിന്തിക്കയും അവധാനപൂൎവ്വം ആലോചിക്കയും ചെയ്യുന്നതു വളരെ ഉപകാരപ്രദമായിരിക്കും. അവരുടെ അന്തസ്സിന്റെ കടമകളെ നിൎവ്വഹിക്കുന്നതിനും അതിന്റെ വിശിഷ്ടതയെ പാലിക്കുന്നതിനും വേണ്ടി ഒരു പ്രത്യേക കൂദാശയാൽ അവർ ശുദ്ധീകരിക്കപ്പെടുകയും ദൃഢീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു എന്ന വസ്തുത അവർ സൎവ്വദാ അനുസ്മരിക്കട്ടെ. ഈ കൂദാശ ആത്മാവിൽ മുദ്ര പതിക്കുന്നില്ലെങ്കിലും അതിന്റെ സമൎത്ഥമായ ശക്തിക്കു ഒരു ക്ഷയവുമില്ലതന്നെ. ഈ ഉദ്ദേശ്യസാദ്ധ്യാൎത്ഥം വി. റോബൎട്ട് ബെല്ലൎമിൻ കൎദ്ദിനാളിന്റെ വാക്കുകളെ ആലോചനാവിഷയമാക്കുന്നതുകൊള്ളാം. സാക്ഷാൽ ആശ്വാസസന്ദായകങ്ങളായ പ്രസ്തുത വാക്കുകളെ ഈ വിശുദ്ധൻ, വിശ്രുതന്മാരായ ഇതരവേദപാരംഗതന്മാരോടുകൂടെ, ഈ വിധം പ്രസ്താവിച്ചിരിക്കുന്നു. "വിവാഹമെന്ന കൂദാശയെ രണ്ടു വിധത്തിൽ ഗണിക്കുന്നു. ഒന്നാമത്തേതു അതിന്റെ അനുഷ്ഠാനം; രണ്ടാമത്തേതു് അതിന്റെ ശാശ്വതാവസ്ഥ. എന്തുകൊണ്ടെന്നാൽ, അതു്, വി. കൎബാന പോലെ തന്നെ, അനുഷ്ഠിക്കപ്പെടുന്ന അവസരത്തിൽ മാത്രമല്ല, അതിൽ പിന്നീടും ഒരു കൂദാശയായി നിലനില്ക്കുന്നു. ഇങ്ങനെ

വിവാഹിതരായ കക്ഷികൾ സജീവരായിരിക്കുന്ന കാലത്തോളം അവരുടെ ഐക്യം ക്രിസ്തുവിൻെറയും സഭയുടെയും ഒരു കൂദാശയായി സ്ഥിതിചെയ്യുന്നതാണ്."

എന്നാൽ ഈ കൂദാശയുടെ വരപ്രസാദം പരിപൂർണ്ണമായി ഫലപ്രദമാകണമെങ്കിൽ നാം മുമ്പേതന്നെ പ്രസ്താവിച്ചിട്ടുള്ളതിൻവണ്ണം ദമ്പതിമാരുടെ സഹകരണം അത്യാവശ്യമാണ്. അവരുടെ ചുമതലകളെ നിർവ്വഹിക്കുന്ന കാര്യത്തിൽ ഒട്ടും അലസത കാണിക്കാതെ യഥാശക്തി ശ്രമിക്കണം. എന്തുകൊണ്ടെന്നാൽ ദൈവം മനുഷ്യക്ക് പ്രദാനം ചെയ്തിരിക്കുന്ന ശക്തികൾ വികസിച്ചു പൂർണ്ണമായ ഫലം നൽകുന്നതിനു അവയെ മനുഷ്യൻ നിസ്തന്ദ്രമായും പ്രവൃത്തിപരമായും ഉപയോഗിക്കണമെന്നുള്ളതു് ലൌകിക വ്യവഹാരങ്ങളിൽപോലും അവശ്യാവശ്യമാണ്. അങ്ങിനെ ചെയ്തില്ലെങ്കിൽ ഫലം നാസ്തിയാണ്. ഇപ്രകാരംതന്നെ അവർ കൈക്കൊണ്ടിരിക്കുന്ന കൂദാശ അവരുടെ ആത്മാവിൽ നിക്ഷേപിച്ചിരിക്കുന്ന വരപ്രസാദത്തിൻെറ ശക്തിയെ അവരുടെ നിരന്തരമായ പ്രയത്നംമൂലം ഉപയോഗപ്രദമാക്കണം. തന്നിമിത്തം ദാമ്പത്യബന്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾ, തങ്ങളിലുള്ള കൂദാശയുടെ വരപ്രസാദത്തെ പാഴാക്കാതിരിക്കട്ടെ. എന്നാൽ അവരുടെ കടമകളുടെ നിർവഹണം എത്രതന്നെ വിഷമകരമായി തോന്നിയാലും അവയെ അവർ ശ്രദ്ധാപൂർവ്വം അനുഷ്ഠിക്കുന്നതായാൽ ആ വരപ്രസാദത്തിൻെറ ശക്തി കാലം മുമ്പോട്ടുപോകുന്തോറും ഉപര്യുപരി ഫലപ്രദമായി പരിണമിക്കുന്നതു അവർ കാണും. ഒരു പക്ഷേ അവരുടെജീവിതരീതിയുടെ ക്ലേശഭാരം ദുർവ്വഹമായിത്തന്നെ തോന്നിയാലും അവർ നിരാശാഭരിതരാകരുതു്. വി. പൌലോസ് അപ്പോസ്തോലൻ തൻെറ വാത്സല്യശിഷ്യനായ തിമോത്തി ക്ലേശനിർദ്ദനങ്ങളാൽ വിഷണ്ണനായിരിക്കെ പട്ടം എന്ന വി. കൂദാശയെ സംബന്ധിച്ചു അദ്ദേഹത്തിനു ഇങ്ങനെഎഴുതി:"എൻെറകൈവെപ്പുകൊണ്ടു നിനക്കു ലഭിച്ചിട്ടുള്ള വരപ്രസാദത്തെ ഉണർത്തണമെന്നു നിന്നോടു ഞാൻ ഉപദേശിക്കുന്നു. എന്തെന്നാൽ ദൈവം നമുക്കു നൽകിയിരിക്കുന്നതു ഭയത്തിൻെറ അരൂപിയല്ല പിന്നെയോ, ശക്തിയുടെയും, സ്നേഹത്തിൻെറയും സംയമനത്തിൻെറയും അരൂപിയത്രെ". (II Tim I 6-7.)ഈ വാക്യം ഒരു വിധത്തിൽതങ്ങളെ സം

ബന്ധിച്ചും പറഞ്ഞിട്ടുള്ളതാണെന്നു ഭാഷ്യാഭൎത്താക്കന്മാർ വിചാരിക്കുന്നതു നന്നായിരിക്കും.

## ഒരുക്കം ആവശ്യമാണ്.

എന്നാൽ വന്ദ്യസഹോദരന്മാരെ, ഇവയെല്ലാം ഏറിയക്രമവും വിവാഹം ചെയ്യാനുള്ള കക്ഷികൾ അടുത്തതും അകന്നതുമായി ചെയ്യേണ്ട ഒരുക്കത്തെയാണ് ആശ്രയിച്ചിരിക്കുന്നത്. എന്തെന്നാൽ, മംഗളകരമായ ദാമ്പത്യത്തിൻെറ ആധാരവും അമംഗളകരമായതിൻെറ വിനാശവും ബാലികാബാലന്മാരുടെ ഹൃദയാന്തർഭാഗത്തു സജ്ജീകരിച്ചു വെക്കപ്പെടുന്നതു കൌമാരയൌവനദശകളിലാണെന്നുള്ളത് അനിഷേധ്യമായ ഒരു വാസ്തവമാണ്. വിവാഹത്തിനുമുമ്പു സൎവ്വത്തിലും സ്വാൎത്ഥത്തെമാത്രം തേടുകയോ സ്വന്ത ദുരാശകളെ പോഷിപ്പിക്കയൊ ചെയ്തിരുന്നവർ, വിവാഹാന്തസ്സിലും പഴയപടിതന്നെ വൎത്തിക്കയുംവിതച്ചതിനെ തന്നെ കൊയ്യുകയും ചെയ്യത്തക്ക അപത്തിലാണിരിക്കുന്നത്. നിശ്ചയമായും ഇവരുടെ കുടുംബങ്ങൾ പാതകങ്ങളുടെയും, വിലാപങ്ങളുടെയും, പരസ്പരവിദ്വേഷത്തിൻെറയും, കലഹങ്ങളുടെയും ഉള്ളുകൽച്ചയുടെയും ഒരുമിച്ചുള്ള ജീവിതത്തിലെ വെറുപ്പിൻെറയും കേളിരംഗങ്ങളായിരിക്കും; ഇതിൽ എല്ലാററിലും കഷ്ടമായിട്ടുള്ളതു ഏതാദൃശന്മാർ ഏകാകികളായും തങ്ങളുടെ ദുർഗ്ഗുണങ്ങളുടെ അടിമകളായും കാണപ്പെടും എന്നുള്ളതാണ്.

ആകയാൽ, വിവാഹജീവിതത്തിൽ പ്രവേശിക്കാൻ ഇരിക്കുന്ന ആളുകൾ ആ അന്തസ്സിനോടു സമീപിക്കുന്നതു വേണ്ട വിധത്തിൽ ഒരുങ്ങിയും തയാറായുംവേണം. എങ്കിൽമാത്രമേ അവക്കു അന്യോന്യം യഥാശക്തി സഹായം ചെയ്യുന്നതിനും ജീവിതത്തിലുള്ള വിഷമതകളെ സഹിക്കുന്നതിനും മാത്രമല്ല തങ്ങളുടെ നിത്യരക്ഷയെ സുകരമാക്കി ചെയ്യുന്നതിനും തങ്ങളുടെ അന്തരികമനുഷ്യനെ മിശിഹായുടെ പൂൎണ്ണപ്രതിഛായ ആക്കിത്തീക്കുന്നതിനും സാധിക്കയുള്ളു. തങ്ങളുടെ വാത്സല്യഭാജനങ്ങളായ സന്താനങ്ങളോടു ദൈവതിരുമനസ്സിനു അനുയോജ്യമായ വിധത്തിൽ അതായതു, പിതാവു സാക്ഷാൽ പിതാവിൻെറ നിലയിലും, മാതാവു സാക്ഷാൽ മാതാവിൻെറ നിലയിലും പെരുമാറുന്നതിനു ഇതു അ

വക്കു വളരെ ഉപകരിക്കും. അവർ ഈ കണ്ണുനീരുകളുടെ താഴ്വരയിൽ കേവലം ദരിദ്രാവസ്ഥയിൽ തന്നെ ആയിരുന്നാലും, തങ്ങളുടെ സ്നേഹമസൃണമായ പെരുമാററത്താലും നിരന്തരമായ പരിചരണത്താലും ഒരു വിധത്തിൽ തങ്ങളുടെ കുട്ടികൾക്കു കുടുംബത്തെ ഒരു പറുദീസാ— മനുഷ്യവർഗ്ഗത്തിന്റെ ആദിമാതാപിതാക്കന്മാക്കു വാസസ്ഥലമായി സ്രഷ്ടാവു കല്പിച്ചുകൊടുത്ത ആ സന്തോഷ പറുദീസാ—യുടെ ഒരു പ്രതിഛായ ആക്കിത്തീർക്കാവുന്നതാണു്. ഇങ്ങനെ ചെയ്യുന്നതായാൽ തങ്ങളുടെ കുട്ടികളെ ഉത്തമ പൌരന്മാരും ഉത്തമക്രിസ്ത്യാനികളുമായി വളർത്താൻ സാധിക്കും. തദ്വാരാ കത്തോലിക്കാ സഭയേപ്പററിയുള്ള ഒരു ശരിയായജ്ഞാനം അവരിൽ ക്രമേണ ദൃഢമൂലമായിത്തീരും; സ്വദേശസ്നേഹസമൃദ്ധമായ ഒരു ചൈതന്യവിശേഷം അവരിൽ അങ്കുരിച്ചു കൃതജ്ഞതാസമന്വിതമായ മാതൃരാജ്യസേവനത്തിനു അവരെ സമർത്ഥന്മാരുമാക്കും.

ആകയാൽ, പരിപാവനമായ ദാമ്പത്യജീവിതത്തെ ഭാവിയിൽ അവലംബിക്കുന്നതിനു വിചാരിക്കുന്നവരും, യുവജനങ്ങളുടെ ക്രിസ്തീയ വിദ്യാഭ്യാസ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരും, കാര്യങ്ങളുടെ ഗൌരവാവസ്ഥയെ വേണ്ടവണ്ണം ഗ്രഹിച്ചുകൊണ്ടു ശുഭാവഹങ്ങളായവയെ സജ്ജീകരിക്കയും ശുഭേതരങ്ങളായവയെ ദൂരീകരിക്കയും ചെയ്യട്ടെ. വിദ്യാഭ്യാസത്തെ അധികരിച്ചു നാം കുറേമുമ്പു പ്രസിദ്ധംചെയ്ത ലേഖനത്തിൽ ചെയ്തിട്ടുള്ള പ്രസ്താവനകളെ അനുസ്മരിക്കുന്നതുകൊള്ളാം. "മനസ്സിന്റെ ചാച്ചിലുകൾ ചീത്തയിലേക്കാണെങ്കിൽ അവയെ ചെറുപ്പംമുതല്ക്കേ നിരോധിക്കണം. നന്മയിലേക്കാണെങ്കിൽ അവയെ പോഷിപ്പിക്കണം. എന്നാൽ പ്രത്യേകം കുട്ടികളുടെ മനസ്സു ദൈവത്തെ സംബന്ധിച്ചുള്ള ഉപദേശങ്ങളാൽ സുശിക്ഷിതമാക്കപ്പെടുകയും വേണം. ഈ വരപ്രസാദംകൂടാതെ സ്വന്ത ദുരാഗ്രഹങ്ങളെ അമർത്തുന്നതിനു ആർക്കും സാധിക്കയില്ല. അതുപോലെതന്നെ അവരുടെ ശിക്ഷണത്തെയും രൂപീകരണത്തെയും പരിപൂർണ്ണമാക്കുന്നതിനു സഭയ്ക്കും— മനുഷ്യരുടെ സമർത്ഥയായ ഉപദേഷ്ടാവു എന്ന നിലയിൽ സ്വർഗ്ഗീയ ബോധനങ്ങളാലും ദൈവിക കൃദാശകളാലും ക്രിസ്തുവിനാൽ സമ്പന്നയാക്കപ്പെട്ടിരിക്കുന്ന സഭയ്ക്കും— സാധിക്കയില്ല തന്നെ."

## വധൂവരന്മാരുടെ തെരഞ്ഞെടുപ്പ്.

ഒരു സഹകാരിയെ തെരഞ്ഞെടുക്കുന്ന വിഷയത്തിൽ പ്രയോഗിക്കുന്ന സൂക്ഷ്മത വിവാഹം ശുഭപര്യവസായിയാകുന്നതിനുള്ള അടുത്ത ഒരുക്കത്തിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്നു. എന്തുകൊണ്ടെന്നാൽ വിവാഹത്തിന്റെ ശുഭാശുഭങ്ങൾ ഏറിയ ക്രും ഇതിനെ ആശ്രയിച്ചു നിൽക്കുന്നു. കക്ഷികളിൽ ഒരാൾ മറ്റെയാളിനു ക്രിസ്തീയജീവിതം നയിക്കുന്നതിനു ഒന്നുകിൽവലിയ ഒരു തുണ, അല്ലെങ്കിൽ, നേരേമറിച്ചു വലിയ ആപത്തും പ്രതിബന്ധവും ആയിത്തീരാം എന്നുള്ളതാണ് ഇതിന്റെ കാരണം. വിവേകഹീനമായ വിവാഹത്തിൽ നിന്നുളവാകുന്ന അനത്ഥങ്ങളെക്കുറിച്ചുള്ള വിലാപത്തിൽ ആയുശ്ശേഷം കഴിക്കുന്നതിനു ഇടവരാതിരിക്കുന്നതിനു വേണ്ടി ദാമ്പത്യജീവിതത്തെ അവലംബിക്കാൻ പോകുന്ന ആളുകൾ, മേലാൽ തങ്ങൾ ആരോടുകൂടെ ഒരുമിച്ച് എന്നും ജീവിക്കേണ്ടിയിരിക്കുന്നുവോ ആ ആളിനെ തെരഞ്ഞെടുക്കുന്ന കായ്യത്തിൽ വേണ്ട സൂക്ഷ്മത്തോടുകൂടെ കഴിയുന്നത്ര നല്ലവണ്ണം പയ്യാലോചിക്ക തന്നെ വേണം. അവരുടെ ഈ പയ്യാലോചനയിൽ പ്രഥമസ്ഥാനം നൽകേണ്ടതു ദൈവത്തിനും ക്രിസ്തുവിന്റെ സത്യമതത്തിനുമാണ്. അതുകഴിഞ്ഞിട്ടു വേണം തങ്ങളുടെയും, സഹകാരിയുടെയും, ഭാവിയിലുണ്ടാകുവാനിരിക്കുന്ന സന്താനത്തിന്റെയും എന്നതുപോലെതന്നെ കുടുംബത്തിന്റെയും സമുദായത്തിന്റെയും— ഇവയുടെ ഉല്പത്തിസ്ഥാനം ദാമ്പത്യബന്ധമാണല്ലോ—കായ്യം ആലോചനയ്ക്കു എടുക്കുവാൻ. അവരുടെ ഈ തെരഞ്ഞെടുപ്പു ക്രിസ്തീയ വിവേകത്തിനു അനുയോജ്യമായ വിധത്തിലും മോഹാഗ്നിയുടെ അന്ധവും നിരങ്കുശവുമായ പ്രചോദനത്താലോ, മറേറതെങ്കിലും അധമമായ പ്രേരണകൾകൊണ്ടോ അല്ലാതെയും, യഥാത്ഥവും വിശിഷ്ടവുമായ പ്രേമത്താലും ഭാവി വധുവിനോടു അല്ലെങ്കിൽ വരനോടു നിർവ്യാജമായ അനുരാഗപൂവ്വവും നടത്തപ്പെടുന്നതിനു ദൈവസഹായം ലഭിക്കുന്നതിനായിട്ടു അവർ നിരന്തരം പ്രാത്ഥിക്കട്ടെ. കൂടാതെയും, വിവാഹബന്ധത്തിൽ ഏപ്പെട്ട ശേഷം അവരുടെ പരിശ്രമം ആ അന്തസ്സിനു ദൈവം കല്പിച്ചു നിശ്ചയിച്ചിരിക്കുന്ന ലക്ഷ്യപ്രാപ്തിക്കായിട്ടായിരിക്കണം. ഇനി കടശി പറയാനുള്ളതു ഇതാണ്: ഭാവി വധുവിനെ അല്ലങ്കിൽ വരനെ സംബ

ന്ധിച്ചു അവർ തങ്ങളുടെ മാതാപിതാക്കന്മാരുടെ വിവേകപൂർവ്വമായ ആലോചന ചോദിക്കുന്നതിൽ ഒട്ടും മടി കാണിക്കരുതു്; ഈ ആലോചനയെ വലിയകാര്യമായിത്തന്നെ ഗണിക്കണം; ഇങ്ങനെ പ്രവർത്തിക്കുന്നതായാൽ മാതാപിതാക്കന്മാരുടെ പരിപക്വമായ ജ്ഞാനവും ലോകപരിചയവും ദുർന്നിവാരമായ ഒരുപ്രമാദം തങ്ങൾക്കു പററാതിരിക്കാൻ പ്രയോജകീഭവിക്കുകയും, വിവാഹജീവിതത്തിന്റെ കവാടത്തിങ്കൽവച്ചുതന്നെ, "നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിക്ക" എന്നആനാലാം പ്രമാണത്തിന്റെ- "നിനക്കു സർവ്വവും ശുഭമായി ഭവിക്കുന്നതിനും നീ ഭൂമിയിൽ ദീർഘായുഷ്മാനായിരിക്കുന്നതിനും" എന്ന ഒരു വാഗ്ദാനത്തോടുകൂടി നൽകപ്പെട്ട ആ പ്രമാണത്തിന്റെ- ആശീർവ്വാദങ്ങളെ അവർ ധാരാളം പ്രാപിക്കയും ചെയ്യും.

## സാമ്പത്തികമായ സംരക്ഷണം.

ദൈവപ്രമാണാനുഷ്ഠാനവും ദാമ്പത്യചാരിത്ര്യവും പൂർണ്ണമായി പാലിക്കുന്നതിനു ദാമ്പത്യജീവിതക്കാർക്കു ദാരിദ്ര്യം വലിയ ഒരു പ്രതിബന്ധമായി നിൽക്കുന്നു എന്നുള്ളതു ഒട്ടും അപൂർവ്വമല്ലാത്തതിനാൽ അവരുടെ ആവശ്യങ്ങളിൽ കഴിയുന്നത്ര സഹായം നൽകേണ്ടതാണു്. തന്നിമിത്തം പ്രഥമമായി തന്നെ നമ്മുടെ മുൻഗാമിയായ 13-ാം ലെയോൻ പാപ്പാ പണ്ടേതന്നെ ആവശ്യപ്പെട്ടിട്ടുള്ള ആ കാര്യം സുസാധ്യമാകുന്നതിനു ശ്രമിക്കണം. ഏതു രാജ്യത്തേയും സാമ്പത്തികവും സാമുദായികവുമായ വ്യവസ്ഥകൾ എല്ലാ ഗൃഹനായകന്മാർക്കും അവരവരുടെ ജീവിതപദവിയനുസരിച്ചു പുത്രകളത്രാദികളെ സംരക്ഷിക്കുന്നതിനു വേണ്ടവ സുലഭമാകത്തക്കവിധത്തിൽ നിർമ്മിതങ്ങളായിരിക്കണം. എന്തുകൊണ്ടെന്നാൽ 'വേലചെയ്യുന്നവനു തക്കക്കൂലി ലഭിക്കാൻ അർഹതയുണ്ടു്, ഇതിനെ നിഷേധിക്കയോ നിസ്സാരീകരിക്കയോ ചെയ്താൽ അതു ഒരു വലിയ അനീതിയാണു്; വി. ലിഖിതം കഠിനതമങ്ങളായ പാപങ്ങളുടെ കൂട്ടത്തിൽ ഇതിനെ എണ്ണുന്നു. ഒരു കുടുംബത്തെ അതിന്റെ പരിതസ്ഥിതികളനുസരിച്ചു സംരക്ഷിച്ചുകൊണ്ടുപോകുവാൻ മതിയാകാത്ത വിധത്തിൽ തീരെ തുച്ഛമായ ശമ്പളം നൽകുന്നതും നീതിക്കു ഒട്ടും യോജിച്ചതല്ല. വധൂവരന്മാർ വിവാഹബന്ധത്തിൽ ഏ

പ്പെടുന്നതിനു വളരെ മുമ്പേതന്നെ വിഷമതകളേയും ദാരിദ്ര്യത്തേയും ദൂരീകരിക്കുന്നതിനു അല്ലെങ്കിൽ തീരെ കുറഞ്ഞപക്ഷം ലഘൂകരിക്കുന്നതിനു ജാഗരൂകരായിരിക്കണം. ഇതു ഫലപ്രദമായും ധമ്മലോപം കൂടാതെയും സാധിക്കേണ്ടതു് എങ്ങനെയെന്നു ഈ വിഷയങ്ങളിൽ പരിചയം സിദ്ധിച്ചിട്ടുള്ളവരിൽനിന്നു ഗ്രഹിക്കയും വേണം. സ്വയസംരക്ഷണത്തിനു അവരെക്കൊണ്ടു തന്നെ മതിയാകയില്ലെന്നു കണ്ടാൽ ഒരേ തൊഴിലിൽ ഏപ്പെട്ടിരിക്കുന്നവർ ഒരുമിച്ചുചേന്നു ഗവമ്മെണ്ടിനാൽ അംഗീകൃതമായതോ സ്വകാര്യനിലയിലുള്ളതോ ആയ സമാജങ്ങൾ സ്ഥാപിച്ചു സംഗതി ശരിപ്പെടുത്താൻ ശ്രമിക്കണം. നാം ചൂണ്ടിക്കാണിച്ചിരിക്കുന്ന ഈ മാഗ്ഗങ്ങൾ പ്രയോഗത്തിൽ വരാത്തപ്പോൾ അധികം അംഗങ്ങൾ ഉള്ളതോ അല്ലെങ്കിൽ കൂടുതൽ ദരിദ്രാവസ്ഥയിൽ വലയുന്നതോ ആയ കുടുംബങ്ങളുടെ ആവശ്യങ്ങൾ നിവ്വഹിക്കുന്നതിനു പയ്യാപ്തമല്ലാതെ വരുമ്പോൾ, അഗതികളുടെ ആവശ്യങ്ങളെ നിവൃത്തിച്ചുകൊടുക്കുക എന്നതു ക്രിസ്തീയ പരസ്നേഹത്തിൻെറ ചുമതലയാണു്. ആകയാൽ ധനവാന്മാർ ദരിദ്രന്മാരെ സഹായിക്കാൻ കടപ്പെട്ടിരിക്കുന്നു. അവൎക്കു ധാരാളമായുള്ള ലൌകിക സമ്പത്തുകളെ അനാവശ്യമായി വ്യയം ചെയ്യാതെ, ജീവസന്ധാരണത്തിനു അവശ്യാവശ്യങ്ങളായവ പോലുമില്ലാതെ വിഷമിക്കുന്നവരുടെ സുഖക്ഷേമാദികൾക്കായി അവയെ വിനിയോഗിക്കണം. നിർദ്ധനന്മാരിൽ മിശിഹാക്കു് ദാനം ചെയ്യുന്നവൎക്കു് കത്താവു ലോകത്തെ വിധിക്കാൻ വരുമ്പോൾ വളരെ ഉദാരമായ പ്രതിസമ്മാനം നൽകും. ഇതിനു വിപരീതമായി പ്രവത്തിക്കുന്നവർ ശിക്ഷിക്കപ്പെടും. ആകയാൽ സകാരണമാണു അപ്പോസ്തോലൻ ഈ വിധം ഗുണദോഷിക്കുന്നതു: "ഈ ലോകസമ്പത്തുള്ള യാവനൊരുത്തൻ തൻെറ സഹോദരൻ ദരിദ്രാവസ്ഥയിൽ ഇരിക്കുന്നതായി കണ്ടിട്ടു അവനിൽനിന്നു അനുഗ്രഹകവാടത്തെ അടച്ചുകളയുന്നപക്ഷം ദൈവസ്നേഹം എങ്ങിനെ അയാളിൽ അധിവസിക്കും?"

(1. യോഹ. iii 17)

**ആവശ്യമുള്ളടത്തു പൊതുമുതൽകൊണ്ടു സഹായിക്കണം.**

എന്നാൽ അനധികാരികങ്ങളായ വിത്തസാമഗ്രികൾപോ

രാതെ വരുന്നപക്ഷം വ്യക്തിപരമായ പരിശ്രമത്തിൻെറ ക്ഷീണശക്തിയെ പോഷിപ്പിക്കേണ്ടതു ഗവമ്മെണ്ടധികാരികളുടെ ധമ്മമാണ്. വിവാഹിതരുടെയും കുടുംബത്തിൻെറയും സംരക്ഷണം പോലെ പൊതുജനക്ഷേമത്തെ ഇത്രസാരമായ വിധത്തിൽ ബാധിക്കുന്ന ഒരു വിഷയത്തിൽ ഇതു അത്യന്താപേക്ഷിതമാണ്. കുടുംബങ്ങൾക്കും, അതും പ്രത്യേകം സന്താനബഹുലങ്ങളായ കുടുംബങ്ങൾക്കു അധിവാസയോഗ്യമായ വസതികൾ സുലഭമല്ലാതെ വന്നാൽ, ഭത്താവിനു ജോലിയും ജീവസന്ധാരണമാൎഗ്ഗവും കിട്ടുന്നില്ലെങ്കിൽ നിത്യവൃത്തിക്കത്യാവശ്യകങ്ങളായ സാധനങ്ങൾ വാങ്ങുന്നതിനു അമിതമായ വില കൊടുക്കേണ്ടതായി വന്നാൽ, ഗൃഹഭരണവിഷയത്തിൽ വലുതായ വീഴ്ച വരുത്തിക്കൊണ്ടു ഗൃഹനായിക പുറത്തുപോയി ജോലിചെയ്തു കൂലി സമ്പാദിക്കാൻ നിർബന്ധിതയായാൽ അവൾക്കു പ്രസവകാലത്തെ സാധാരണവും അസാധാരണവുമായ വേദനകളിൽ ഉചിതമായ ഭക്ഷണങ്ങളും ഔഷധങ്ങളും സമത്ഥന്മാരായ വൈദ്യന്മാരുടെ സഹായവും ലഭ്യമാകുന്നില്ലെങ്കിൽ വിവാഹിതരായ ആളുകൾ നിരാശാഗത്തത്തിൽ എത്രയധികം ആണ്ടുപോകുമെന്നും ഗൃഹജീവിതവും ദൈവപ്രമാണങ്ങളുടെ അനുഷ്ഠാനവും എത്രമാത്രം വിഷമകരമായി ഭവിക്കുമെന്നും കാണാത്തവരായി ആരാണുള്ളത്? ഈദൃശന്മാരായ ആളുകൾ ഇങ്ങനെ നിരാശാകൂപത്തിൻെറ അഗാധത്തിൽ എത്തിയാൽ പിന്നെ എന്തുതന്നെ വന്നാലും തങ്ങൾക്കു ഒരു നഷ്ടത്തിനും ഇടയില്ലെന്നും, പ്രസ്തുത ഗവമ്മെണ്ടുകളെയും നടപ്പിലിരിക്കുന്ന സമ്പ്രദായങ്ങളേയും തല്ലിത്തകക്കുന്നതുകൊണ്ടു് തങ്ങൾക്കു ലാഭത്തിനെ വകയുള്ളു എന്നും ഉള്ള പ്രത്യാശയാൽ പ്രേരിതരായിത്തീരാവുന്നതാണു്. പൊതുജനക്ഷേമൈശ്വൎയ്യാദികൾക്കും സമുദായജീവിതത്തിനു തന്നെയും ഈ ദുരവസ്ഥ വരുത്തിക്കൂട്ടുന്ന വിപത്തു എത്രയും ഭീമമായിരിക്കും.

തന്നിമിത്തം രാജ്യഭാരധുരന്ധരന്മാരും പൊതുജനക്ഷേമപാലകരും വിവാഹിതരായ ആളുകളുടെയും അവരുടെ കുടുംബങ്ങളുടെയും ആവശ്യങ്ങളെ വിസ്മരിച്ചുകളയുന്നതായാൽ, അതുരാജ്യത്തിനും ജനസാമാന്യത്തിൻെറ ശ്രേയസ്സിനും വളരെ ഹാനികരമായി പരിണമിക്കാതിരിക്കയില്ല. ആകയാൽ നിയമനിമ്മാണം പൊതുസ്വത്തിൻെറ വിനിയോഗം എന്നിതുകളിൽ അഗതികളു

ടെ ദാരിദ്ര്യനിവാരണത്തിനായി കഴിയുന്നത്ര ശ്രമിക്കണം. ഈ വിഷയം ഭരണനിർവ്വഹണത്തിൽ അവക്കുള്ള സർവ്വപ്രധാനമായ ധർമ്മമായിത്തന്നെ ഗണിക്കണം. എന്നാൽ ഈയിടെ പലപ്പോഴും കാര്യങ്ങളുടെ ഗതി ശരിയായ ക്രമംവിട്ടു പ്രതിലോമാവസ്ഥയേ അവലംബിക്കുന്നതായി കാണുന്നു എന്നു സവ്യഥം പറയേണ്ടിയിരിക്കുന്നു. ഉദാരമായ സഹായം നൽകപ്പെടുന്നതു അവിവാഹിതയായ മാതാവിനും ജാരജാതമായ സന്താനത്തിനുമാണ് (ഉപരിദോഷനിവാരണാർത്ഥം ഇവരെ സഹായിക്കുതന്നെവേണം.) എന്നാൽ ധർമ്മപത്നിമാരായ മാതാക്കൾക്ക് ഈ ഉദാരസഹായം തീരെ നിഷേധിക്കപ്പെടുകയോ, അഥവാ അല്പമായി മാത്രം, മിക്കവാറും മനസ്സില്ലാമനസ്സോടെ, നൽകപ്പെടുകയോ ചെയ്തുവരുന്നതായി കാണുന്നു.

## സദാചാരസംരക്ഷണം.

എന്നാൽ, വന്ദ്യസഹോദരരേ, വിവാഹവും കുടുംബവും സുസ്ഥാപിതമാക്കിച്ചെയ്യു എന്നുള്ള രാഷ്ട്രാധികാരികളുടെ കടമ കേവലം ലൌകികനന്മകളെ മാത്രമല്ല, ആത്മികനന്മകളെക്കൂടെയും സ്പർശിക്കുന്നു എന്നു പറയേണ്ടിയിരിക്കുന്നു. ഉദാഹരണമായി പറഞ്ഞാൽ ചാരിത്ര സംരക്ഷണത്തിനും ദമ്പതിമാരുടെ പരസ്പര സഹായത്തിനും ഇതുപോലെയുള്ള മററു കാര്യങ്ങൾക്കും പര്യാപ്തമായ ധർമ്മനിയമങ്ങൾ ഏർപ്പെടുത്തി അവയുടെ വിശ്വസ്തമായ അനുവർത്തനത്തെ ഊർജ്ജിതപ്പെടുത്തണം. എന്തുകൊണ്ടെന്നാൽ ചരിത്രം സാക്ഷിക്കുന്നതിനുമപ്പുറം രാജ്യങ്ങളുടെ ഐശ്വര്യവും പൌരന്മാരുടെ ഐഹികസുഖക്ഷേമാദികളും ധാർമ്മിക സംവിധാനത്തിന്മേലാണ് അധിഷ്ഠിതമായിരിക്കുന്നതു്. ഈ അടിസ്ഥാനം ദുർബലീകൃതമാകയോ,അഥവാ രാഷ്ട്രത്തിൻെറ യോനിസ്ഥാനം തന്നെ ആയിരിക്കുന്ന ദാമ്പത്യബന്ധവും കുടുംബവും പൌരന്മാരുടെ ദുർന്നടത്തകളാൽ നിരോധിക്കപ്പെടുകയോ ചെയ്യുന്നപക്ഷം പ്രസ്താവിത ക്ഷേമൈശ്വര്യങ്ങൾ സ്ഥിരവും ദൃഢവുമായി നില്ക്കയില്ല. ഈ ധാർമ്മിക സംവിധാനത്തിൻെറ പാലനത്തിൽ ലൌകികശക്തിയുടെ നിയമങ്ങളോ അനുശാസനങ്ങളോ കൊണ്ടു മതിയാകയില്ല. അതുപോലെതന്നെ സുകൃതത്തിൻെറ നിസർഗ്ഗസുന്ദരത്വമോ അതിനെ പരിശീലിക്കേണ്ടതിൻെറ ആവശ്യകതയെപ്പററിയുള്ള പ്രതിപാദനമോ കൊണ്ടും മ

തിയാകയില്ല. ഒരു മതാത്മകമായ അധികാരം ആവിർഭവിച്ചു സത്യത്തിൻെറ പ്രകാശം നൽകുകയും, മനസ്സിനെ നിയന്ത്രിക്കുകയും ദൈവവരംകൊണ്ടു മനുഷ്യബലഹീനതയെ ശക്തീകരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഏതാദൃശമായ ഏകാധികാരം മിശിഹാ സ്ഥാപിച്ച സഭമാത്രമാണുതാനും. ഈ കാരണത്താൽ രാജ്യഭരണയന്ത്രനിയന്താക്കന്മാരായ എല്ലാവരേയുംനാം അഭിനിവേശപൂർവ്വംകത്താവിൽ ഉൽബോധിപ്പിക്കുന്നതു് അവർക്രിസ്തുവിൻെറ സഭയുമായി സ്നേഹഭാവവും മൈത്രിബന്ധവും സ്ഥാപിച്ചു സുദൃഢമായി പാലിച്ചുകൊണ്ടു്, ഉഭയശക്തികളുടേയും ഏകീകൃതമായ പ്രവത്തനവും പ്രഭാവവും മൂലം, രാഷ്ട്രത്തേയും സഭയേയും ഒരുപോലെ തജ്ജനംചെയ്യുന്ന ഭയങ്കരങ്ങളായ തിന്മകളേ= വിവാഹത്തേയും കുടുംബത്തേയും ഒരുമിച്ചു ആക്രമിക്കുന്ന അനിയന്ത്രിതമായ സ്വാതന്ത്ര്യത്തിൻെറ ഫലങ്ങളെ- പ്രതിരോധിക്കണമെന്നാണു്.

## രാഷ്ട്രത്തിനു സഭയോടു യോജിച്ചു പ്രവത്തിക്കാം.

സഭയുടെ മഹത്തായ ഈ കൃത്യനിർവഹണത്തിൽ സഹകരിച്ചുകൊണ്ടു രാഷ്ട്രനിയമങ്ങൾക്കു പ്രവത്തിക്കാവുന്നതാണു്. ഇതിനു അവ ചെയ്യുന്ന നിർദ്ദേശങ്ങളിൽ, ദൈവത്തിൻെറയും സഭയുടെയും പ്രമാണങ്ങൾ ആജ്ഞാപിക്കുന്നവയെക്കൂടി കാര്യമായി ഗണിച്ചുകൊണ്ടു ഇവയെ ലംഘിക്കുന്നവരെശിക്ഷാർഹരാക്കിയാൽ മാത്രംമതി. എന്തുകൊണ്ടെന്നാൽ ചിലരുടെവിചാരം രാഷ്ട്രനിയമങ്ങൾ അനുവദിക്കുന്നവ, അഥവാ തീരെ കുറഞ്ഞപക്ഷം ശിക്ഷായോഗ്യമായി വിധിക്കാത്തവ എല്ലാംതന്നെ സദാചാരനിയമങ്ങളാലും അനുവദിക്കപ്പെടുന്നു എന്നാണു്. ഇവർ ദൈവത്തെ ഭയപ്പെടുന്നുമില്ല, മനുഷ്യൻെറ നിയമങ്ങളെ ഭയപ്പെടാൻ കാരണവും കാണുന്നില്ല. അതുകൊണ്ടു തങ്ങളുടെ മനസ്സാക്ഷിക്കുകൂടെയും വിരുദ്ധമായി പ്രവത്തിക്കുന്നു. ഇങ്ങനെ അവർ തങ്ങൾക്കും ഇതരന്മാക്കും പലപ്പോഴും നാശഹേതുക്കളായി ഭവിക്കുന്നു. എന്നാൽ സഭയുമായി സഹകരിക്കുന്നതുകൊണ്ടുരാഷ്ട്രത്തിൻെറ അവകാശങ്ങൾക്കും പൂർണ്ണതയ്ക്കും വല്ല ഹാനിയോ ന്യൂനതയോ നേരിടുമെന്നു ഭയപ്പെടേണ്ട ആവശ്യം ഒട്ടുംതന്നെ ഇല്ല. ഈ ആശങ്കയ്ക്കും ഭീതിക്കും ഒരടിസ്ഥാനവുമില്ലെന്നു 13-ാം ലെയോൻ പാപ്പായുടെ ഈ വാക്യങ്ങൾ വ്യക്തമാക്കുന്നു. "സഭാ

സ്ഥാപകനായ ഈശോമിശിഹാ തിരുമനസ്സായിരിക്കുന്നതു ആ
ത്മീയാധികാരം രാഷ്ട്രാധികാരത്തിൽനിന്നു ഭിന്നവും, ഓരോ
ന്നും അതാതിൻെറ ജോലിചെയ്യുന്ന കാൎയ്യത്തിൽ അനധീനവും
അപ്രതിഹതവും ആയിരിക്കണമെന്നും, പരസ്പരം ഏകോപിച്ചു
പ്രവൎത്തിക്കുന്നതു ഇരുകൂട്ടൎക്കും നല്ലതും എല്ലാവൎക്കും പ്രയോജന
കരവുമാണെന്നുള്ള വസ്തുത വിസ്മരിക്കരുതെന്നുമാണ്. രാഷ്ട്രാ
ധികാരം മൈത്രീഭാവത്തിൽ സഭാധികാരത്തോടു യോജിക്കുന്ന
തായാൽ ഉഭയകക്ഷികൾക്കും അതു വളരെ ഉപകാരപ്രദമാ
യിരിക്കുമെന്നുള്ളതു തീർച്ചയാണ്. ഇങ്ങനെ ചെയ്താൽ രാഷ്
ട്രാധികാരത്തിൻെറ മഹിമ വൎദ്ധമാനമാകയും, മതം മാൎഗ്ഗദൎശി ആ
യിരിക്കുന്ന കാലത്തോളം അനീതിപരമായ ഭരണം ഒരിക്കലും ഉ
ണ്ടാകാതിരിക്കയും ചെയ്യും. സഭയ്ക്കോ എന്നാൽ വിശ്വാസിക
ളുടെ, പൊതുഗുണത്തിനായി പ്രവൎത്തിക്കുന്നതിനുതകുന്ന ഒരു
സംരക്ഷണം കൈവരുന്നതുമാണ്."

ഈയിടെ സംഭവിച്ച ഒരു മഹത്തായ ദൃഷ്ടാന്തം എടു
ത്തുകാണിക്കാം. തിരുസിംഹാസനവും ഇററലിയുമായി ചെയ്യ
പ്പെട്ട ആ ശുഭോദൎക്കമായ ഉടമ്പടിയിൽ വിവാഹത്തെ സം
ബന്ധിക്കുന്ന വിഷയങ്ങളിലും ഇററാല്യൻ ജനതയുടെ പ്രശ
സ്തമായ ചരിത്രത്തിനും അതിൻെറ പുരാതനവും പവിത്രവുമാ
യ പാരമ്പൎയ്യങ്ങൾക്കും അനുരൂപമായ വിധത്തിലുള്ള ഒരു സ
മാധാനപരമായ തീരുമാനവും മിത്രോചിതമായ സഹകരണ
വും സംസിദ്ധമായിട്ടുണ്ടു്. ഇതു ശരിയായ ക്രമത്തിനും ക്രിസ്തു
വിൻെറ പ്രമാണങ്ങൾക്കും പൂൎണ്ണമായി യോജിച്ചതു തന്നെയാ
ണ്. ഈ വ്യവസ്ഥകൾ ലാത്തറാൻ ഉടമ്പടിയിൽ ഇങ്ങനെ കാ
ണപ്പെടുന്നു. "ഇററലിയിൽ രാഷ്ട്രം കുടുംബത്തിൻെറ അധി
ഷ്ഠാനമായ വിവാഹമെന്ന സ്ഥാപനത്തിൽ, അവിടത്തെ ജന
ങ്ങളുടെ പാരമ്പൎയ്യത്തിനു അനുയോജ്യമായ ഉൽകൃഷ്ടപദം പു
നഃസ്ഥാപിക്കുന്നതിനു ആഗ്രഹിക്കുന്നതിനാൽ വിവാഹം എന്നക്രൂ
ദാശയ്ക്കു കാനൻനിയമസംഹിതയാൽ ദത്തമായിരിക്കുന്ന സമ
സ്തവും സിവിൽനിയമാനുരോധമായി സ്ഥാപിക്കുന്നു."

## സദുപദേശങ്ങൾ പ്രചരിപ്പിക്കണം.

ഈ മൌലിക നിദൎശനത്തോടു അനുബന്ധിച്ച വേറെ
അധികരണങ്ങളും ഇതിനേ തുടൎന്നു ചെയ്യു ഉടമ്പടിയിൽ ചേ

ത്തിട്ടുണ്ട്. നമ്മുടെ ഈ കാലത്തുപോലും— സവ്യഥം പറഞ്ഞുകൊള്ളട്ടെ, രാഷ്ട്രാധികാരം സഭയിൽ നിന്നു നിശ്ശേഷം വേർപെടുത്തണമെന്നു പഠിപ്പിക്കുന്ന ഈ കാലത്തുപോലും— ഒരു പരമാധികാരത്തിനു നിജാവകാശ സ്വാതന്ത്ര്യങ്ങൾക്കു ഒരു ലോപവും കൂടാതെ മറേറതിനോട്ടു യോജിപ്പിലും സഖ്യതയിലും വർത്തിക്കാമെന്നും, ഇങ്ങിനെ ക്രിസ്തീയമാതാപിതാക്കന്മാരെ വിനാശങ്ങളായ ദോഷങ്ങളിൽ നിന്നും വിഭീഷകമായ വിഘാതത്തിൽ നിന്നും സംരക്ഷിക്കാമെന്നും ഉള്ളതിനു ഈ വിഷയം ഏവർക്കും മകുടോദാഹരണവും തെളിവുമായിരിക്കും.

ആകയാൽ വന്ദ്യസഹോദരന്മാരേ, ശ്രേഷ്ഠാചാര്യപരമായ ഉൽക്കണ്ഠയിൽ നിങ്ങളോടുകൂടെ നാം നിരൂപണം ചെയ്യുന്ന ഈ കാര്യങ്ങളെല്ലാം ക്രിസ്തുവിൻെറ വിപുല കുടുംബാംഗങ്ങൾ എന്ന നിലയിൽ നിങ്ങളുടെ സൂക്ഷത്തിനു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന നമ്മുടെ വാത്സല്യമക്കളായ എല്ലാവരുടെയും ഇടയിൽ ക്രിസ്തീയ വിവേകത്തിൻെറ തത്വമനുസരിച്ചു പ്രചരിപ്പിക്കണമെന്നും ഇങ്ങനെ യാവരും വിവാഹത്തെ സംബന്ധിച്ചുള്ള യഥാർത്ഥോപദേശത്തെ പൂർണ്ണമായി ഗ്രഹിച്ചുകൊണ്ടു വ്യാജോപദേഷ്ടാക്കൾ വരുത്തിക്കൂട്ടുന്ന ആപത്തുകളിൽ നിന്നു ഒഴിയുന്നതിനും, സർവ്വപ്രധാനമായി, "ഭക്തിരാഹിത്യത്തെയും പ്രാപഞ്ചിക മോഹങ്ങളെയും ത്യജിച്ചുകൊണ്ടു സുബോധത്തോടും നീതിയോടും ഭക്തിയോടും കൂടി ഈ ലോകത്തിൽ ജീവിപ്പാനും, പരമദൈവത്തിൻെറയും നമ്മുടെ രക്ഷകനായ ഈശോമിശിഹായുടെയും ഭാഗ്യപ്പെട്ട ശരണവും മഹത്വമുള്ള ആഗമനവും പ്രതീക്ഷിച്ചുകൊണ്ടു ജീവിപ്പാനും" (Tit. II. 11–12) ഇടയാകണമെന്നാണു നമ്മുടെ അഭിവാഞ്ഛ.

"ആകാശത്തിലും ഭൂമിയിലും സമസ്തപിതൃധർമ്മവും ആരിൽനിന്നു നാമകരണം ചെയ്യപ്പെടുന്നുവോ, ദുർബലന്മാരേ ബലവാന്മാരും, ഭീരുഹൃദയന്മാരേയും അശക്തന്മാരേയും ധൈര്യവാന്മാരും ആക്കുന്നതാരോ, ആ സർവ്വശക്തനായ പിതാവും" വി. കൂദാശകളുടെ സ്ഥാപകനും പൂർണ്ണതാദാതാവും, വിവാഹം തനിക്കു സഭയുമായുള്ള അവർണ്ണനീയമായ ഐക്യതയുടെ നിഗൂഢപ്രതിച്ഛായ ആകുന്നതിനും ആക്കുന്നതിനും തിരുമനസ്സായവനും നമ്മുടെ കർത്താവും രക്ഷകനുമായ മിശിഹായും; ദൈവസ്നേഹവും ഹൃദയങ്ങളുടെ പ്രകാശവും മനസ്സിൻെറ പ്രഭാവവും ആകുന്ന പരി

ശുദ്ധാത്രുപിയും, നാം വിവാഹമെന്ന വിശുദ്ധ ക്രൂദാശയെ അധികരിച്ചു ഈ ലേഖനദ്വാരാ വിശദീകരിച്ചിട്ടുള്ളവയും, അതിനെ സംബന്ധിച്ചുള്ള ദൈവത്തിന്റെ അത്ഭുതകരമായ പ്രമാണവും തിരുമനസ്സും, പ്രമാദങ്ങളും, അത്യാസന്ന വിപത്തുകളും, അവയെ നിവാരണം ചെയ്യാനുള്ള പ്രതിവിധികളും എല്ലാവരും ഗ്രഹിക്കുന്നതിനും സന്നദ്ധമനസ്കരായി സ്വീകരിക്കുന്നതിനും ദൈവവരത്തിന്റെ സഹായത്താൽ പ്രവൃത്തിയിൽ വരുത്തുന്നതിനും, ഇങ്ങനെ ദൈവത്തിനു പ്രതിഷ്ഠിതമായിരിക്കുന്ന ഫലദായകത്വം ക്രിസ്തീയ ദാമ്പത്യത്തിൽ ശക്തിമത്തായി വർദ്ധിക്കുന്നതിനും ഇടയുമാറാകട്ടെ. സമസ്ത വരപ്രസാദങ്ങളുടെയും കർത്താവും നല്ല ആഗ്രഹങ്ങളുടെയും പ്രവൃത്തികളുടെയും നിദാനവും ആയിരിക്കുന്ന ദൈവം ഇവയൊക്കെ നിവർത്തിക്കയും അവിടുത്തെ ഔദാര്യത്തിന്റെയും സർവ്വശക്തിത്വത്തിന്റെയും പാരമ്യത്തിൽ ധാരാളമായി നൽകുകയും ചെയ്യുന്നതിനു കനിവുണ്ടാകട്ടെ എന്നു അവിടുത്തെ കൃപയുടെ സിംഹാസനത്തിങ്കൽ നമ്മുടെ തീക്ഷ്ണതാപൂർവ്വമായ പ്രാർത്ഥനയെ സവിനയം സമർപ്പിക്കയും ചെയ്തുകൊള്ളുന്നു. സർവ്വശക്തനായ ദൈവത്തിന്റെ വിപുലാനുഗ്രഹലക്ഷ്യമായി, വന്ദ്യസഹോദരന്മാരേ, നിങ്ങൾക്കും നിങ്ങളുടെ അത്യാസക്തമായ ജാഗരൂകതയ്ക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന വൈദികർക്കും ജനതതിക്കും ശ്ലൈഹികാശിസ്സിനെ നാം സ്നേഹാതിരേകസമന്വിതം നൽകുന്നു.

എന്ന്,

റോമായിൽ വി. പത്രോസിന്റെ ദേവാലയത്തിൽനിന്നും, 1930 ഡിസംബർ 13-ാംനു- നമ്മുടെ ശ്രേഷ്ഠാചാര്യത്വത്തിന്റെ 9-ാംവത്സരം.

൧൧-ാം പീയൂസ് പാപ്പാ.

G.08
CA 19

# ക്രിസ്തീയവിവാഹം

5
EAS.

ആ ന
മായി
പുതിയ
വിയിലേ

Indic Digital Archive Foundation
gpura.org